# അൽ ഹഖ്

AHMADIYYA NEWS BULLETTIN

A PUBLICATION OF MAJLIS KHUDDAM-UL-AHMADIYYA - KERALA | ജനുവരി–ഫെബ്രുവരി 2007 | PRIVATE CIRCULATION



മൂന്നാം പേജിൽ — വാഗ്ദത്ത പരിവർത്തകൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

നാലാം പേജിൽ — ബുഷ് ലോകമഹാ യുദ്ധത്തിന് വട്ടംകൂട്ടുന്നു

ആറാം പേജിൽ — റബ്‌വ ഫസ്‌ലെ ഉമർ ആശുപത്രി ആതുരസേവന രംഗത്ത് ഒരു മാതൃകാ സ്ഥാപനം

ഏഴാം പേജിൽ — പിന്നിട്ട നാളുകൾ — മുഹമ്മദലി മാസ്റ്റർ സാഹിബ്


ഒൻപതാം പേജിൽ — ബർലിൻ പള്ളി എതിർക്കപ്പെടുന്നത്



# ജമാഅത്തിന്റെ സമ്പത്ത് ശ്രദ്ധിച്ച് ചെലവഴിക്കുക

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്)**

നമ്മുടെ ഈമാനെ ശക്തിപെടുത്തുന്നതിനും, അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നതിനും വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ നാം ചേർന്നിരിക്കുന്നു. ഈ സ്നേഹവും ആത്മാർത്ഥതയും നമ്മളിൽനിന്ന് ആവശ്യപ്പെടുന്നത്, പ്രബോധനത്തിനും തർബിയ്യത്തിനുമായി ധനം ആവശ്യം വരുമ്പോൾ ഓരോ അഹ്മദിയും എപ്പോഴും തങ്ങളുടെ പാരമ്പര്യം നിലനിറുത്തിക്കൊണ്ട് ത്യാഗങ്ങളിൽ മുന്നോട്ട് കുതിക്കണം എന്നാണ്. ഇപ്രകാരംതന്നെ പുതിയതായി ജമാഅത്തിൽ ചേർന്നിട്ടുള്ളവരും, തങ്ങളുടെ ആവശ്യങ്ങൾ പുറംനാട്ടിലെ ജമാഅത്തുകൾ നിറവേറ്റിത്തരുമെന്ന് മനസ്സിലാക്കരുത്. തർബിയ്യത്തിലും തബ്‌ലീഗിലും മറ്റു പരിപാടികളിലും ശ്രദ്ധിക്കുന്നതിനായി ഓരോ ജമാഅത്തും തങ്ങളുടെ സ്വന്തം കാലിൽ നില്ക്കണം. അതിനായി ഒരുപാട് ചെലവുകൾ വരുന്നുണ്ട്. ഈ പുരോഗമനകാലഘട്ടത്തിൽ, ഒരു ഭാഗത്ത് കണ്ടുപിടിത്തങ്ങളുടെ പുരോഗതിയാണെങ്കിൽ അതിനോടൊപ്പം ധാർമ്മികാധപതനവും പരമകോടിയിലെത്തിയിരിക്കുകയാണ്. സ്വന്തം മക്കളെ രക്ഷിക്കുന്നതിനും ലോകത്തിന് ശരിയായ വഴി കാണിക്കുന്നതിനും ഒരുപാട് ശ്രമിക്കേണ്ട ആവശ്യമുണ്ട്. ഈ പ്രവൃത്തി നടപ്പിൽ വരുത്തുന്നതിനായി ഫണ്ട് ആവശ്യമുണ്ടെന്ന കാര്യം പ്രകടമാണ്. പണം ആവശ്യമാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അക്കാലഘട്ടത്തിൽ തർബിയ്യത്ത് അഥവാ ശിക്ഷണം ഒരുപാട് ആവശ്യമുണ്ടെന്ന് മനസ്സിലാക്കിയതുപോലെ, ഇക്കാലഘട്ടത്തിൽ ഭൂരി



പക്ഷം ആളുകൾക്കും, പുതിയതായി ബയ്അത്ത് ചെയ്തുവരുന്നവർക്കും വേണ്ടി തയ്യാറാക്കേണ്ട വിശാലമായ പരിപാടികൾ നമുക്ക് ചെയ്യാൻ സാധിക്കുന്നില്ല. ഇതിന് ഒരുപാട് കാരണങ്ങൾ ഉണ്ട്. അതിലൊന്ന്, ധനപരമായ കുറവാണ്. അല്ലാഹു പരിപാടികൾ വ്യാപിപ്പിക്കുകയും കാര്യങ്ങൾ പൂർത്തിയാക്കുകയും ചെയ്യുന്നുണ്ട് എന്നത് ശരിതന്നെ. പക്ഷേ, അവിടെ എത്തുമ്പോൾ ഇതിനേക്കാൾ കൂടുതൽ ചെയ്യാൻ കഴിയുമായിരുന്നുവെന്ന് തോന്നിപ്പോകുന്നു.

മുഅല്ലിമുമാരെ നിയമിക്കേണ്ട ഒരുപാട് ആഫ്രിക്കൻ ജമാഅത്തുകളും ഇന്ത്യൻ ജമാഅത്തുകളുമുണ്ട്. അവിടങ്ങളിൽ വൈദ്യുതിയില്ലാത്ത സ്ഥലങ്ങളിൽ അതിനുള്ള ഏർപ്പാട് ചെയ്ത് എം.ടി.എ സംഘടിപ്പിക്കണം. അത് തർബിയ്യത്തിനുള്ള വളരെ വലിയൊരു മാർഗ്ഗമാണ്. ഇത് കൂടാതെ മറ്റു പരിപാടികളും നടപ്പിൽ വരുത്തണം. ഇതിനായി വൻതുക ആവശ്യമുണ്ട്. ഏറ്റവും ചെലവ് കുറഞ്ഞ മാർഗ്ഗങ്ങൾ ഉപയോഗിച്ചുകൊണ്ട്, കൂടുതൽ കൂടുതൽ ഫലമെടുക്കാൻ ജമാഅത്ത് അല്ലാഹുവിന്റെ കൃപയാൽ ശ്രമിക്കുന്നുണ്ട്. ജീവിതത്തിനുള്ള ഒരു സാധാരണ നിയമമാണിത്. മറ്റുള്ളവർ ഇതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ ഇല്ലേ എന്ന് നമുക്കറിയില്ല. എന്നാൽ, ജമാഅത്ത് ഇതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കുന്നു. അങ്ങനെ തന്നെയാണ് വേണ്ടതും. പരിപാടികൾ ആസൂത്രണം ചെയ്യുന്ന ജമാഅത്തിന്റെ ഭാരവാഹികളും പ്രവർത്തിക്കുന്നവരും, പണം ചെലവഴിക്കുന്നവരും ഇതനുസരിച്ച് ചിന്തിക്കേണ്ടതാണ്. ചിലപ്പോൾ അശ്രദ്ധയുണ്ടാകാറുണ്ട്. അതുകൊണ്ട് ഉത്തരവാദപ്പെട്ടവർ ഇക്കാര്യം എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. ജമാഅത്തിന്റെ ഓരോ പൈസയും ഏതെങ്കിലും ഉദ്ദേശ്യത്തിനായി ചെലവഴിക്കപ്പെടണം. ജമാഅത്തിൽ അധികംപേരും, വലിയ ത്യാഗങ്ങൾ ചെയ്തുകൊണ്ട് ചന്ദ കൊടുക്കുന്ന ദരിദ്രജനങ്ങളാണ്. അതിനാൽ, ഓരോ തലത്തിലും നിസാമെ ജമാഅത്ത് ചെലവുകളെക്കുറിച്ച് സൂക്ഷ്മത പാലിക്കേണ്ടതാണ്. ചെലവാകുന്ന ഓരോ പൈസയും അല്ലാഹുവിന്റെ സംപ്രീതി കരസ്ഥമാക്കാൻ വേണ്ടിയായിരിക്കണം. അല്ലാഹുവിന്റെ സൃഷ്ടികളോടുള്ള സഹതാപത്തിനായി ചെലവഴിക്കണം. ഇൻശാഅല്ലാഹ്. നാം ഈ ആത്മാവോടുകൂടി നമ്മുടെ ചെലവുകൾ നിർവ്വഹിക്കുമ്പോൾ നമ്മുടെ പ്രവർത്ത

(ശേഷം 3–ാം പേജിൽ)

## പ്രൊഫ. മുസഫർ അഹ്മദിന് ഡോക്ടറേറ്റ്



**കണ്ണൂർ സിറ്റി:** സിറ്റി ജമാഅത്തംഗവും മാടായി ആർട്സ് & സയൻസ് കോളേജ് കോമേഴ്സ് വിഭാഗം തലവനുമായ പ്രൊഫ. മുസഫർ അഹ്മദ് സാഹിബിന് ഡോക്ടറേറ്റ് ബിരുദം ലഭിച്ചു. 'കസ്റ്റമർ സർവ്വീസ് ഇൻ കൊമേഴ്സ്യൽ ബാങ്ക്സ്' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഗവേഷണ പ്രബന്ധത്തിനാണ് ആഗ്രയിലെ ഡോ. അംബേദ്ക്കർ യൂനിവേഴ്സിറ്റിയിൽ നിന്നും ഡോക്ടറേറ്റ് ലഭിച്ചത്. കണ്ണൂർ സർവ്വകലാശാലയുടെ കോമേഴ്സ് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനാണ് മുസഫർ അഹ്മദ് സാഹിബ്. ദീർഘകാലം കണ്ണൂർ സിറ്റി ജമാഅത്തിന്റെ പ്രവർത്തക സമിതിയംഗമായിരുന്ന ഇദ്ദേഹം ഇപ്പോൾ മജ്‌ലിസ് അൻസാറുല്ലായുടെ സംസ്ഥാന തജ്‌നീദ് വകുപ്പ് സെക്രട്ടറിയാണ്. കൂടാതെ സംസ്ഥാന പബ്ലിക്കേഷൻ കമ്മിറ്റിയുടെ ധനകാര്യ സെക്രട്ടറി കൂടിയായിണിദ്ദേഹം. ചെറുപ്പം മുതൽതന്നെ അത്ഫാലുൽ അഹ്മദിയ്യായുടെയും ഖുദ്ദാമുൽ അഹ്മദിയ്യായുടെയും സജീവപ്രവർത്തകനായിരുന്ന മുസഫർ അഹ്മദ് സാഹിബിന് ജമാഅത്തുമായി അഗാധമായ ബന്ധമാണുള്ളത്.

## അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത്– ജനങ്ങളെ ഒന്നിപ്പിക്കുന്ന മതസംഘടന: മൊമൊഡു സോമാ ജോബ്

**ഗാംബിയ ജനുവരി 23:** അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇസ്‌ലാമിക പ്രബോധനത്തിലൂടെ ദൈവികസ്നേഹം സ്ഥാപിച്ചുകൊണ്ട് ജനങ്ങളെ ഒരു കുടക്കീഴിൽ ഒന്നിപ്പിക്കാൻ പരിശ്രമിക്കുന്ന ഒരു മതസംഘടനയാണെന്നും അത് ഇസ്‌ലാമിലെ അടിസ്ഥാന പാഠമാണെന്നും ഗാംബിയ 'ലോവർ റിവർ റീജിയൻ' ഗവർണ്ണർ മൊമോഡു സോമ ജോബ് അഭിപ്രായപ്പെട്ടു. ഗാംബിയ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെയും അത്ഫാലുൽ അഹ്മദിയ്യായുടെയും സംയുക്ത ദേശീയ ഇജ്തിമായിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേ

(ശേഷം 5–ാം പേജിൽ)

## "മതവിദ്വേഷം വളർത്തൽ'! – പാക്കിസ്ഥാനിൽ രണ്ട് കുട്ടികളടക്കം അഞ്ചുപേർക്കെതിരെ കേസ്സ്

**കറാച്ചി, ഫെബ്രുവരി 2:** മതവിദ്വേഷം വളർത്തുന്ന കാര്യങ്ങൾ ഉൾക്കൊള്ളുന്ന കുട്ടികളുടെ മാസിക വായിച്ചുവെന്നും അത് വിതരണം ചെയ്തുവെന്നുമുള്ള ആരോപണം ചുമത്തി പാക്കിസ്ഥാൻ പോലീസ് 11 വയസ്സുള്ള ഒരു പെൺകുട്ടിയും 8 വയസ്സുള്ള ആൺകുട്ടിയുമടങ്ങുന്ന അഞ്ചുപേർക്കെതിരെ കേസ്സ് രജിസ്റ്റർ ചെയ്തു. ഇവർക്ക് മുൻകൂർ ജാമ്യം ലഭ്യമായതിനാൽ അറസ്റ്റ് നടത്തിയിട്ടില്ലായെന്ന് പോലീസ് അറിയിച്ചു. ഇത്തരത്തിലുള്ള മാസികകൾ കണ്ടെത്താനുള്ള ശ്രമത്തിലാണ് തങ്ങ

(ശേഷം 5–ാം പേജിൽ)

## ഇന്തോനേഷ്യയിൽ വീണ്ടും വെള്ളപ്പൊക്കം!!



**ജക്കാർത്ത, ഫെബ്രു. 2 :** വെള്ളപ്പൊക്കം മൂലമുള്ള ദുരിതം ഇന്തോനേഷ്യയെ നിരന്തരം വേട്ടയാടുന്നു. പ്രകൃതി ദുരന്തങ്ങൾ ഒന്നിനു പിറകെ മറ്റൊന്നായി ആ രാജ്യത്തെ വലയ്ക്കുകയാണ്. കനത്ത മഴകാരണം പുഴകളെല്ലാം കരകവിഞ്ഞൊഴുകുന്നതിനാൽ ഇന്തോനേഷ്യയുടെ തലസ്ഥാനനഗരമായ ജക്കാർത്തയിലും പരിസരപ്രദേശങ്ങളിലും കനത്ത പ്രളയം സൃഷ്ടിച്ചിരിക്കുകയാണ്. ഇതുവരെ ഏതാനും പേർ മരിക്കുകയും ലക്ഷങ്ങൾ ഭവനരഹിതരാവുകയും ചെയ്തിരിക്കുകയാണ്. കുത്തിയൊഴുകുന്ന വെള്ളവും ഒപ്പം മണലും വീടുകളിലേക്ക് അടിച്ചുകയറിയതായി അവിടെനിന്നുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഇതോടൊപ്പം ഭക്ഷണത്തിനും പാർപ്പിടത്തിനും ബുദ്ധിമുട്ട് അനുഭവപ്പെടുകയും ചെയ്യുന്നുണ്ട്. നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രകൃതി ദുരന്തങ്ങൾ ഇന്തോനേഷ്യൻ ഭരണകൂടത്തെ ഞെട്ടിച്ചിരിക്കുകയാണ്.

## ഡോ. മുസഫർ അഹ്മദ് സാഹിബിനെ അനുമോദിച്ചു



ഫോട്ടോ: അബ്ദുശ്ശാസ്

**കണ്ണൂർ സിറ്റി:** ആഗ്ര അംബേദ്കർ യൂനിവേഴ്സിറ്റിയിൽനിന്നും ഡോക്ടറേറ്റ് ബിരുദം കരസ്ഥമാക്കിയ പ്രൊഫ. പി. മുസഫർ അഹ്മദ് സാഹിബിനെ കണ്ണൂർ സിറ്റി ജമാഅത്ത് അനുമോദിച്ചു. ഇതിനായി ചേർന്ന യോഗത്തിൽ വെച്ച് ജമാഅത്തിന്റെ ഉപഹാരം പ്രൊഫ. മുഹമ്മദ് സാഹിബ് നൽകി. ജമാഅത്ത് പ്രസിഡന്റ് കെ. മുഹമ്മദ് സാലിഹ് സാഹിബ്, ജനറൽ സെക്രട്ടറി ടി. ശറഫുദ്ദീൻ സാഹിബ് എന്നിവർ അനുമോദന പ്രസംഗങ്ങൾ നടത്തി. പി. മുസഫർ അഹ്മദ് സാഹിബ് അനുമോദനത്തിനും ഉപഹാരത്തിനും നന്ദി പറഞ്ഞു.

## “ദജ്ജാലിനെ തിരിച്ചറിയുക”: മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ

ദജ്ജാലിനെ തിരിച്ചറിഞ്ഞ് ഇസ്ലാമിന്റെ ആഗോള നവോത്ഥാനത്തിനായി എഴുന്നേല്പിക്കപ്പെട്ട സത്യാത്മാവിനെ സ്വീകരിക്കാൻ മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ് ആഹ്വാനം ചെയ്തു. വയനാട് കമ്പളക്കാട് ടൗണിൽ ചേർന്ന നബികീർത്തനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 'നബിതിരുമേനി സമാധാനത്തിന്റെ രാജകുമാരൻ' എന്ന വിഷയത്തിൽ മൗലവി പി.കെ. മുഹമ്മദ് ശരീഫ് സാഹിബും സംസാരിച്ചു. അബ്ദുൽ കരീം സാഹിബ് അധ്യക്ഷത വഹിച്ച യോഗത്തിൽ മൗലവി ജംഷാദ് അഹ്മദ് സാഹിബ് നന്ദി പറഞ്ഞു.

## ഖാദിംകൾ ഒന്നിച്ചുപ്രവർത്തിക്കുക: കെ.എം. യൂസുഫ് സാഹിബ്

**കാവശ്ശേരി, ജനുവരി 28:** അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ നെടുംതൂണായ ഖാദിംകൾ പരസ്പരം ധാരണയോടെ ഒന്നിച്ചു പ്രവർത്തിക്കണമെന്ന് കാവശ്ശേരി മജ്ലിസ് അൻസാറുല്ലാ സഇൗം കെ.എം. യൂസുഫ് സാഹിബ് പറഞ്ഞു. കാവശ്ശേരി മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെയും അത്ഫാലുൽ അഹ്മദിയ്യായുടേയും സംയുക്ത മത്സരപരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഖാദിംകൾ ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്കായി കൂടുതൽ മുന്നിട്ടിറങ്ങണം. ചന്ദ കൊടുക്കുന്നതിൽ കൃത്യത പുലർത്തണമെന്നും അദ്ദേഹം പറഞ്ഞു. ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദ് ഗുലാം സാഹിബ് ചടങ്ങിൽ അധ്യക്ഷനായിരുന്നു. എസ്. താരീഖ് അഹ്മദ് സാഹിബ് ഖുർആൻ പാരായണം നടത്തി. കെ.വൈ. താഹിർ അഹ്മദ് സാഹിബ് സ്വാഗതവും ലുഖ്മാൻ സാഹിബ് നന്ദിയും പറഞ്ഞു.

## ജ്യോതിശാസ്ത്ര ക്ലാസ്സ് സംഘടിപ്പിച്ചു

**മാത്തോട്ടം, ജനുവരി:** കോഴിക്കോട്, മാത്തോട്ടം എന്നീ മജ്ലിസുകളിലെ ഖുദ്ദാമുൽ അഹ്മദിയ്യായും കോഴിക്കോട് മജ്ലിസ് അൻസാറുല്ലായും സംയുക്തമായി കോഴിക്കോട് പ്ലാനിറ്റോറിയത്തിൽ വെച്ച് ജ്യോതിശാസ്ത്ര ക്ലാസ്സ് സംഘടിപ്പിച്ചു. ജ്യോതിശാസ്ത്ര സംബന്ധമായി പ്ലാനറ്റോറിയത്തിലെ ജ്യോതിശാസ്ത്ര വിദഗ്ദ്ധൻ ക്ലാസ്സുകൾ നൽകി. കൂടാതെ വാനനിരീക്ഷണത്തിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. രണ്ട് മജ്ലിസുകളിലെ ഖാഇദുമാരും അൻസാറുല്ലാ സഇൗമും പരിപാടി നിയന്ത്രിച്ചു.



കോഴിക്കോട് സംഘടിപ്പിച്ച നബികീർത്തന സമ്മേളനത്തിൽ ഈയ്യച്ചേരി കുഞ്ഞികൃഷ്ണൻ സംസാരിക്കുന്നു.

## തെറ്റുധാരണകളകറ്റാൻ ജമാഅത്തിനെക്കുറിച്ച് പഠിക്കുക: മുഹമ്മദലി മാസ്റ്റർ സാഹിബ്

**മഞ്ചേരി:-** അഹ്മദിയ്യാ ജമാഅത്തിനെ സംബന്ധിച്ച് മുസ്ലിം ജനസാമാന്യം മനസ്സിൽ കൊണ്ടുനടക്കുന്ന തെറ്റുധാരണകൾ അകറ്റാൻ അവർ ജമാഅത്തിനെക്കുറിച്ച് പഠിക്കാൻ തയ്യാറാകണമെന്നും അതിന് പണ്ഡിതന്മാരുടെ സ്വാധീനമില്ലാതെ സ്വതന്ത്രമായി ഗ്രന്ഥങ്ങൾ വായിക്കണമെന്നും അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ മലപ്പുറം മേഖലാ അമീർ മുഹമ്മദലി മാസ്റ്റർ സാഹിബ് ആഹ്വാനം ചെയ്തു. നോർത്ത് ഇലാഖാ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ മഞ്ചേരിയിൽ നടത്തിയ പ്രചാരണയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആർക്കും ആരേയും വിശ്വാസമില്ലാത്ത ലോകമാണ് ഇന്നത്തേത്. മുസ്ലിം കക്ഷികൾ തമ്മിൽതന്നെ പരസ്പരം പോരാട്ടമാണ്. ഇത് മുതലെടുത്തുകൊണ്ടാണ് യഅ്ജൂജ് മഅ്ജൂജ് പ്രവർത്തിക്കുന്നത്. ഇതിൽ നിന്നും മോക്ഷം നേടാൻ വാഗ്ദത്ത മസീഹിന്റെ പിന്നിൽ അണിനിരക്കേണ്ടതുണ്ട്. അതിന്നായി മുസ്ലിം സഹോദരന്മാർ പ്രാർത്ഥിക്കണമെന്നും അദ്ദേഹം പറഞ്ഞു. മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ്, മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് എന്നിവർ 'ആധുനികകാല സംഭവവികാസങ്ങളും നബിതിരുമേനി(സ) നിർദ്ദേശിച്ച പരിഹാരമാർഗ്ഗങ്ങളും' എന്ന വിഷയത്തെ ആസ്പദമാക്കി പ്രസംഗങ്ങൾ നടത്തി. നോർത്ത് ഇലാഖ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ് ചടങ്ങിൽ അധ്യക്ഷനായിരുന്നു. മുബാറക് മഞ്ചേരി സ്വാഗതം പറഞ്ഞു. സുൽത്താൻ കരുളായി ഖുർആൻ പാരായണം നടത്തി. പണ്ഡിതന്മാരടക്കം നിരവധി അനഹ്മദികൾ യോഗം ശ്രവിക്കാൻ എത്തിയിരുന്നു.

## മണ്ണാർക്കാട് പ്രാദേശിക ഇജ്തിമാഅ്

21.01.07 ഞായറാഴ്ച പള്ളിയിൽവെച്ച് മണ്ണാർക്കാട് ഖുദ്ദാമുൽ അഹ്മദിയ്യായുടേയും, അത്ഫാലുൽ അഹ്മദിയ്യായുടേയും പ്രാദേശിക ഇജ്തിമാഅ് നടത്തി. പാലക്കാട് മേഖല അമീർ എം.കെ. അബ്ദുൽ കരീം സാഹിബ് ഇജ്തിമാഅ് ഉദ്ഘാടനം ചെയ്തു. ഖാഇദ് മുസഫ്ഫർ അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സെഷനിൽ മുസമ്മിൽ അഹ്മദ് സാഹിബ് ഖുർആൻ പാരായണവും, ഫാസിൽ അഹ്മദ് സാഹിബ് പദ്യപാരായണവും നടത്തി. മൗലവി മുഹമ്മദ് യൂസുഫ് സാഹിബ് ആശംസകൾ അർപ്പിച്ചു സംസാരിച്ചു. തുടർന്ന് നടന്ന മത്സര പരിപാടികളിൽ ഖുദ്ദാം അത്ഫാൽ അംഗങ്ങൾ സജീവമായി പങ്കെടുത്തു. ഖുർആൻ പാരായണം, അറബി പദ്യം, ഉർദുപദ്യം, മലയാള പദ്യം, പ്രസംഗം, വൺമിനിറ്റ് സ്പീച്ച്, ക്വിസ് തുടങ്ങിയ ഇനങ്ങളിലാണ് മത്സരങ്ങൾ നടന്നത്. മൗലവി മുഹമ്മദ് യൂസുഫ് സാഹിബ് വിധിനിർണ്ണയം നടത്തി. നമസ്കാരത്തിന് ശേഷം ഖുദ്ദാമുൽ അഹ്മദിയ്യായുടെ വകയായി ഭക്ഷണം വിതരണം ചെയ്തു. തുടർന്ന് മൗലവി സാഹിബിന്റെ നേതൃത്വത്തിൽ ഇജ്തിമാഇ ദുആയോടു കൂടി പരിപാടി അവസാനിച്ചു.

## സ്വീകരണം നൽകി



ഫോട്ടോ: റോഷൻ

**കണ്ണൂർ ടൗൺ:** ആഗ്ര അംബേദ്കർ സർവ്വകലാശാലയിൽനിന്ന് ഡോക്ടറേറ്റ് ബിരുദം കരസ്ഥമാക്കിയ പി. മുസഫർ അഹ്മദ് സാഹിബിന് കണ്ണൂർ ടൗൺ ജമാഅത്ത് സ്വീകരണം നൽകി. ജനുവരി 28-ന് മഗ്രിബിനു ശേഷം കണ്ണൂർ ടൗൺ മസ്ജിദിൽ ചേർന്ന സ്വീകരണയോഗത്തിൽ ജമാഅത്ത് പ്രസിഡന്റ് ബി. അബ്ദുസ്സലാം സാഹിബ് അധ്യക്ഷനായിരുന്നു. ടൗൺ മജ്ലിസ് ഖാഇദ് ടി. ഷാജിർ അഹ്മദ് സാഹിബ്, അബ്ദുല്ല സുബൈർ സാഹിബ്, അഡ്വ. നിസാർ അഹ്മദ് സാഹിബ് എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. ഡോ. മുസഫർ അഹ്മദ് സാഹിബ് സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ട് സംസാരിച്ചു.

താൻ ഡോക്ടറേറ്റ് നേടാൻ നടത്തിയ പഠനങ്ങളുടെയും പരിശ്രമങ്ങളുടെയും അനുഭവങ്ങൾ ഡോ. മുസഫർ അഹ്മദ് സാഹിബ് അനുസ്മരിച്ചു. ഇത്തരമൊരു നേട്ടം ജമാഅത്തിനും ജമാഅത്തിലെ സഹോദരങ്ങൾക്കും കൂടി അവകാശപ്പെട്ടതാണെന്ന് അദ്ദേഹം തുടർന്നു.

കെ. അബ്ദുൽ അസീസ് സാഹിബ് സ്വാഗതം പറഞ്ഞു. അഫ്സൽ ഗഫൂർ ഖുർആൻ പാരായണം നടത്തി. നബീൽ അബ്ദുല്ല പദ്യം ആലപിച്ചു.

## നബികീർത്തന യോഗങ്ങൾ

**കൊടിയത്തൂർ:** ജനുവരി 28, 29, 30 തിയ്യതികളിൽ കൊടിയത്തൂർ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ വിപുലമായ നിലയിൽ നബികീർത്തനയോഗങ്ങൾ സംഘടിപ്പിക്കപ്പെട്ടു. മൗലാനാ മുഹമ്മദ് ഉമർ സാഹിബ് എച്ച്.എ, മൗലവി ഗുലാം അഹ്മദ് ഇസ്മായീൽ സാഹിബ് എച്ച്.എ, മൗലവി പി.കെ. മുഹമ്മദ് ശരീഫ് സാഹിബ് എച്ച്.എ, മുള്ളൂർക്കര മുഹമ്മദുണ്ണി മുസ്ല്യാർ എന്നിവർ വിവിധ ദിവസങ്ങളിൽ പ്രഭാഷണം നടത്തി.

## അറിയിപ്പ്

ഈ വർഷത്തെ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അത്ഫാലുൽ അഹ്മദിയ്യാ ഇജ്തിമാഅ് ഏപ്രിൽ മാസം നടത്താൻ തീരുമാനിച്ചിരിക്കുന്നു. പ്രാദേശിക ഇജ്തിമാകൾ ഇനിയും നടത്തിയിട്ടില്ലാത്ത മജ്ലിസുകൾ മാർച്ച് 18-നകം നടത്തേണ്ടതും വിജയികളുടെ പേരുവിവരങ്ങൾ അതാത് ജില്ലാ ഖാഇദുമാരെ മാർച്ച് 20-നകം അറിയിക്കേണ്ടതുമാണ്. വിശദവിവരങ്ങൾ സർക്കുലർ മുഖേന അറിയിക്കുന്നതായിരിക്കും.

ഈ ലക്കം മുതൽ അൽഹഖ് വരിസംഖ്യാടിസ്ഥാനത്തിലാണ് പുറത്തിറക്കുക എന്ന് നേരത്തെ തന്നെ പ്രത്യേക സർക്കുലർ മുഖേനയും പരസ്യത്തിലൂടെയും അറിയിച്ചതാണ്. എന്നാൽ പല മജ്ലിസുകളും ഇതുവരെയായും വരിസംഖ്യ നൽകിയിട്ടില്ല. ഡിസംബർ വരെയുള്ള കുടിശ്ശികയുമുണ്ട്. എല്ലാ ഖാഇദുമാരും പ്രസ്തുത തുക ഉടനെ ശമീം സാഹിബിനെ ഏൽപ്പിക്കാൻ അപേക്ഷ.

*ഖാഇദ് നോർത്ത് ഇലാഖ*

## അരി വിതരണം നടത്തി

**പള്ളിപ്പുറം:** പള്ളിപ്പുറം ഖുദ്ദാമുൽ അഹ്മദിയ്യായുടെ നേതൃത്വത്തിൽ ബലിപെരുന്നാളിനോടനുബന്ധിച്ച് പതിമൂന്ന് വീടുകളിലായി അരി വിതരണം നടത്തി. ചെറിയ പെരുന്നാളിനോടനുബന്ധിച്ച് അരി വിതരണം നടത്തിയതിന്റെ തുടർച്ചയായാണ് ഇത് നടന്നത്.

ഖാഇദ് വി.പി. മൻസൂർ അഹ്മദിന്റെ നേതൃത്വത്തിൽ നസറുദ്ദീൻ, ഒ.എം. അനീസ്, കെ.പി. താജുദ്ദീൻ, പി. ബശീറുദ്ദീൻ, പി. ശഫീഖ് അഹ്മദ് എന്നിവർ പങ്കെടുത്തു. ജമാഅത്തിലെ എല്ലാ അംഗങ്ങളും ഇതുമായി സഹകരിക്കുകയുണ്ടായി.

## പ്രാദേശിക ഇജ്തിമ സംഘടിപ്പിച്ചു

**കമ്പളക്കാട് (വയനാട്), ജനു:26:** കമ്പളക്കാട് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പ്രാദേശിക ഇജ്തിമാ നടത്തി. കമ്പളക്കാട് പള്ളിയിൽവെച്ച് നടത്തിയ ഇജ്തിമായുടെ ഉദ്ഘാടന ചടങ്ങിൽ ഖാഇദ് ആബിദ് സാഹിബ് അധ്യക്ഷത വഹിച്ചു. ജമാഅത്ത് പ്രസിഡന്റ് നസീർ സാഹിബ്, അൻസാറുല്ലാ സയീം കരീം സാഹിബ്, മുഅല്ലിം ജംശാദ് സാഹിബ് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. വിവിധ വൈജ്ഞാനിക മത്സരങ്ങൾക്കു പുറമെ കായിക മത്സരങ്ങളും സംഘടിപ്പിക്കപ്പെട്ടു. മജ്ലിസ് അൻസാറുല്ലാ അംഗങ്ങളും ഇജ്തിമായിൽ സജീവമായി പങ്കെടുത്തു.

## മെമ്മറി ടെസ്റ്റ് മത്സരം നടത്തി

**മാത്തോട്ടം, ജനുവരി ’07:** മാത്തോട്ടം അത്ഫാലുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ മെമ്മറി ടെസ്റ്റ് മത്സരം സംഘടിപ്പിച്ചു. മാത്തോട്ടം മജ്ലിസ് ഖാഇദ് ബി.എം. ശൗക്കത്തലി സാഹിബ്, നാസിം അത്ഫാൽ എസ്.വി. ജസ്നാസ് സാഹിബ് എന്നിവർ നേതൃത്വം നൽകി. അത്ഫാൽ ജൂനിയർ വിഭാഗത്തിൽ അതാഉൽ വഹ്ഹാബ്, സീനിയർ വിഭാഗത്തിൽ കെ.പി. അഹ്മദ് താശ എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. വിജയികൾക്ക് ചീഫ് മിഷണറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് സമ്മാനങ്ങൾ വിതരണം ചെയ്തു.

# വാഗ്ദത്ത പരിവർത്തകൻ

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: "ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നൽകുന്നു. നീ എന്നോട് ചോദിച്ചപ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്തിൽ നിന്റെ പ്രാർത്ഥനകൾക്ക് സ്വീകാര്യം നൽകുകയും നിന്റെ യാത്ര നിനക്ക് അനുഗ്രഹകരമാക്കുകയും ചെയ്തിരിക്കുന്നു. അത്ഭുതശക്തിയുടേയും ഔദാര്യത്തിന്റേയും സായൂജ്യത്തിന്റേയും അടയാളം നിനക്ക് നൽകുന്നു. നിനക്ക് സുവിശേഷമായിരിക്കട്ടെ. പ്രതാപവാനും പരിശുദ്ധനുമായ ഒരു പാവനപുത്രൻ നിനക്ക് നല്കപ്പെടും. അവൻ നിന്റെ ബീജത്തിൽനിന്നും നിന്റെ സന്തതിയിൽനിന്നുമുള്ളവൻ തന്നെയായിരിക്കും. അവൻ പ്രതാപപൂരപ്രഭാവവും ഐശ്വര്യവുമുള്ളവനായിരിക്കും. അവൻ ലോകത്തു വന്ന് തന്റെ മസീഹീഗുണവും റൂഹുൽ ഹഖിന്റെ (സത്യത്തിന്റെ ആത്മാവ്) അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് (അല്ലാഹുവിന്റെ വചനമാകുന്നു) എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ അനുഗ്രഹവും ആദരവും അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനുമായിരിക്കും. ലൗകീകവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും. അവന്റെ ആവിർഭാവം എത്രയും അനുഗൃഹീതവും ദൈവത്തിന്റെ പ്രതാപം വെളിപ്പെടുന്നതിന് കാരണവുമായിരിക്കും. ഏതൊരുവനെ അല്ലാഹു തന്റെ അഭീഷ്ടമാവുന്ന പരിമളം കൊണ്ട് പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രഭാശാലി വരുന്നു. നാം നമ്മുടെ വചനം അവനിലാക്കും. അവന്റെ തലയ്ക്കുമീതെ അല്ലാഹുവിന്റെ നിഴലുണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നുവരികയും ബന്ധനസ്ഥരുടെ മോചനത്തിന് കാരണമാവുകയും ചെയ്യും. ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവനിൽനിന്ന് അനുഗ്രഹം കൈക്കൊള്ളും. അനന്തരം അവൻ സ്വർഗ്ഗത്തിൽ തനിക്കുള്ള ആത്മസ്ഥാനത്തേക്ക് കരേറ്റപ്പെടും. ഇത് വിധിച്ചുപോയ കാര്യമാകുന്നു.'' (വിജ്ഞാപനം, ഫെബ്രു. 20, 1886)

നിനക്കൊരു മകനുണ്ടാകും. അവൻ ഒരുനാളിൽ എന്റെ പ്രേമപാത്രമായിരിക്കും. ചന്ദ്രതുല്യനായ അവൻ മുഖേന ഞാൻ അന്ധകാരത്തെ ധൂരീകരിക്കുകയും ലോകത്തിന് ഒരു പരിവർത്തനം വരുത്തിക്കാണിക്കുകയും ചെയ്യും, എന്നിങ്ങനെ അല്ലാഹു എനിക്ക് സുവിശേഷം നൽകിയിരിക്കുന്നു. ഈ സുവിശേഷമാകട്ടെ എന്റെ മനസ്സിന് ഒരു പോഷകദ്രവ്യമത്രെ. അതുകൊണ്ട് ശത്രുക്കളെ എളിമയിലാക്കിയിരിക്കുന്ന അല്ലാഹുവിനെ ഞാൻ സ്തോത്രം ചെയ്യുന്നു. (ദുർറെസമീൻ)

"എനിക്കൊരു മകൻ ജനിക്കുമെന്നും അവന് മഹ്മൂദ് എന്ന് പേരിടുമെന്നും ഞാൻ ചെയ്ത പ്രവചനമാണ് അഞ്ചാമത്തേത്. ഈ പ്രവചനം പ്രചരിപ്പിക്കുന്നതിനുവേണ്ടി പച്ചക്കടലാസിൽ വിജ്ഞാപനം പ്രസിദ്ധീകരിച്ച് ജനങ്ങളുടെ ഇടയിൽ വിതരണം ചെയ്തിരുന്നു. അതിപ്പോഴും നിലവിലുണ്ട്. ആ ആൺകുട്ടി പ്രവചനത്തിൽ പറഞ്ഞ കാലാവധിക്കുള്ളിൽ ജനിച്ചു. ഇപ്പോൾ ഒമ്പതാമത്തെ വയസ്സാണ്." (സിറാജെ മുനീർ, 1897 മെയ്)

**വാഗ്ദത്തപുത്രന്റെ പ്രഖ്യാപനം**

"എന്റെ ജീവൻ ഏതൊരുവന്റെ കയ്യിലിരിക്കുന്നുവോ ആ ഏകനായ അല്ലാഹുവിനെ സാക്ഷിനിറുത്തിക്കൊണ്ട് ഞാനിതാ പ്രഖ്യാപിക്കുന്നു: "വാഗ്ദത്തം ചെയ്യപ്പെട്ട മസീഹിന്റെ പ്രവചനമനുസരിച്ച് ഭൂമിയുടെ അറ്റങ്ങളോളം മസീഹിന്റെ നാമം പരത്തുന്ന ആ വാഗ്ദത്ത പുത്രൻ ഞാൻ തന്നെയാണെന്ന് ഇതാ സത്യം ചെയ്ത് വിളംബരപ്പെടുത്തുന്നു."

(ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ), 20.2.1944 ഹോശിയാപൂർപ്രസംഗത്തിൽനിന്ന്)

# നിക്കാഹ്; ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഇന്ന് വിവാഹാവസരങ്ങളിൽ അല്ലാഹു കല്പിക്കാത്ത പലതരം അനാചാരങ്ങളും, ചടങ്ങുകളും പരസ്യമായി നടന്നുവരുന്നുണ്ട്. ഇസ്‌ലാമികാദ്ധ്യാപനങ്ങൾ പ്രകാരം വിവാഹം വളരെ ലളിതമാണ്. അവ അത്യാവശ്യം അറിഞ്ഞിരിക്കേണ്ടതുമാണ്. ഖാദിയാനിൽനിന്നുള്ള നിക്കാഹ് ഫോറത്തിന്റെ കൂടെ വിവാഹാവസരത്തിൽ ശ്രദ്ധിക്കേണ്ട അടിസ്ഥാനകാര്യങ്ങൾ പ്രത്യേകം രേഖപ്പെടുത്തിയിട്ടുണ്ട്. അഹ്മദികൾ അതിലെ നിർദ്ദേശങ്ങൾ നിർബന്ധമായും പ്രാവർത്തികമാക്കാൻ ശ്രമിക്കേണ്ടതാണ്.

നിക്കാഹ് ഫോറം പൂരിപ്പിക്കുന്നതിനു മുമ്പേ താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും വായിക്കേണ്ടതാണ്.

1. വധുവിന്റെ യഥാർത്ഥ വലി (രക്ഷിതാവ്) പിതാവാണ്.

2. പിതാവ് മരണപ്പെട്ടിരിക്കുകയാണെങ്കിൽ യഥാക്രമം പിതാമഹൻ, സ്വന്തം സഹോദരൻ, മുലകുടിസഹോദരൻ, പിതൃവ്യൻ തുടങ്ങിയ പിതൃബന്ധത്തിൽപ്പെട്ട ബുദ്ധിസ്ഥിരതയുള്ളതും പ്രായപൂർത്തിയെത്തിയതുമായ ഏറ്റവും അടുത്തബന്ധുക്കളാണ് വലിയാകേണ്ടത്. എപ്പോഴെങ്കിലും വലിയെ സംബന്ധിച്ചുള്ള എന്തെങ്കിലും തർക്കമുണ്ടെങ്കിൽ നിക്കാഹ് വിളംബരത്തിനു മുമ്പേ നസാറത്ത് ഉമൂറെ ആമ ഖാദിയാനിൽനിന്ന് ഇന്ന ആളായിരിക്കും വലി എന്നതിന് രേഖാമൂലം അനുമതി വാങ്ങേണ്ടതാണ്.

3. നിക്കാഹ് വേളയിൽ വലിക്ക് ഹാജരാകാൻ സാധിക്കാത്ത പക്ഷം ഏതെങ്കിലും ഒരാളെ തന്റെ (പ്രതിനിധിയായി) നിശ്ചയിക്കേണ്ടതാണ്. പക്ഷേ, വലിയുടെ കോളത്തിൽ വലി തന്നെ ഒപ്പിട്ടിരിക്കണം. അതിനുവേണ്ടി ഫോറത്തിൽ സ്ഥലം നിശ്ചയിച്ചിട്ടുണ്ട്. ഇതുപോലെ വരന് നിക്കാഹ്‌വേളയിൽ ഹാജരാകാൻ സാധിക്കുന്നില്ലെങ്കിൽ അദ്ദേഹത്തിനും മറ്റൊരാളെ തന്റെ വക്കീലായി പ്രതിനിധിയെ നിശ്ചയിക്കാവുന്നതാണ്. അതിനും ഫോറത്തിൽ നിശ്ചിതകോളമുണ്ട്.

4. രക്ഷിതാവിനെ കൂടാതെ പെൺകുട്ടിക്ക് രണ്ട് സാക്ഷികൾ ഉണ്ടായിരിക്കേണ്ടതാണ്. രക്ഷിതാവ് സാക്ഷിയാകാവതല്ല.

5. വരന്റെ ആറുമാസം മുതൽ ഒരുവർഷം വരെയുള്ള വരുമാനമാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) മഹർ നിജപ്പെടുത്തിയിരിക്കുന്നത്. ഇത് പ്രാവർത്തികമാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6. വരനും വധുവും താമസിക്കുന്ന സ്ഥലങ്ങളിലെ ജമാഅത്ത് അമീർ/ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തേണ്ടത് അനിവാര്യമാണ്. അമീർ/പ്രസിഡന്റിന്റെ ഒപ്പിനോടൊപ്പം സീലുണ്ടെങ്കിൽ അതും വെക്കേണ്ടതാണ്. വധുവും വരനും വിദേശത്താണെങ്കിൽ ബന്ധപ്പെട്ട രാജ്യത്തിലെ അമീർ സാക്ഷ്യപ്പെടുത്തലും നിർബന്ധമാണ്. കുടുംബവീടുള്ള സ്ഥലങ്ങളിലെ സാക്ഷ്യമല്ല വേണ്ടത്. വധൂവരന്മാർ നിക്കാഹ് വേളയിൽ സന്നിഹിതരാണെങ്കിലും അവരുടെ ബന്ധപ്പെട്ട രാജ്യത്തിലെ അമീർതന്നെ സാക്ഷ്യപ്പെടുത്തേണ്ടത് നിർബന്ധമാണ്. ഓർക്കുക, ജമാഅത്ത് പ്രസിഡന്റല്ല മറിച്ച്, നാഷണൽ അമീറിന്റെ സാക്ഷ്യമാണ് വേണ്ടത്. (സീലോടുകൂടി)

7. വരന്റേയോ, വധുവിന്റേയോ നിക്കാഹ് ഒന്നാമത്തേതല്ലെങ്കിൽ സാക്ഷ്യപ്പെടുത്തിയ ത്വലാഖ് പത്രം/ ഖുലാഅ് പത്രം നിക്കാഹ് ഫോറത്തിന്റെ കൂടെ നിർബന്ധമായും വെക്കേണ്ടതാണ്. ഖുലായെ സംബന്ധിച്ചിടത്തോളം ജമാഅത്തിന്റെ അംഗീകൃത ഖാളിയുടെ തീരുമാനമില്ലാതെ ഖുലാ നടപടികൾ പരിപൂർണ്ണമായിരിക്കുകയില്ല എന്ന കാര്യം ഓർത്തിരിക്കേണ്ടതാണ്.

8. ഖാദിയാനിൽവെച്ചാണ് നിക്കാഹ് നടത്തുന്നതെങ്കിൽ റിശ്ത്താനാത്താ- ഇസ്‌ലാഹോ ഇർശാദ് ഓഫീസിൽനിന്ന് നേരത്തെ തന്നെ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്. വധുവിന്റെ രക്ഷിതാവും സാക്ഷികളും ഓഫീസിൽ എത്തേണ്ടതുമാണ്.

9. നിക്കാഹ് ഫോറത്തിൽ വരന്റേയും വധുവിന്റേയും വിവരങ്ങൾ (പേര്, ജനനതിയ്യതി, വയസ്സ് തുടങ്ങിയവ) തിരിച്ചറിയൽ കാർഡിന്റേയോ പാസ്പോർട്ടിന്റേയോ അടിസ്ഥാനത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

10. നിക്കാഹ് ഫോറത്തിലെ മൂന്ന് കോപ്പികളും മുഴുവനായും പൂരിപ്പിക്കേണ്ടതാണ്.


11. നിക്കാഹ് വിളംബരത്തിന് ശേഷം ഒരുമാസത്തിനുള്ളിൽ ഖാദിയാൻ റിശ്ത്താ നാത്താ ഓഫീസിൽ ഫോറങ്ങൾ രജിസ്ട്രേഷൻ ചെയ്യിക്കേണ്ടതാണ്. രജിസ്ട്രേഷനുവേണ്ടി ഫോറത്തിലെ മൂന്ന് കോപ്പികളും ഓഫീസിൽ നിർബന്ധമായും എത്തിക്കണം. രജിസ്ട്രേഷനുശേഷം ഒരു കോപ്പി ഓഫീസിൽ സൂക്ഷിക്കുന്നതാണ്. ബാക്കി രണ്ട് കോപ്പികൾ ഇരുവിഭാഗത്തിനും തിരിച്ചേൽപ്പിക്കുന്നതായിരിക്കും. രജിസ്ട്രേഷന് വേണ്ടി ഫോറങ്ങൾ ഓഫീസിൽ എത്തിക്കുന്നതിനു മുമ്പേ എറ്റക്കുറച്ചിലുകളില്ലെന്ന് നല്ലപോലെ പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം സമയം നഷ്ടപ്പെടുന്നതാണ്.

12. റിശ്ത്താ നാത്താ ഓഫീസിൽനിന്ന് ഉർദുവിനു പുറമെ ഇംഗ്ലീഷിലും നിക്കാഹ് ഫോറം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു ഭാഷയിലെ നിക്കാഹ് ഫോറം ഉപയോഗപ്പെടുത്താവുന്നതാണ്.

*(ശേഷം 5-ാംപേജിൽ)*

# വിശുദ്ധഖുർആനുമായി ആത്മബന്ധം സ്ഥാപിക്കുക: പ്രൊഫ. എം. മുഹമ്മദ് സാഹിബ്

**കണ്ണൂർ സിറ്റി, ജനുവരി 21:** ജമാഅത്തംഗങ്ങൾ പ്രത്യേകിച്ച് യുവതലമുറ വിശുദ്ധ ഖുർആനുമായി സുദൃഢമായ ആത്മബന്ധം സ്ഥാപിക്കണമെന്നും അതിലൂടെ ധാർമ്മികമൂല്യങ്ങൾ സ്വായത്തമാക്കണമെന്നും പ്രൊഫ. എം. മുഹമ്മദ് സാഹിബ് പറഞ്ഞു. കണ്ണൂർ സിറ്റി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് സംഘടിപ്പിച്ച രക്ഷാകർത്തൃദിനയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എല്ലാ രംഗവും കച്ചവടമാക്കി മാറ്റിയിരിക്കുന്ന ഈ കാലഘട്ടത്തിൽ നേരായ മാർഗ്ഗം കണ്ടെത്തി അതിലൂടെ സഞ്ചരിക്കേണ്ടതുണ്ട്. അതിനുള്ള വെളിച്ചം വിശുദ്ധഖുർആനിലൂടെയാണ് നമുക്ക് ലഭിക്കുന്നത്.



മനുഷ്യനെ ഉത്തമമായ പ്രകൃതിയോടെയാണ് സൃഷ്ടിച്ചിട്ടുള്ളതെന്നും ചുറ്റുപാടുകളാണ് അവനെ പാപികളോ പാപികളല്ലാത്തവരോ ആക്കിമാറ്റുന്നതെന്നും ഖുർആൻ ആയത്തുകൾ ഉദ്ധരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. ഭൗതിക വിദ്യാഭ്യാസത്തിലൂടെ വെളിച്ചം കിട്ടിയെന്നാണ് നാം കരുതുന്നത്. എന്നാൽ അത് മാത്രമാകുമ്പോൾ അന്ധകാരമാണ് നമ്മുടെ മുന്നിൽ വരിക. കിട്ടേണ്ട വെളിച്ചം കിട്ടാത്തവരായി നാം മാറുകയും ചെയ്യും. ആയതിനാൽ ഖുർആൻ പഠിക്കാൻ യുവതലമുറ തയ്യാറാവുക. അദ്ദേഹം തുടർന്നു. മൗലവി ശഫീഖ് അഹ്മദ് സാഹിബ് അധ്യക്ഷനായിരുന്നു. പ്രസിഡന്റ് കെ. മുഹമ്മദ് സാലിഹ് സാഹിബ് സംബന്ധിച്ചു. ശംസുദ്ദീൻ ഖുർആൻ പാരായണം നടത്തി. ടി. ശറഫുദ്ദീൻ സ്വാഗതം പറഞ്ഞു.

*(ഒന്നാം പേജിൽ നിന്ന്)*

നങ്ങളിൽ അല്ലാഹു അതിരറ്റ അനുഗ്രഹം ഇട്ടുകൊണ്ടിരിക്കും. മറ്റുള്ളവർ ആയിരം ചെലവഴിച്ച് ചെയ്യുന്ന പ്രവൃത്തികൾ, നമ്മൾ നൂറ് ചെലവഴിച്ച് ആ ലക്ഷ്യം നേടുന്നു. ഇതുവരെ അല്ലാഹു നമ്മോട് പെരുമാറിയിട്ടുള്ളത് ഈ രീതിയിലാണ്.

ഇപ്രകാരം സൂക്ഷ്മതയോടെ ജമാഅത്ത് ചെലവഴിച്ചുകൊണ്ടിരിക്കുവോളം ബർക്കത്തും ഉണ്ടായിക്കൊണ്ടിരിക്കും. ത്യാഗങ്ങൾവരിക്കുന്നവർ അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിനായി തങ്ങളുടെ ത്യാഗങ്ങൾ എല്ലാതരം തെറ്റായ ഭാവനകൾക്കുമതീതമായി സമർപ്പിക്കേണ്ടതാണ്. ഇങ്ങനെ ചിന്തിച്ചും മനസ്സിലാക്കിയും ചെലവഴിക്കുമ്പോൾ- അങ്ങനെ ചെയ്യുന്നുണ്ട് ജമാഅത്തുകൾ- ചെലവഴിക്കുന്നവർ ശ്രദ്ധയോടുകൂടി ചെലവഴിക്കുന്നവരാണെന്നും അതുകൊണ്ടാണ് അല്ലാഹു ബർക്കത്ത് ഇടുന്നതെന്നും മനസ്സിലാക്കാം. ചിലയാളുകളുണ്ട്. അവർ കുറച്ചേയുള്ളൂ. സാമ്പത്തികമായി അവർക്ക് നല്ല കഴിവുണ്ട്. പക്ഷേ, ആ നിലവാരമനുസരിച്ച് ചന്ദ കൊടുക്കാറില്ല. ജമാഅത്തിന്റെ പക്കൽ ഒരുപാട് പണമുണ്ടെന്നും, ജമാഅത്തിന് ഇപ്പോൾ ചന്ദയുടെ ആവശ്യമില്ലെന്നും, തങ്ങൾ കൊടുക്കുന്നത് തന്നെ മതിയെന്നും പറയുന്നവരാണ് അവർ. ജമാഅത്തിന്റെ കൈയിൽ പണം ഒരുപാടുണ്ടോ ഇല്ലേ എന്നതല്ല പ്രശ്നം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ പണത്തിൽ ഞാൻ പറഞ്ഞതുപോലെ ബർക്കത്ത് വളരെയധികമാണ്. അതുകൊണ്ട് ആക്ഷേപകർക്കും എതിരാളികൾക്കും ഇത് വളരെ കൂടുതലായി കാണാൻ കഴിയുന്നു. ആക്ഷേപകർ ഇതിൽനിന്ന് രക്ഷപ്പെടാനാണ് അങ്ങനെ പറയുന്നത്. എതിരാളികൾക്ക്, അല്ലാഹു പല ഇരട്ടിയായി കാണിക്കുകയും ചെയ്യു

*(ശേഷം 9-ാം പേജിൽ)*

അൽ ഹഖ്
AHMADIYYA NEWS BULLETTIN
ജനുവരി-ഫെബ്രുവരി 2007 മുഹറം

## അബദ്ധ ആശയങ്ങൾ വെടിയുക മാത്രം പരിഹാരം

**ഇ**രുപതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ഉടലെടുത്ത പ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമി ഇപ്പോൾ അവരുടെ മുഖം മിനുക്കുന്ന തിരക്കിലാണ്. രൂപീകരണം തൊട്ട് നാളിതുവരെ ഒരു ഫാസിസ്റ്റ് പ്രസ്ഥാനമായാണ് ജമാഅത്തെ ഇസ്‌ലാമി അറിയപ്പെട്ടുപോന്നിട്ടുള്ളത്. ഈ പ്രസ്ഥാനം ഇസ്‌ലാമിന്റെ മൂടുപടമിട്ട ഭൗതിക പ്രസ്ഥാനമാണെന്ന് ലോകമുസ്‌ലിം ചിന്തകന്മാർ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. മൗദൂദിയുടെ ലേഖനങ്ങൾക്കും പുസ്തകങ്ങൾക്കും ഇസ്‌ലാമിനെയും മുസ്‌ലിംകളെയും ഇതര സമൂഹങ്ങൾക്കിടയിൽ തെറ്റിദ്ധരിപ്പിക്കാൻ വളരെയേറെ സാധിച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്. ഇസ്‌ലാമിന്റെ പേരിൽ മുസ്‌ലിംകൾ അറിയാതെതന്നെ അവരെ വിപ്ലവത്തിലേക്കും കലാപങ്ങളിലേക്കും യുദ്ധങ്ങളിലേക്കും കൊണ്ടുചാടിക്കുന്ന ഒരു ഗൂഢാലോചനയുടെ ഭാഗമായാണ് ഇത്തരം പ്രസ്ഥാനങ്ങൾ രൂപീകരിക്കപ്പെടുന്നത്. മതപരിത്യാഗി വധാർഹനാണെന്ന കാടൻ സിദ്ധാന്തം ഇസ്‌ലാമികമായി ചിത്രീകരിച്ചത് മതങ്ങൾ തമ്മിലുള്ള സ്പർദ്ധ വളരാൻ ഇടയാക്കിയിട്ടുണ്ട്. ഇസ്‌ലാം സഹിഷ്ണുത തീരെയില്ലാത്ത മതമാണെന്നും അതിൽ അകപ്പെടുന്നവർക്ക് ചിന്താസ്വാതന്ത്ര്യം പണയപ്പെടുത്തേണ്ടി വരുമെന്നും ആക്ഷേപിക്കാൻ ഈ സിദ്ധാന്തം ശത്രുക്കൾക്ക് സഹായകമായിട്ടുണ്ട്. മതപരിത്യാഗിയെ കൊല്ലണമെന്ന കല്പന യുദ്ധകാലത്തും സമാധാനകാലത്തും ബാധകമാണെന്ന് ജമാഅത്ത് നേതാക്കൾ പറഞ്ഞിട്ടുണ്ട്. ഭരണം ലക്ഷ്യമാക്കിക്കൊണ്ടാണ് ഇവരുടെ ആശയങ്ങൾ രൂപപ്പെടുത്തിയിട്ടുള്ളത്. ഹുക്കൂമത്തെ ഇലാഹി സ്ഥാപിച്ചാൽ മാത്രമേ ഒരു മുസൽമാൻ പൂർണ്ണമുസൽമാനാകുന്നുള്ളൂ എന്നുവരെ മൗദൂദി സാഹിബ് പഠിപ്പിച്ചു. നബിതിരുമേനി പോലും ഭരണം ലഭിക്കുന്നതുവരെ പരിപൂർണ്ണ മുസൽമാനായിരുന്നില്ല എന്നാണിവരുടെ വാദം.

ഈ ആശയങ്ങൾ തീവ്രതയോടെ യുവമനസ്സുകളിൽ കുത്തിയിറക്കിയപ്പോഴാണ് പ്രശ്നങ്ങൾ ആരംഭിച്ചത്. ചില മുസ്‌ലിം യുവാക്കളെങ്കിലും ഭരണകൂടങ്ങളെ അട്ടിമറിക്കുന്നതിന് തയ്യാറായി. അതിൽനിന്നുമാണ് തീവ്രവാദപ്രസ്ഥാനങ്ങൾ ഇസ്‌ലാമിൽ ഉടലെടുത്തത്. ഇന്ത്യയിൽ നടന്ന പല കലാപങ്ങളിലും ബോംബ്സ്ഫോടനങ്ങളിലും ജമാഅത്തെ ഇസ്‌ലാമിയുടേയോ അതിന്റെ ശാഖാ സംഘടനകളുടേയോ പേര് ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ഉയർന്നുവന്നിട്ടുണ്ട്. നിരന്തരം ഇത്തരം അന്വേഷണ റിപ്പോർട്ടുകൾ വന്നുതുടങ്ങിയത് ഇവരുടെ മുഖച്ഛായയ്ക്ക് മങ്ങലേൽപ്പിച്ചിരിക്കുകയാണ്. ഇതൊന്ന് മാറ്റിയെടുക്കാനുള്ള തത്രപ്പാടിലാണിവർ. അതിന്നായി പുത്തൻ ആശയങ്ങൾ നൽകി വിവിധ പരിപാടികൾ നടത്തിവരുന്നു. മതേതരകാഴ്ചപ്പാടുകളോടെയുള്ള മുദ്രാവാക്യമുയർത്തി ജനമനസ്സുകളിൽ ഒരു നല്ല പ്രതിച്ഛായ ഉണ്ടാക്കിയെടുക്കുന്നതിനുള്ള തീവ്രപരിശ്രമത്തിലാണിന്നവർ. കുടുംബബന്ധം സുഭദ്രമാക്കുന്നതിനുള്ള മുദ്രാവാക്യവും ദേശരക്ഷാ മുദ്രാവാക്യവും ഉയർത്തുന്നുണ്ട്. എന്നാൽ, ഇതൊന്നുംതന്നെ മുഖം മിനുക്കാൻ മതിയാവുകയില്ല. ഉപയോഗിക്കാൻ കൊള്ളാത്ത മൗദൂദിയൻ ആശയങ്ങൾ ഉപേക്ഷിക്കുക മാത്രമാണ് അതിനുള്ള പോംവഴി. ഒപ്പം ശരിയായ ഇസ്‌ലാമിക അധ്യാപനങ്ങളിലേക്കുള്ള തിരിച്ചുപോക്കും.

# ബുഷ് ലോകമഹായുദ്ധത്തിന് വട്ടംകൂട്ടുന്നു

**ഇജാസ്**

**അ**മേരിക്ക മറ്റൊരു ലോകയുദ്ധത്തിന്റെ തയ്യാറെടുപ്പിലാണ്. വൈറ്റ്ഹൗസിൽ കുടിയേറിയ 'നിയോകോണുകൾ' ലോകത്തെ എരിച്ചുകളയാനുള്ള തീക്കനൽ തീർക്കുകയാണ്. ഭീകരതയ്ക്കെതിരായ ബുഷ് ഭരണകൂടത്തിന്റെ അങ്കക്കലി എങ്ങോട്ടൊക്കെയോ കാടുകയറിയ നിലയിലാണിപ്പോൾ. പലതരം കളവുകളാണ് ഇതിന് ന്യായീകരണം നൽകാൻ ബുഷ് പ്രഭൃതികൾ എഴുന്നള്ളിച്ചുകൊണ്ടിരിക്കുന്നത്. എങ്ങനെ ഇറാനെ ശവക്കുനയാക്കാം എന്നതാണ് ബുഷിന്റെ ഇപ്പോഴത്തെ മനക്ലേശം.

കൂട്ടക്കശാപ്പിനുള്ള കുരുതിക്കളങ്ങൾ തേടിനടന്ന അമേരിക്കൻ ഭരണവൃന്ദത്തിന് വീണുകിട്ടിയ വരമായിരുന്നു 2001-ലെ ന്യൂയോർക്കിലേയും വാഷിംഗ്ടണിലേയും ഭീകരാക്രമണങ്ങൾ. ഇതിന്റെ പേരിൽ ഭീകരതയ്ക്കെതിരായ യുദ്ധഭേരിയുമായി പടയോട്ടത്തിനിറങ്ങിയ അമേരിക്ക ലക്ഷക്കണക്കിന് നിരപരാധികളെ വെടിമരുന്നിൽ കുഴിച്ചുമൂടി. കൈവശമുള്ള സകല നശീകരണ കോപ്പുകളും അഫ്ഘാനിസ്ഥാനിലേയും ഇറാഖിലേയും പാവങ്ങളുടെമേൽ പരീക്ഷിച്ചു. തങ്ങളും ഭീകരരിൽപെട്ടേക്കുമോ എന്ന ഭയന്ന് ലോകം ഈ കൊടിയ നരമേധങ്ങൾക്കു മുമ്പിൽ കണ്ണുമടച്ചു കിടന്നു. എരിഞ്ഞുതീരുന്നത് മുസ്‌ലിംകളായതുകൊണ്ട് ഇതിലാർക്കും താത്പര്യമില്ലാതിരുന്നതാവുമോ? സകല ഭരണകൂടങ്ങളും ഇക്കാര്യത്തിൽ അമേരിക്കയ്ക്ക് പിന്തുണ പതിച്ചുനൽകി ഒന്നാംസ്ഥാനത്തെത്താൻ മത്സരിക്കുകയായിരുന്നു.

ഇറാഖ് എല്ലാറ്റിന്റേയും തുടക്കം മാത്രമായിരുന്നുവെന്ന് അമേരിക്കയ്ക്ക് ഓശാനപാടിയവർ തിരിച്ചറിഞ്ഞില്ല. ഇപ്പോഴിതാ ഇറാന്റേയും സിറിയയുടേയും ഊഴമായി. ഇനി എത്ര ലക്ഷം നിരപരാധികളായിരിക്കും ഇവിടങ്ങളിൽ കശാപ്പു ചെയ്യപ്പെടാനുള്ളത്. മദ്ധ്യപൗരസ്ത്യദേശത്തിനു കുറുകെ ഇസ്രായേലിന് ഇഷ്ടംപോലെ വിളയാടാനാവുന്നതരത്തിൽ ഭൂപടം മാറ്റിവരയ്ക്കുക എന്നതുതന്നെയാണ് ലക്ഷ്യം. ഇറാഖിന്റെ കുവൈത്ത് അധിനിവേശം മുതൽ തുടങ്ങിയതാണ് ഈ ആയോധനതാണ്ഡവം. ഇതൊക്കെ ഇവിടങ്ങളിലെങ്കിലും അവസാനിക്കുമോ? പക്ഷേ, ലിസ്റ്റ് വളരെ നീണ്ടതാണെന്ന് മാത്രമല്ല, കാര്യങ്ങൾ അമേരിക്കയുടെ നിയന്ത്രണത്തിൽനിന്നു കൈവിട്ടുപോകുമെന്നുമുള്ളതാണ്.

ദൈവത്തിന്റെ പ്രിയദാസന്മാരുടെ വാക്കുകൾ ഒരിക്കലും തെറ്റാറില്ല. അന്ന് അമേരിക്കയുടെ അത്യാചാരങ്ങൾക്ക് മൂകസാക്ഷികളായി നിന്ന ലോകത്തെ അഭിമുഖീകരിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്) പറഞ്ഞ വാക്കുകൾ ഇന്ന് കൂടുതൽ സംഗതമായിക്കൊണ്ടിരിക്കുന്നു. അദ്ദേഹം പറഞ്ഞു: "നമുക്ക് സങ്കല്പിക്കാൻ കൂടി സാധ്യമല്ലാത്തതരത്തിലുള്ള ബീഭത്സമായ, ഭീതിജനകമായ സ്ഥിതിവിശേഷങ്ങളാണ് സംഭവിക്കാനിരിക്കുന്നത്. ഇതിനെതിരിൽ ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ ഒന്നുമല്ല. അത്തരത്തിലുള്ള ഒരു മഹായുദ്ധത്തിന്റെ തയ്യാറെടുപ്പിലാണ് അമേരിക്ക ഇന്നുള്ളത്. ഇന്നിക്കൂട്ടർ ആഹ്ലാദപൂർവ്വം കത്തിക്കുന്ന പൂത്തിരികളൊക്കെ വമ്പിച്ച ഒരഗ്നികുണ്ഠമായി രൂപപ്പെടാനിരിക്കുകയാണ്." (ഖുത്ബ, ജനുവരി 1, 1993)

17 കൊല്ലങ്ങൾക്കു ശേഷം ഇതേമുന്നറിയിപ്പ് അഹ്മദിയ്യാ ജമാഅത്തിന്റെ ഇപ്പോഴത്തെ ഇമാം, ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാ) ആവർത്തിക്കുകയുണ്ടായി. ഒരു ഖുത്ബയിൽ അദ്ദേഹം ഇപ്രകാരമായിരുന്നു ഓർമ്മിപ്പിച്ചത്. "ഇവരിപ്പോൾ ഇറാന്റെ ചുറ്റും വലയം സൃഷ്ടിച്ചിരിക്കുകയാണ്. ക്രമേണ അതിന്റെ വൃത്തം അവർ ചുരുക്കിക്കൊണ്ടുവരും. രൂക്ഷമായ ഈ നടപടികൾ ഒരുവേള ഒരു ലോകമഹായുദ്ധിന്നുതന്നെ നിമിത്തമാകാനിടയുണ്ട്." (ഖുത്ബ, മാർച്ച് 17, 2005) ഇസ്രായേലിനുവേണ്ടിയുള്ള അമേരിക്കയുടെ ദയനീയമായ വിടുവേലകൾ ആ രാജ്യത്തെ മാത്രമല്ല ലോകത്തെയാകമാനം വലിയൊരു അഗ്നികുണ്ഠത്തിലാണ് തള്ളിവിട്ടുകൊണ്ടിരിക്കുന്നത്. അമേരിക്കയിലെ ഭരണധുരന്ധർ എന്നും ലോകത്തെ നോക്കുന്നത് ഇസ്രായേലിന്റെ കണ്ണിലൂടെയാണ്. ഇസ്രായേലി മാഫിയയാണ് അമേരിക്കയെ നിയന്ത്രിക്കുന്നത്. ഇസ്രായേൽ യുദ്ധത്തിന്റെ മറ്റൊരു പര്യായമാണെന്നതാണ് സത്യം. ഇസ്രായേലിന്റെ ആദ്യത്തെ പ്രധാനമന്ത്രി ഡേവിഡ് ബെൻഗൂരിയൻതന്നെ ഇത് വ്യക്തമാക്കിയതായിരുന്നു. യുദ്ധത്തിലൂടെ അതിജീവനവും അതിർത്തി വിപുലീകരണവുമെന്നതാണ് ബെൻഗൂരിയന്റെ തത്ത്വം.

നിർഭാഗ്യവശാൽ, യുദ്ധം നേരമ്പോക്കായി കാണുന്ന പാരമ്പര്യമാണ് ഇന്നത്തെ അമേരിക്കയുടേത്. യു.എസിന് യുദ്ധവിനോദം നടത്താൻ ഏതെങ്കിലുമൊരു രാജ്യം വേണമെന്നേയുള്ളൂ. യുദ്ധങ്ങളിൽ അതിജീവനം തേടുന്ന അതിവിപുലമായ സൈനിക വ്യവസായ ശൃംഖലയാണ് അമേരിക്കയിലുള്ളത്. 1961-ൽ പ്രസിഡന്റ് ജനറൽ ഐസനോവർ വളരെ ദീർഘദൃഷ്ടിയോടെ മുന്നറിയിപ്പുനൽകിയത് ഇതിനെക്കുറിച്ചായിരുന്നു. ഇന്ന് ഈ സൈനിക വ്യവസായ കുത്തകകളെ സംബന്ധിച്ചിടത്തോളം ലോകസമാധാനമെന്നാൽ അന്നം മുടക്കുന്ന പണിയാണ്. ജൂതമാഫിയയും ഈ സൈനികവ്യവസായികളും തമ്മിലുള്ള അവിശുദ്ധബന്ധമാണ് ജനാധിപത്യബോധമുള്ള അമേരിക്കൻ ജനതയെ കബളിപ്പിക്കുന്നത്. മറ്റു രാജ്യങ്ങളിൽ തങ്ങളുടെ പട്ടാളക്കാർ തീർക്കുന്ന കുരുതിക്കള

(ശേഷം 7-ാം പേജിൽ)

# ബംഗ്ലാദേശ്: ഇസ്‌ലാമിസം രാഷ്ട്രീയ ലാഭത്തിന് ഉപയോഗിക്കുന്നു

**ദൽവാർ ഹുസൈൻ**

**ആ**ദ്യമേതന്നെ രാഷ്ട്രീയ തർക്കങ്ങളാൽ സംശയത്തിന്റെ നിഴലിലായിരുന്ന ബംഗ്ലാദേശ് തെരഞ്ഞെടുപ്പ് രംഗം ജനുവരി 11 ന് പ്രഖ്യാപിച്ച അടിയന്തരാവസ്ഥയോടെ കൂടുതൽ സങ്കീർണ്ണതയിലേക്ക് നീങ്ങുകയാണ്. 2007 ജനുവരി 22-ന് തെരഞ്ഞെടുപ്പ് നടത്താനായിരുന്നു ഇലക്ഷൻ കമ്മീഷൻ നേരത്തെ നിശ്ചയിച്ചിരുന്നത്. (ഇപ്പോൾ തെരഞ്ഞെടുപ്പ് അനിശ്ചിതമായി നീട്ടിയിരിക്കുകയാണ്) തെരഞ്ഞെടുപ്പ് നീതിപൂർവ്വമായിരിക്കുകയില്ലെന്നും അതിനാൽ അത് നീട്ടിവെക്കണമെന്നും അതിനിടയിൽ ഇലക്ഷൻ കമ്മീഷൻ മാറ്റണമെന്നുമുള്ള പ്രതിപക്ഷ കക്ഷികളുടെ ആവശ്യം ശ്രദ്ധിക്കാൻപോലും തയ്യാറാകാതിരുന്ന ബംഗ്ലാദേശ് പ്രസിഡന്റ് ആഴ്ചകളോളം നീണ്ടുനിന്ന പ്രതിഷേധത്തിന്റേയും അക്രമാസക്തമായ റോഡ് ഉപരോധങ്ങളുടേയും ഫലമായി ദേശത്തോട് സംസാരിക്കാൻ തയ്യാറായി. നീതിപൂർവ്വം തെരഞ്ഞെടുപ്പ് നടക്കുമോ എന്ന സംശയം രാജ്യം നേരിടുന്ന വലിയൊരു പ്രതിസന്ധിയായി ബംഗ്ലാദേശിനെ ഉറ്റുനോക്കുകയാണ്.

ഭരണകക്ഷിയായ ബംഗ്ലാദേശ് നാഷണൽ പാർട്ടിയും (ബി.എൻ.പി) മുഖ്യപ്രതിപക്ഷ കക്ഷിയായ അവാമിലീഗും (എ.ഡബ്ല്യൂ.എൽ) തമ്മിൽ 2001 മുതൽ നിലനില്ക്കുന്ന കടുത്ത രാഷ്ട്രീയ ഭിന്നത പൊതുവെ രാഷ്ട്രീയമായി ഉലയുന്ന ബംഗ്ലാദേശിനെ കൂടുതൽ പ്രതിസന്ധിയിലകപ്പെടുത്തിയിരിക്കുകയാണിപ്പോൾ. തെരുവിൽ അരങ്ങേറുന്ന അക്രമസംഭവങ്ങളുടേയും അതിനെതിരെ നടപടിയുമായി നീങ്ങുന്ന സർക്കാരിന്റേയും പ്രവർത്തനങ്ങളുടെ പിന്നിലുള്ള വികാരം അടുത്ത സർക്കാരിനെ ആര് നയിക്കണമെന്നുള്ള തീരുമാനത്തിനപ്പുറം മറ്റൊന്നാണ്. തീവ്ര ഇസ്‌ലാമിക കക്ഷികളുടെ ഭരണത്തിലേക്കുള്ള ക്രമാനുഗതമായ കടന്നുവരവിന് അരങ്ങൊരുക്കുകയാണിത്.

തെരഞ്ഞെടുപ്പ് നടക്കുകയാണെങ്കിൽ അതിലാരൊക്കെ എത്രമാത്രം സീറ്റുകൾ കരസ്ഥമാക്കുമെന്ന കണക്കുകളേക്കാൾ മുഴച്ചു നില്ക്കുക കഴിഞ്ഞ ആറു വർഷമായി അവിടെ വാഴുന്ന അവസരവാദ രാഷ്ട്രീയമായിരിക്കും. അത്തരം സാഹചര്യത്തിൽ അവിടെ തോൽക്കുന്നത് 140 മില്യൺ ജനങ്ങളും മതേതരത്വം സോഷ്യലിസം തുടങ്ങിയ അടിസ്ഥാന ആശയങ്ങളുമായിരിക്കും. മറിച്ച്, വിജയിക്കുന്നത് ശരീഅത്തിൽ അധിഷ്ഠിതമായ ഇസ്‌ലാമിക രാഷ്ട്രം കെട്ടിപ്പടുക്കാൻ ആഗ്രഹിക്കുന്ന തീവ്രഇസ്‌ലാമിക കക്ഷികളായിരിക്കും.

2001-ലെ ബംഗ്ലാ പൊതുതെരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്‌ലാമി, ഇസ്‌ലാമി ഒയ്കാ ജോഡ് എന്നീ യാഥാസ്ഥിതിക കക്ഷികളുമായുള്ള സഖ്യത്തിലൂടെ ബി.എൻ.പി അധികാരത്തിലേറിയതുമുതൽ ഈ സഖ്യകക്ഷികൾ അവരുടെ ലക്ഷ്യം നേടാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അഫ്ഗാനിലേയും ഇറാഖിലേയും അമേരിക്കൻ ഇടപെടലുകളും ഇന്ത്യയിൽ അടുത്തകാലത്ത് വളർന്നുവരുന്ന തീവ്രഹിന്ദുത്വവും അതിനായി ഇവർ ഉപയോഗിക്കുന്നു. എന്നാൽ, ഭരണത്തിലേക്ക് കണ്ണുംനട്ട് അവസരവാദ രാഷ്ട്രീയം പയറ്റുന്ന രണ്ട് പ്രധാന കക്ഷികളുടേയും പ്രവർത്തനങ്ങൾ രാജ്യത്തെ ഇസ്‌ലാമിക വൽക്കരിക്കുന്നതിലേക്ക് പ്രധാന പങ്കുവഹിച്ചിട്ടുണ്ട്. പ്രധാന പ്രതിപക്ഷ പാർട്ടിയായ അവാമി ലീഗ് 'ബംഗ്ലാദേശ് ഖിലാഫത്ത് മജ്‌ലിസ്' എന്ന തീവ്രഇസ്‌ലാമിക കക്ഷിയുമായി 2006 ഡിസംബറിൽ സഖ്യത്തിലേർപ്പെടുകയുണ്ടായി.

(ശേഷം 8-ാം പേജിൽ)

# പ്രകാശം പരത്തുന്ന ജീവിതങ്ങൾ

## (സഹാബിമാരുടെ ജീവിതാനുഭവങ്ങൾ)

## ഹദ്റത്ത് കരീം ബീബി സാഹിബ(റ.അ)

പി.കെ. വാഴക്കാല

പ്രവാചകന്മാർ മുഖേന നിലവിൽ വരുന്നത് വെറും ആൾക്കൂട്ടമല്ല. മറിച്ച്, ആത്മസംസ്കരണത്തിന്റെയും ആത്മസമർപ്പണത്തിന്റെയും ജീവൽമാതൃകകളാണ്. തങ്ങളിൽ അത്ഭുതകരമായ പരിവർത്തനം നടത്തിയ വ്യക്തിത്വങ്ങളുടെ ജമാഅത്തിനെ നൽകി അല്ലാഹു ഹദ്റത്ത് അഹ്മദ്(അ)നെ ഇക്കാലഘട്ടത്തിൽ അനുഗ്രഹിച്ചിരിക്കുന്നു. ആൺപെൺ വ്യത്യാസമില്ലാതെ ത്യാഗത്തിന്റെ ഉന്നതമായ മാതൃക അവർ നിലനാട്ടി. മുൻശി ഇമാമുദ്ദീൻ സാഹിബ്(റ)ന്റെ ആദരണീയപത്നിയാണ് കരീം ബീബി സാഹിബ(റ.അ). 1894-ൽ മുൻശി സാഹിബിന്റെ ബയ്അത്തിന് ഏകദേശം ഏഴുമാസങ്ങൾക്കു ശേഷമാണ് കരീം ബീബി സാഹിബ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചത്.

ലളിത ജീവിതം നയിച്ചിരുന്ന ബീബി സാഹിബയുടെ ശുചിത്വബോധവും ആതിഥ്യ മര്യാദയും ചരിത്രത്തിൽ പ്രത്യേകം പ്രതിപാദിക്കപ്പെടുന്നുണ്ട്. ഇവർ വീടും പരിസരവും ശുചിയാക്കിവെക്കുന്നതിൽ എന്നും അതീവ നിഷ്കർഷത പുലർത്തിപ്പോന്നു. അതിഥി സൽക്കാരം മുഖമുദ്രയായിരുന്ന ഇവർ വീട്ടുസാധനങ്ങളെല്ലാം മനോഹരമായി ക്രമപ്പെടുത്തിവെക്കുമായിരുന്നു. താമസസ്ഥലം 'ലോചുപ്' എന്ന ഒരു ഗ്രാമമായതിനാൽ കോഴിയും മുട്ടയും പാലും വീട്ടിൽ സുലഭമായിരുന്നു. അതിഥികൾ വീട്ടിലെത്തിപ്പെട്ടാൽ ഏതു സമയത്തായിരുന്നാലും യാതൊരു വേവലാതിയും കൂടാതെ വളരെ സന്തോഷത്തോടെ അവരെ സ്വീകരിക്കുകയും അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി അത് നിറവേറ്റുന്നതിനായി പരിശ്രമിക്കുകയും ചെയ്തുപോന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും അദ്ദേഹത്തിന്റെ കുടുംബത്തോടും അതീവ ഭക്ത്യാദരങ്ങൾ പുലർത്തിപ്പോന്ന ബീബി സാഹിബക്കും കുടുംബത്തിനും തിരിച്ചും സ്നേഹവാത്സല്യങ്ങൾ ലഭിച്ചു. ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ്(റ) ഖലീഫയായി തിരഞ്ഞെടുക്കപ്പെടുന്നതിന് മുമ്പേ ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ(റ.അ), ഹദ്റത്ത് അമ്മാജാൻ(റ.അ) (രണ്ടാം ഖലീഫയുടെ പത്നി), സയ്യിദ ഉമ്മുനാസിർ എന്നിവർ ബീബി സാഹിബയുടെ ഭവനം സന്ദർശിക്കുക പതിവായിരുന്നു. കൂടെക്കൂടെ ഖാദിയാൻ സന്ദർശിക്കാൻ അവരെ ഉപദേശിച്ചിരുന്ന ഉമ്മുൽ മുഅ്മിനീൻ, അവർ ഖാദിയാനിലെത്തുമ്പോൾ സ്നേഹത്തോടെ ആശ്ലേഷിച്ച് സ്വീകരിക്കുകയും 'അദ്ദാറി'ൽതന്നെ ഭക്ഷണത്തിനും താമസത്തിനുമുള്ള സൗകര്യം ഏർപ്പാടാക്കിക്കൊടുക്കുകയും ചെയ്യുമായിരുന്നു. മസീഹ് മൗഊദ്(അ)ന്റെ യാതൊരു കൃത്രിമത്വവുമില്ലാത്ത വിനയാന്വിതമായ പെരുമാറ്റത്തെക്കുറിച്ച് ബീബി സാഹിബ ഇങ്ങനെ അനുസ്മരിക്കുന്നു.

“ഒരിക്കൽ ഞാൻ ഖാദിയാനിലെത്തി. ഹദ്റത്ത് അഹ്മദ്(അ) തന്റെ കട്ടിലിൽ ഇരുന്ന് എഴുതുകയായിരുന്നു. വളരെ ചെറിയ കുട്ടിയായിരുന്ന എന്റെ മകൻ സുഹൂർ അഹ്മദ് (ഹുസൂർ(അ) തന്നെയാണ് ആ പേരിട്ടത്) താഴെയിരുന്നു കളിക്കാൻ തുടങ്ങി. ഹുസൂർ ഇരുന്നിടത്തേക്കു തന്നെ ഭക്ഷണം കൊണ്ടുവരപ്പെട്ടു. വളരെ കാരുണ്യത്തോടെയും സ്നേഹത്തോടെയും ഹുസൂർ(അ) അവനെ അടുത്തിരുത്തുകയും സ്വന്തം കൈകൊണ്ട് ഭക്ഷണം കൊടുക്കുകയും ചെയ്തു.”

നല്ലനെയ്യ് ശുദ്ധമായ മൺപാത്രത്തിലാക്കിയും, ഇടയ്ക്ക് കോഴിയും ബദാമും പിസ്തയും ഇട്ട ശർക്കരയും ഹുസൂറിന് കാണിക്കയായി ഉമ്മുൽ മുഅ്മിനീന്റെ സമക്ഷം സമർപ്പിക്കുമായിരുന്നു. വിലകൊണ്ട് വളരെ നിസ്സാരമായ വസ്തുക്കളായിരുന്നിട്ടും ഹദ്റത്ത് സാഹിബ് അവ സസന്തോഷം സ്വീകരിച്ചിരുന്നു.

സൃഷ്ടിസേവന തല്പരത ബീബി സാഹിബയുടെ മറ്റൊരു സവിശേഷതയായിരുന്നു. ഗ്രാമത്തിലെ നിർധനരായ ആളുകളെ സഹായിക്കുന്നതിന് അവർ എപ്പോഴും സന്നദ്ധയായിരുന്നു. വീട്ടിൽ പ്രവർത്തിച്ചിരുന്ന ഒരു ക്ലിനിക്കിൽ അൽപം ചില മരുന്നുകൾ മാത്രമായിരുന്നു ഉണ്ടായിരുന്നതെങ്കിലും ഗ്രാമവാസികൾ അതിൽനിന്നും വലിയതോതിൽ പ്രയോജനമെടുത്തിരുന്നു. പുതുതായി ആരെങ്കിലും വന്ന് വാങ്ങിയ മരുന്നിന് വില നൽകുവാൻ തുനിഞ്ഞാൽ അത് ബീബിസാഹിബയെ വലിയ പ്രയാസത്തിലകപ്പെടുത്തിയിരുന്നു.

ചന്ദ നൽകുന്നതിൽ വളരെയേറെ നിഷ്കർഷത പുലർത്തിയിരുന്ന അവർ എല്ലാ ജുമുഅ ദിവസങ്ങളിലും ഒരു ചെറിയ തുക ഉറുമാലിൽ കെട്ടി പള്ളിയിൽ വെച്ചിരുന്ന പെട്ടിയിൽ ലോക്കൽ ആവശ്യത്തിനായി നിക്ഷേപിക്കുമായിരു

*(6-ാം പേജിൽ)*

*(3-ാം പേജിൽനിന്ന്)*

ണ്.

ജമാഅത്തംഗങ്ങൾ അനാചാരങ്ങളിൽനിന്നും ബിദ്അത്തുകളിൽനിന്നും അകന്നിരിക്കേണ്ടതാണ്.

1. അല്ലാഹു പറയുന്നു: “ചെലവഴിക്കുമ്പോൾ അമിതമാക്കുകയോ ലുബ്ധ് കാണിക്കുകയോ ചെയ്യാത്തവരുമാണവർ. അവ രണ്ടിനുമിടയിൽ മിതമായി അവർ ചെലവഴിക്കുന്നവരായിരിക്കും”*(25:68)*

2. തിരുനബി(സ)ന്റെ നിയോഗോദ്ദേശ്യത്തെ കുറിച്ച് അല്ലാഹു പറയുന്നു: “അവരിൽനിന്ന് അവരുടെ (അനാചാരങ്ങളുടെ) ഭാരത്തേയും അവരുടെ കഴുത്തുകളിൽ ഇട്ടിരിക്കുന്ന (ബിദ്അത്തിന്റെ) കുരുക്കുകളേയും അദ്ദേഹം ദൂരെയാക്കുന്നു *(7:158)*

3. ഹസ്റത്ത് മസീഹ് മൗഊദ്(അ) ബയ്അത്തിന്റെ പത്ത് നിബന്ധനകളിൽ പറയുന്നു: “ദുരാചാരങ്ങളിൽ നിന്നും ദുരാഗ്രഹങ്ങളിൽനിന്നും ഒഴിഞ്ഞുമാറുകയും അനാഡംബരമായ ജീവിതം നയിക്കുകയും ചെയ്യുന്നതാണ്.”

4. തഹ്‌രീകെ ജദീദ് ആഹ്വാനങ്ങളുടെ ഉദ്ദേശ്യം, ജമാഅത്ത് തങ്ങളുടെ അവസ്ഥക്കനുസരിച്ച് ചെലവഴിക്കുന്ന ശീലമുണ്ടാക്കണമെന്നതും നാശത്തിന്റെ ഗർത്തങ്ങളിൽ വീഴാതെ സംരക്ഷിക്കപ്പെടണമെന്നതും അങ്ങനെ ധനവാനും ദരിദ്രനും തമ്മിലുള്ള അന്തരം ദിനംപ്രതി കുറഞ്ഞുവരണമെന്നതും മാത്രമാണ്.

5. സകല അനാചാരങ്ങളേയും വേരോടെ പിഴുതെറിയുക എന്നത് അഹ്മദി ഭവനങ്ങളുടെ കർത്തവ്യമാണ്.

6. സഹോദരങ്ങൾക്കിടയിൽ 'ഭാജി' (വിവാഹാവസരങ്ങളിൽ അന്യസമുദായങ്ങൾ ദേവീദേവന്മാരെ തൃപ്തിപ്പെടുത്താൻ വിളമ്പുന്ന ഒരു പ്രത്യേകതരം പലഹാരം) വിതരണം ചെയ്യുന്നതും ശരീഅത്തിന്റെ വീക്ഷണത്തിൽ ഹറാമാണ്. പടക്കം പൊട്ടിക്കുന്നതും നപുംസകങ്ങൾക്കും മറ്റും കൊടുക്കുന്നതും ഹറാമിൽപെടുന്നു.

7. ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വരന്റെ ആറു മാസം മുതൽ ഒരു വർഷം വരെയുള്ള വരുമാനമാണ് മഹർ ആയി നിശ്ചയിച്ചിരിക്കുന്നത്.

8. പെൺവീട്ടുകാരോട് ആഭരണങ്ങളും വസ്ത്രങ്ങളും മറ്റും ആവശ്യപ്പെടുന്നത് ലജ്ജാകരമായ പ്രവൃത്തിയാണ്. (മുസ്‌ലിഹ് മൗഊദ്(റ)

9. വിവാഹാവസരത്തിലെ മൈലാഞ്ചിയുമായി ബന്ധപ്പെട്ട് നടത്തിവരുന്ന അനാചാരങ്ങളും നമ്മുടെ പക്കൽ അനിസ്‌ലാമികമാണ്.

10. നോട്ടുമാല ഇടുന്നതും വധുവിന്റെ തലയിൽ കുടുമ കെട്ടുന്നതും അനാവശ്യവും അനാചാരവുമാണ്.

11.സ്ത്രീയുടെ വീട്ടിൽ നിന്ന് കൊടുക്കുന്ന സമ്മാനങ്ങൾ മറ്റുള്ളവരുടെ മുമ്പാകെ പ്രദർശിപ്പിക്കുന്നത് ശരിയല്ല. കൊടുക്കുന്നതെന്തും പെട്ടികളിൽ അടക്കെ ചെയ്ത് കൊടുക്കേണ്ടതാണ്. വരന്റെ വീട്ടുകാർ സ്ത്രീധനം ആഗ്രഹിക്കുന്നതും ചോദിക്കുന്നതും നല്ല കാര്യമല്ല.

12. **വിവാഹസമയത്തെ അതിഥി സൽക്കാരം:-** സയ്യിദുനാ ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) വിവാഹക്ഷണത്തെ സംബന്ധിച്ച് നൽകിയ പ്രധാനപ്പെട്ടതും അടിസ്ഥാനപരവുമായ നിർദ്ദേശം ഇങ്ങനെയാണ്. അതിഥികളെ സൽക്കരിക്കൽ നിർബന്ധമാണ്. അതോടൊപ്പം അതിഥി സൽക്കാരസമയത്ത് കൃത്രിമത്വവും അനാവശ്യചെലവും ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.

ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പെൺകുട്ടിയെ വിവാഹം ചെയ്തയക്കുമ്പോൾ പെൺകുട്ടിയുടെ വീട്ടുകാർക്ക് അവരുടെ അവസ്ഥക്കനുസരിച്ച് അതിഥികളോടുള്ള കടമ നിർവ്വഹിക്കാവുന്നതാണ്. എന്നാൽ, പെൺകുട്ടിയുടെ വീട്ടുകാർ പ്രാദേശിക അതിഥികൾക്ക് ഭക്ഷണം കൊടുക്കണമെന്നുള്ളത് നിർബന്ധമുള്ള കാര്യമല്ല.

* ഒരു കാര്യം ഓർക്കുക. വധൂവരന്മാർ ദാമ്പത്യജീവിതത്തിൽ പ്രവേശിച്ച ശേഷം വരൻ തന്റെ കഴിവനുസരിച്ച് വലീമ നടത്തേണ്ടതാണ്. വലീമയിൽ നിർധനരായ ആളുകളെ തീർച്ചയായും ഉൾപ്പെടുത്തേണ്ടതാണ്.

ക്ഷണിക്കാതെ വിവാഹ സദ്യക്ക് പോകുന്നതും കുട്ടികളെ കൂടെ കൊണ്ടുപോകുന്നതും തെറ്റാണ്. തിരുനബി(സ) അത്തരക്കാരെ കള്ളന്മാരും കൊള്ളക്കാരുമെന്നാണ് പറഞ്ഞിട്ടുള്ളത്.

പർദ്ദ:-

ഹസ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെയും

*(ശേഷം 6-ാം പേജിൽ)*

*(1-ാം പേജിൽനിന്ന്)*

ഹം. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ നൽകിവരുന്ന സേവനങ്ങളെ അദ്ദേഹം എടുത്തുപറഞ്ഞു.

ഗാംബിയ ജമാഅത്ത് അമീർ മൗലാനാ ബാബ എഫ്. റാവല്ലി തന്റെ പ്രസംഗത്തിൽ ജനങ്ങളുടെ സേവനത്തിന്നായി ഖാദിംകൾ സന്നദ്ധമാകണമെന്നും അതില്ലാതെ ധാർമ്മികമായും ആത്മീയമായും ഉയരാൻ സാധിക്കില്ലായെന്നും പറഞ്ഞു.

ഖിലാഫത്തെ റാശിദായുടെ രണ്ടു ഘട്ടങ്ങളെ സംബന്ധിച്ച് ഗാംബിയ മിഷനറി ഇൻചാർജ്ജ് സയ്യിദുൽഹസ്സൻശാ സംസാരിച്ചു. മുൻകഴിഞ്ഞുകടന്ന സമുദായങ്ങളെ പോലെ തങ്ങളിലും ഖിലാഫത്ത് അനുഗ്രഹിച്ചരുളുമെന്ന് അല്ലാഹു വിശ്വാസികൾക്ക് വാഗ്ദാനം നൽകിയതാണെന്നും അതാണ് ഇന്നത്തെ അഹ്മദിയ്യാ ഖിലാഫത്തെന്നും അദ്ദേഹം പറഞ്ഞു. നബി തിരുമേനിക്കുശേഷം ഹദ്റത്ത് അലി(റ) വരെ ഖിലാഫത്ത് ശക്തമായിരുന്നുവെന്നും പിന്നീട് മുസ്‌ലിംകൾ ധാർമ്മികമായി അധഃപതിച്ചുപോയപ്പോൾ അല്ലാഹു അത് എടുത്തുകളയുകയായിരുന്നുവെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

അപ്പർ റിവർ റീജിയൻ മിഷണറി മൂസബാഹ്, നബി (സ) തിരുമേനിയുടെ വിടവാങ്ങൽ പ്രസംഗത്തെ ആസ്പദമാക്കി സംസാരിച്ചു.

ഖുദ്ദാമുൽ അഹ്മദിയ്യാ സദ്ർ, ബ്രദർ കാരമോ ടൗരേ ത്യാഗമനോഭാവത്തോടെ ഖാദിംകൾ ജീവിക്കണമെന്ന് ആഹ്വാനം ചെയ്തു.

ഇജ്തിമായുടെ സമാപനത്തിൽ വിവിധ മത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു.

*(1-ാം പേജിൽനിന്ന്)*

ളെന്നും പോലീസ് കൂട്ടിച്ചേർത്തു. 1974-ൽ പാക്കിസ്ഥാൻ അസംബ്ലി അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചതുമുതൽ അവിടുത്തെ മാറിമാറി വരുന്ന ഭരണകൂടങ്ങൾ അഹ്മദികളെ പീഡിപ്പിക്കുകയാണ്. ഏകദേശം 2 മില്യൺ അഹ്മദികൾ പാക്കിസ്ഥാനിലുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്.

# ഇന്റർനാഷണൽ ബുക്ക്ഫെയറിൽ അഹ്മദിയ്യാ ബുക്ക് സ്റ്റാൾ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു

പ്രത്യേക പ്രതിനിധി




**കോ**ഴിക്കോട് നടത്തിയ മലബാർ ഷോപ്പിങ്ങ് ഫെസ്റ്റിവലിനോടനുബന്ധിച്ച് സംഘടിപ്പിക്കപ്പെട്ട ഇന്റർനാഷണൽ ബുക്ക് ഫെയറിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഒരുക്കിയ സ്റ്റാൾ പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. ജമാഅത്തിന്റെ സാഹിത്യങ്ങൾ വാങ്ങുന്നതിനും സംശയനിവാരണങ്ങൾക്കുമായി മിക്ക സമയങ്ങളിലും സ്റ്റാളിനു മുമ്പിൽ പ്രത്യക്ഷപ്പെട്ട തിരക്ക് മറ്റു സ്റ്റാളുകളുടെ ആൾക്കാരേയും കാണാൻ വന്നവരേയും അദ്ഭുതപ്പെടുത്തി. സേവനസന്നദ്ധരായി സ്റ്റാളിൽ പ്രവർത്തിച്ച ഖാദിം സഹോദരങ്ങൾ പുസ്തക വില്പനയിൽ മാത്രം ശ്രദ്ധിക്കാതെ അവ പരിചയപ്പെടുത്തുന്നതിനും സമയം കണ്ടെത്തി. വിശുദ്ധഖുർആന്റെ മലയാള പരിഭാഷയും വാഗ്ദത്ത മസീഹിന്റെ വിഖ്യാതഗ്രന്ഥമായ 'ഇസ്‌ലാംമതതത്വജ്ഞാനവും കൂടുതലായി വിറ്റഴിക്കപ്പെട്ടു. കൂടാതെ സ്റ്റാളിലെത്തുന്ന മുഴുവനാളുകൾക്കും ജമാഅത്തിനെ പരിചയപ്പെടുത്തിക്കൊണ്ടുള്ള നോട്ടീസുകളും വിതരണം ചെയ്യുകയുണ്ടായി.

ജമാഅത്തെ ഇസ്‌ലാമിയുടെ ലൈബ്രറിയായ ഹിറാസെന്ററിനുവേണ്ടി ഈ സ്റ്റാളിൽനിന്നും വിശുദ്ധഖുർആൻ മലയാള പരിഭാഷ, ഇസ്‌ലാംമത തത്വജ്ഞാനം, അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം, ഇശാഅത്തുകാർക്കുള്ള മറുപടി എന്നീ ഗ്രന്ഥങ്ങൾ വാങ്ങിയത് പ്രത്യേകം പ്രസ്താവ്യമാണ്. കോഴിക്കോട്, മാത്തോട്ടം മജ്‌ലിസുകളിലെ ഖാഇദുമാരുടെ നേതൃത്വത്തിൽ അവിടങ്ങളിലെ ഖാദിംകൾ മുഴുവൻ ദിവസങ്ങളിലും സ്റ്റാളിൽ സേവനമനുഷ്ഠിച്ചു.

## ഖുർആൻ

"താനുദ്ദേശിക്കുന്നവർക്ക് അല്ലാഹു സമൃദ്ധമായി ജീവിതവിഭവം നൽകുന്നു. (താനുദ്ദേശിക്കുന്നവർക്ക്) അത് ഞെരുക്കുകയും ചെയ്യുന്നു. ഐഹിക ജീവിതം കൊണ്ട് അവർ ആഹ്ലാദം കൊള്ളുകയാണ്. എന്നാൽ, പരലോകത്തെ അപേക്ഷിച്ച് ഐഹികജീവിതം (താൽക്കാലികമായ) സുഖാനുഭൂതി മാത്രമാണ്." (*13:27*)

## നബിവചനം

"ഉദാരമനസ്കനായൊരു വ്യക്തി അല്ലാഹുവുമായി അടുത്തവനാണ്. ജനങ്ങളുമായി അടുത്തവനാണ്. സ്വർഗ്ഗവുമായി അടുത്തവനാണ്. എന്നാൽ, നരകത്തിൽ നിന്നും ദൂരസ്ഥനാണ്. നേരെമറിച്ച് ഒരു ലുബ്ധൻ അല്ലാഹുവിൽനിന്നും ദൂരസ്ഥനാണ്. മനുഷ്യരിൽനിന്നും ദൂരസ്ഥനാണ്. സ്വർഗ്ഗത്തിൽനിന്നും ദൂരസ്ഥനാണ്. പക്ഷേ, നരകവുമായി അടുത്തവനാണ്. ഉദാരമതിയായ അജ്ഞൻ ലുബ്ധനായ ആരാധകനേക്കാൾ അല്ലാഹുവിന് പ്രിയങ്കരനാണ്." (*രിസാല ഖുശ്‌രിയ്യ*)

## യുഗശബ്ദം



സാത്വികരായിട്ടുള്ളവരുടെ ഒരു ഗണത്തെ ഒരുമിച്ചുകൂട്ടുകയും അത്തരക്കാരുടെ ഒരു വലിയ ഗണം മുഖേന ലോകത്ത് പ്രഭാവം ചെലുത്തുമാറാകയും, അവർ ഐക്യത്തിൽ വർത്തിക്കുന്നത് ഇസ്‌ലാമിന് അനുഗ്രഹത്തിന്റേയും മഹത്വത്തിന്റേയും ഒരു സ്രോതസ്സായി തീരുകയും അതുവഴി ഇസ്‌ലാമിന് ഉത്തമഫലങ്ങൾ ചൊരിയപ്പെടുകയും ചെയ്യണമെന്ന ഉദ്ദേശ്യത്തോടെയാണ് ബയ്അത്ത് വ്യവസ്ഥിതി ഏർപ്പെടുത്തിയിട്ടുള്ളത്. ഒരടിസ്ഥാനതത്ത്വത്തിൽ ഏകാഭിപ്രായക്കാരായിരുന്നുകൊണ്ട് അതിന്റെ അനുഗ്രഹത്തിൽ ഇസ്‌ലാമിന്നായി നിർമ്മലവും പരിശുദ്ധവുമായ സേവനമർപ്പിക്കുവാൻ അവൻ സദാ സന്നദ്ധരായിരിക്കണം. അവർ മടിയരോ ലുബ്ധരോ ലക്ഷ്യമില്ലാത്തവരോ ആയ മുസ്‌ലിംകളായിരിക്കരുത്. ഭിന്നിപ്പുകളാലും അനീതികളാലും ഇസ്‌ലാമിന് വലുതായ ഹാനി വരുത്തിവെക്കുകയും ദുഷ്ടജീവിതം നയിച്ചുകൊണ്ട് ഇസ്‌ലാമിന്റെ സുന്ദരമായ മുഖത്ത് കരിതേക്കുകയും ചെയ്തിട്ടുള്ള ആ കൊള്ളരുതാത്തവരെ പോലെയും ആകരുത്. അവർ ലോകകാര്യങ്ങളിൽ നിന്നെല്ലാം അകന്നുമാറുകയും ഇസ്‌ലാമിന്റെ ആവശ്യങ്ങളെക്കുറിച്ച് ബോധഹീനരായിരിക്കുകയും തങ്ങളുടെ സഹോദരന്മാരുടെ ക്ഷേമത്തെക്കുറിച്ച് അശ്രദ്ധരായിരിക്കുകയും മനുഷ്യസമൂഹത്തിൽ നന്മ വളർത്തേണ്ട കാര്യത്തിൽ ഉത്സുകരല്ലാതിരിക്കുകയും ചെയ്യുന്ന ദർവേശുകളെ പോലെയും ആകരുത്. അവർ പാവങ്ങൾക്ക് അഭയകേന്ദ്രങ്ങളായിരിക്കുമാറ് ജനത്തിന്റെനേരെ അനുകമ്പയുള്ളവരായിരിക്കണം. തങ്ങളെതന്നെ ബലിയർപ്പിക്കാൻ സന്നദ്ധരായിരിക്കുമാറ് അവർ ഇസ്‌ലാമികധർമ്മങ്ങൾ നിർവ്വഹിക്കുന്നതിൽ അതീവ കുതുകികളായിരിക്കണം. തങ്ങളുടെ അനുഗ്രഹങ്ങൾ ലോകത്ത് പരക്കുന്നതിന് അവർ എല്ലാ കാര്യങ്ങളും ചെയ്യണം. ദൈവികകാര്യങ്ങളോടുള്ള സ്നേഹത്തിന്റേയും ദൈവത്തിന്റെ ദാസരോടുള്ള അനുകമ്പയുടെയും വിശുദ്ധമായ നീരുറവ എല്ലാ ഹൃദയങ്ങളിൽനിന്നും പൊട്ടിയൊലിച്ചു തുടങ്ങുകയും അതൊരു നദിപോലെ പ്രവഹിക്കുന്നത് കാണുമാറാകയും വേണം. സർവ്വശക്തനായ ദൈവം അവന്റെ പ്രത്യേക വരപ്രസാദങ്ങളാൽ അവരുടെ വിശുദ്ധമായ കഴിവുകൾ വെളിപ്പെടുത്തുന്നതിന് ഈ വിനീതന്റെ പ്രാർത്ഥനകളെയും ശ്രദ്ധകളെയും ഉപകരണോപാദികളാക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ഈ അന്വേഷകരുടെ ആന്തര പരിശീലനത്തിൽ ഞാൻ ഏർപ്പെടണമെന്നും, അഹന്തയുടെയും സാത്താന്റെയും ബന്ധനത്തിൽനിന്നും ഒരാളെ മോചിപ്പിക്കുകയും ദൈവികമായ വഴികളോടുള്ള സഹജമായ സ്നേഹം വളർത്തുകയും ചെയ്യുന്ന ആ പ്രകാശ പൊലിമയ്ക്ക് വേണ്ടി അവർക്കായിട്ട് ഞാൻ യാചന നടത്തണമെന്നും ആ പരമപാവനനും മഹത്വവാനുമായ ദൈവം എനിക്ക് ആകാംക്ഷയോടെ ബോധനം നൽകിയിരിക്കുന്നു. പരിപൂർണ്ണമായ ഒരുക്കങ്ങളും ആത്മാർത്ഥമായ ദൈവികസേവനങ്ങളും കൂടിച്ചേരുമ്പോൾ സംജാതമാകുന്ന പരിശുദ്ധാത്മാവിന് വേണ്ടി അവർക്കായിട്ട് ഞാൻ ആവശ്യപ്പെടും. ദുരഹങ്കാരവും സാത്താനികശക്തിയും കൂടിച്ചേരുമ്പോൾ സംജാതമാകുന്ന ദുഷ്ടാത്മാവിൽനിന്നുള്ള അവരുടെ മോചനം സാധിക്കുന്നതിനും ഞാൻ പരിശ്രമിക്കുന്നതാണ്. അങ്ങനെ അല്ലാഹുവിന്റെ സഹായത്താൽ തികഞ്ഞ ആത്മാർത്ഥതയോടെ ഈ പ്രസ്ഥാനത്തിൽ ചേർന്നിട്ടുള്ള എന്റെ സ്നേഹിതന്മാരെ സംസ്കരിച്ചെടുക്കാൻ പരിശ്രമിക്കുന്നതിൽ ഞാൻ പിന്നിലാകുകയോ അശ്രദ്ധനായിരിക്കുകയോ ഗൗനിക്കാതിരിക്കുകയോ ചെയ്യുന്നതല്ല. അവർ ജീവിക്കുന്നതിനു വേണ്ടി മരണം വരിക്കാൻതന്നെ ഞാൻ തയ്യാറായിരിക്കും." **(*ഇസാലെ ഔഹാം*)**

# റബ്‌വ ഫസ്‌ലെ ഉമർ ആശുപത്രി ആതുരസേവനരംഗത്ത് ഒരു മാതൃകാ സ്ഥാപനം


**എസ്. ഉദ്ദീൻ**

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ആതുരസേവനരംഗത്ത് പ്രവേശിക്കുന്നത് 1917-ൽ ഖാദിയാനിൽ ആശുപത്രി സ്ഥാപിക്കുന്നതോടെയാണ്. ഹദ്റത്ത് മിർസാ നാസിർ നവാബ് സാഹിബാണ് പ്രസ്തുത ആശുപത്രി സ്ഥാപിക്കുന്നതിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്നത്. 'നൂർ ഹോസപിറ്റൽ' എന്ന് നാമധേയം നൽകിയ ഈ സ്ഥാപനം 1947 ആകുമ്പോഴേക്കും അറിയപ്പെടുന്ന ഒരു ആശുപത്രിയായി മാറി. ആ കാലഘട്ടത്തിലെ പ്രമുഖ ഡോക്ടർമാരും സർജന്മാരും അവിടെ സേവനനിരതരായിരുന്നു. ഇന്ത്യാ വിഭജനത്തിനു ശേഷം നൂർ ഹോസ്പിറ്റലിലെ മുഴുവൻ ജീവനക്കാരും ഖാദിയാനിൽ നിന്നും പാക്കിസ്ഥാനിലേക്ക് കുടിയേറി. തുടർന്ന് അഹ്മദികളെ പുനരധിവസിപ്പിക്കുന്നതിനായി റബ്‌വയിൽ അഹ്മദിയ്യാ കോളനി സ്ഥാപിക്കപ്പെട്ടു. റബ്‌വ പട്ടണം പടുത്തുയർത്തുന്നതിന്റെ ആദ്യപടിയായി ഖാദിയാനിലെ നൂർഹോസ്പിറ്റലിലെ ജീവനക്കാരെ വെച്ചുകൊണ്ട് റബ്‌വയിൽ ഒരു ആശുപത്രി സ്ഥാപിക്കപ്പെട്ടു. ഹദ്റത്ത് ഡോ. ഹസ്മത്തുല്ലാഖാൻ സാഹിബ്(റ) നായിരുന്നു ആശുപത്രിയുടെ ചുമതല. രണ്ടാം ഖലീഫ(റ)യുടെ പുത്രനായ ഡോ. മിർസാ മുനവ്വർ അഹ്മദ് സാഹിബിന്റെ സേവനവും ഇവിടെ ലഭ്യമാക്കി. അദ്ദേഹം വളരെ ചുരുങ്ങിയ ജീവനക്കാരുമായി ഒരു വീട്ടിൽ ആശുപത്രിയുടെ പ്രവർത്തനം ആരംഭിച്ചു. അതിനുശേഷം മൺകട്ടയും മറ്റുമുപയോഗിച്ച് ആശുപത്രി പണിയുകയും ആരോഗ്യമേഖലയിൽ സേവനം അനുഷ്ഠിക്കുകയും ചെയ്തു. ഒപ്പം പുതിയ ആശുപത്രി കെട്ടിടം പണിയുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്തു.




*ഫസ്‌ലെ ഉമർ ആശുപത്രി*

ഫസ്‌ലെ ഉമർ ആശുപത്രി കെട്ടിടത്തിന്റെ തറക്കല്ലിടൽ ചടങ്ങ് 1956-ൽ മുസ്‌ലിഹ് മൗഊദ് ദിനമായ ഫെബ്രുവരി 20-ന് ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദഹ്മദ് സാഹിബ്(റ) നിർവ്വഹിച്ചു. അഹ്മദികളുടെ ഉദാരമായ സംഭാവന കൊണ്ട് പൂർത്തീകരിച്ച കെട്ടിടം 1958 സെപ്തംബർ 21-ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. ഡോ. മിർസാ മുനവ്വർ സാഹിബിനെ ആദ്യത്തെ ചീഫ് മെഡിക്കൽ ആഫീസറായി നിയമിക്കുകയും ചെയ്തു. ഒ.പി. വിഭാഗം, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം പ്രത്യേകം മെഡിക്കൽ, സർജിക്കൽ വാർഡുകൾ, ഓപ്പറേഷൻ തിയേറ്റർ, ലേബർറൂം, എക്സറേ സൗകര്യങ്ങൾ, ഇലക്ട്രോ കാർഡിയോഗ്രാഫി, ക്ലിനിക്കൽ ലബോറട്ടറി, ഏതാനും സ്വകാര്യമുറികൾ എന്നിവയാണ് ആദ്യഘട്ടത്തിൽ നിർമ്മിക്കപ്പെട്ടത്. തുടർന്ന് ഘട്ടം ഘട്ടമായി വികസിപ്പിച്ച് ഇന്ന് ഈ ആശുപത്രി ലോകത്തിലെതന്നെ പ്രധാനപ്പെട്ട ഒരു ആശുപത്രിയായി മാറിയിരിക്കുകയാണ്. ഇത്തരത്തിലുള്ള വികസനത്തെ സഹായിച്ചത് ലോകമാകമാനമുള്ള അഹ്മദികളുടെ സാമ്പത്തികത്യാഗം ഒന്നു മാത്രമാണ്.



*ബീഗം സുബൈദാ ബാനി വിംഗ്*

1982-ൽ ഏകദേശം 25 വർഷത്തെ സേവനത്തിനു ശേഷം ഡോ. മിർസാ മുനവ്വർ സാഹിബ് വിരമിക്കുകയും ആ സ്ഥാനത്ത് ഡോ. ലതീഫ് എ ഖുറൈശി സാഹിബ് എത്തിച്ചേരുകയും ചെയ്തു. 1986-ൽ നാലാം ഖലീഫ ഹദ്റത്ത് മിർസാ താഹിർ അഹ്മദ് സാഹിബ്(റഹ്) ആശുപത്രിയുടെ വികസനത്തിനായുള്ള പദ്ധതികൾ സമർപ്പിക്കുന്നതിന് ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തുകയുണ്ടായി. കമ്മിറ്റി നൽകിയ നാല് ഘട്ടങ്ങളായുള്ള പദ്ധതി ഹുസൂർ 1985-ൽ അംഗീകരിച്ചു. തുടർന്നിങ്ങോട്ട് ത്വരിതഗതിയിലുള്ള വികസനമാണുണ്ടായത്. 1989-ൽ ഡോക്ടർമാർക്കായി നാല് ക്വാർട്ടറുകൾ നിർമ്മിക്കപ്പെട്ടു. ആശുപത്രിക്ക് ആവശ്യമായ മരാമത്ത് പണികളും ഒപ്പം നടത്തി. 1990-ൽ നഴ്സ്മാർക്കായി ഹോസ്റ്റലും ഒരു സ്കൂളും നിർമ്മിച്ചു. 1991-ൽ ആശുപത്രിയോടനുബന്ധിച്ച് പുതിയ പ്രസവവാർഡ് സ്ഥാപിക്കപ്പെട്ടു. 1992-ൽ 'നവാബ് മുഹമ്മദ് ദീൻ ബ്ലോക്ക്' എന്ന പേരിൽ പുതിയ ഒ.പി. വിഭാഗം പൂർത്തീകരിച്ചു. 1993-ൽ ലബോറട്ടറി കെട്ടിടം നിർമ്മിക്കപ്പെട്ടു. 1995-ൽ പുതിയ റേഡിയോളജി ബ്ലോക്കിന്റെയും ഓപ്പറേഷൻ തിയേറ്ററിന്റെ വികസനത്തിന്റേയും പണി പൂർത്തീകരിക്കപ്പെട്ടു. 2003-ൽ ഗൈനക്കോളജി വിഭാഗത്തിനു വേണ്ടി 'ബീഗം സുബൈദ



*താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട്*

(ശേഷം 8-ാം പേജിൽ)

(5-ാം പേജിൽനിന്ന്)

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെയും നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ:

* വിവാഹാവസരത്തിൽ പർദ്ദയുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആതിഥേയർ പർദ്ദയെ മുൻനിറുത്തി സ്ത്രീകൾക്കും പുരുഷന്മാർക്കും വെവ്വേറെ ഇരിക്കാനും ഭക്ഷണം കഴിക്കാനുമുള്ള ഏർപ്പാട് ചെയ്യേണ്ടതാണ്.

* സ്ത്രീകൾക്ക് സ്ത്രീകൾ ഭക്ഷണം വിളമ്പേണ്ടതാണ്. പുരുഷന്മാർ പുറത്തുനിന്ന് ഭക്ഷണം എത്തിച്ചുകൊടുക്കാവുന്നതാണ്.

* വീഡിയോ എടുക്കേണ്ടത് നിർബന്ധമാണെങ്കിൽ അതിനുമുമ്പേ അതിഥികളായ സ്ത്രീകളോട് വീഡിയോയിൽ പെടാതിരിക്കാൻ പർദ്ദയെക്കുറിച്ച് നല്ലപോലെ വിളംബരപ്പെടുത്തേണ്ടതാണ്.

* വധൂവരന്മാരുടെ ഫോട്ടോകൾ എടുക്കുമ്പോൾ കുടുംബത്തിൽപെടാത്ത അന്യസ്ത്രീകൾ അടുത്തിരുന്ന് ഫോട്ടോകൾ എടുക്കരുത്.

* വരന്റെ മുമ്പിൽ കുടുംബത്തിൽപെടാത്ത അന്യസ്ത്രീകൾ പർദ്ദ ആചരിക്കുകയും കളിതമാശകൾ ഒഴിവാക്കുകയും ചെയ്യേണ്ടതാണ്.

* ഏതെങ്കിലും വിവാഹാവസരത്തിൽ ഈ നിർദ്ദേശങ്ങൾ ലംഘിക്കപ്പെടുന്നതായി കാണുമ്പോൾ ഭാരവാഹികൾ ആതിഥേയന്റെ ശ്രദ്ധയിൽപെടുത്തി തെറ്റ് തിരുത്തേണ്ടതാണ്. ആതിഥേയൻ തെറ്റ് തിരുത്തുന്നില്ലെങ്കിൽ അനിഷ്ടകരമായ ഇത്തരം പ്രവർത്തികളോട് പ്രതിഷേധം പ്രകടിപ്പിച്ചുകൊണ്ട് അഹ്മദികളായ അതിഥികൾ ആ സദസ്സിൽനിന്ന് എഴുന്നേറ്റ് പോകേണ്ടതാണ്.

വധൂവരന്മാരുടെ വീട്ടുകാർ വിവാഹാവസരത്തിൽ നമസ്കാരത്തിന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. വിവാഹ പരിപാടികൾ കാരണത്താൽ നമസ്കാരം നഷ്ടപ്പെടുന്നത് ബർക്കത്ത് (ദൈവികാനുഗ്രഹങ്ങൾ) ഇല്ലാതാക്കുന്നതാണ്.

***നാസിർ ഇസ്‌ലാഹൊ ഇർശാദ്, ഖാദിയാൻ***

(5-ാം പേജിൽനിന്ന്)

ന്നു. പിന്നീട് ഈ സംവിധാനം നിറുത്തിയപ്പോൾ പ്രസ്തുത തുക ലജ്നപ്രവർത്തകരെ ഏൽപ്പിച്ചു പോന്നു. ലണ്ടൻപള്ളി നിർമ്മാണത്തിന് ചന്ദ നൽകുവാനായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ) ലജ്നകളെ ആഹ്വാനം ചെയ്തപ്പോൾ കരീം ബീബി സാഹിബ തന്റെ പക്കലുണ്ടായിരുന്ന ആഭരണങ്ങളിൽ മാതാവിന്റെ ഓർമ്മയ്ക്കായി ഒരാഭരണം മാത്രം മാറ്റിവെച്ച് ബാക്കി മുഴുവനും ഹുസൂറിന് സമർപ്പിക്കുകയുണ്ടായി.


വസിയ്യത്ത് പദ്ധതിയിൽ അംഗമായിരുന്ന ബീബി സാഹിബ വസിയ്യത്ത് ചന്ദയും സ്വത്തിന്റെ വിഹിതവും കൃത്യമായും നൽകുകയുണ്ടായി. സ്വത്ത് വിഹിതം ജീവിതകാലത്തുതന്നെ അടച്ചുതീർത്തെങ്കിലും ഓഫീസ് ജീവനക്കാർ തുക മറ്റേതോ ഫണ്ടിലേക്കാണ് നിക്ഷേപിച്ചത്. ഈ തെറ്റ് വളരെ നിസ്സാരമായി തിരുത്താൻ സാധിക്കുമായിരുന്നുവെങ്കിലും മറ്റൊരു ഫണ്ടിലേക്ക് നിക്ഷേപിക്കപ്പെട്ട തുക തിരിച്ചെടുക്കാൻ തുനിഞ്ഞില്ല. പകരം തുക ഒരിക്കൽകൂടി അടക്കുകയാണ് ചെയ്തത്. അങ്ങനെ വസിയ്യത്ത് വിഹിതം രണ്ടുപ്രാവശ്യം അടച്ചുതീർത്ത അപൂർവ്വ വ്യക്തിത്വത്തിനുടമയായി.

തന്റെ ജനാസ നമസ്കാരത്തിന് അമീറുൽ മുഅ്മിനീൻ തന്നെ നേതൃത്വം നൽകണമെന്നത് അവരുടെ ആത്മാഭിലാഷമായിരുന്നു. അല്ലാഹു അവരുടെ ഈ ആഗ്രഹം പൂർത്തീകരിച്ചു. 1948-ൽ റബ്‌വയിലേക്കുപോയ ബീബി സാഹിബ നവംബർ 7-ന് വഫാത്തായി. അപ്പോൾ ലാഹോറിലായിരുന്ന ഖലീഫത്തുൽ മസീഹ് സാനി(റ) ജനാസ ഖബർസ്ഥാനിലെത്തുമ്പോഴേക്കും റബ്‌വയിലെത്തിച്ചേർന്നു. മരണവിവരമറിഞ്ഞ ഹുസൂർ ഉടൻതന്നെ ഖബർസ്ഥാനിലെത്തുകയും ജനാസ നമസ്കാരത്തിന് നേതൃത്വം നൽകുകയും ചെയ്തു. അല്ലാഹു അവരുടെ എല്ലാ സേവനങ്ങൾക്കും സ്വീകാര്യത നൽകുമാറാകട്ടെ. ഇത്തരം മാതൃകകൾ നമ്മുടെ ജീവിതത്തിലും പ്രകാശം പരത്തുന്നവയായിത്തീരട്ടെ. (ആമീൻ)

## പിന്നിട്ട നാളുകൾ

# മുഹമ്മദലി മാസ്റ്റർ സാഹിബ്

**തയ്യാറാക്കിയത് - ടി. ഷാജിർ അഹ്മദ്**



ഏറനാടൻ സംസ്കാരത്തിന്റെ അകപ്പൊരുളിന് പച്ചനിറമാകുന്നു. ഹരിതാഭമായ ചന്ദ്ര-നക്ഷത്രാങ്കിത പതാകയ്ക്കു കീഴിലെ രാഷ്ട്രീയം ഇവിടെ പരമ്പരാഗതമത്രെ. ആർദ്രവും ലോലവുമായ മാപ്പിളപ്പാട്ടുകളുടെ സാന്നിധ്യത്തിന് ഏറനാട്ടിൽ പ്രസക്തിയില്ല. കൃത്യമായും പച്ചക്കൊടിയിൽ ചേരേണ്ടുന്ന രാഷ്ട്രീയ ചിന്ത മാത്രമേ പഴയകാലത്ത് ഇവിടെ കാണാറുള്ളൂ. ഇത്തരമൊരു പൊതുപശ്ചാത്തലത്തിൽ, പച്ചപിടിച്ച രാഷ്ട്രീയ തിരശ്ശീലയ്ക്കുള്ളിലുള്ള ഏറനാടൻ ഗ്രാമമാണ് എടവണ്ണ. എടവണ്ണയ്ക്കിപ്പുറമാണ് മമ്പാട്. മുമ്പേ പറഞ്ഞ പൊതുധാരയുടെ ഒരു നേർചിന്താണ് മമ്പാട് പ്രദേശം. ഇതാണ് മുഹമ്മദലി മാസ്റ്ററുടെ ജന്മസ്ഥലം.

മുഹമ്മദലി മാസ്റ്ററുടെ കുടുംബത്തിനും വഴി വ്യത്യസ്തമായിരുന്നില്ല. പൈതൃകസ്വത്തെന്നോണം മുസ്ലിംലീഗാണ് അവിടെയും സ്വാഭാവികമായ 'ചോയ്സ്'. എന്നാൽ, മാസ്റ്ററുടെ താല്പര്യം ചെറുപ്പത്തിലേ കൂട്ടത്തിൽ ചേരാനല്ല, കൂട്ടം തിരിയാനാണ്. നാട്ടിലും വീട്ടിലും എല്ലാവരും ലീഗായപ്പോൾ യൗവനത്തിന്റെ സമ്മോഹനതയാൽ മാസ്റ്റർ ചേർന്നത് അഖിലേന്ത്യാ ലീഗിൽ. അഖിലേന്ത്യാ ലീഗിന്റെ ഇടതുപക്ഷാഭിമുഖ്യം കൂടുതൽ പഥ്യവുമായി. മാസ്റ്റർ കൊടുവള്ളി ഹൈസ്കൂളിൽ ജോലി ചെയ്യുന്ന സമയമായപ്പോൾ കേരളത്തിന്റെ രാഷ്ട്രീയ നഭസ്സിൽ കാർമേഘങ്ങളും, ഇടിമുഴക്കങ്ങളും പതിയെ വന്നുതുടങ്ങി. ഒടുവിൽ 80 കളുടെ തുടക്കത്തിൽ അഖിലേന്ത്യാ ലീഗ് മാതൃകക്ഷിയായ മുസ്ലിം ലീഗിലേക്ക് തിരിച്ചുപോയി. പക്ഷേ, മുഹമ്മദലി മാസ്റ്റർ നേരെ ചെന്നത് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലേക്കായിരുന്നു. അവിടെ മാസ്റ്ററിലെ വിപ്ലവം ത്വരിതഗതിയിൽ ജ്വലിക്കപ്പെട്ടു.

അദ്ധ്യാപക സംഘടനയായ DGTA പിന്നീട് KGTA യും KSTA യും ആയി മാറുമ്പോഴേക്കും കമ്മ്യൂണിസ്റ്റ് ആശയങ്ങളെ മുഹമ്മദലി മാസ്റ്റർ മനസ്സാവരിച്ചുകഴിഞ്ഞിരുന്നു. എന്നാൽ, ആ സമയത്തും പ്രസംഗങ്ങൾ ആരുടേതായാലും ശ്രവിക്കാനുള്ള താല്പര്യം ഉപേക്ഷിച്ചില്ല. അങ്ങനെയാണ് മർഹൂം അബുൽവഫാ മൗലവിയുടെ പ്രസംഗം പലകുറി കേൾക്കാനായത്. പ്രസംഗങ്ങൾ ഇടയ്ക്കിടെ കേട്ടപ്പോൾ അഖിലേന്ത്യാ ലീഗിന്റെ കാലത്തേ മുഹമ്മദലി മാസ്റ്റർ ചിന്തിച്ചിരുന്ന പല കാര്യങ്ങളും ശരിയാണെന്ന് തോന്നിത്തുടങ്ങി.

ഏറനാടിന്റെ നിഷ്കളങ്കത മനസ്സിൽ മായാത്തതുകൊണ്ടാവാം 'ഒന്നും ശരിയല്ല' എന്ന തോന്നൽ കൂടിക്കൂടി വരുന്നത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും തങ്ങളുടെ ആശയങ്ങളെ പലപ്പോഴായി നിരസിക്കുന്നതുകൂടി കണ്ടപ്പോൾ മനസ്സ് വ്യാകുലമായി. തിന്മകളുടെ അഗ്നിപ്രവാഹവും നന്മകളുടെ ശോഷണവും വീണ്ടും ഇരുത്തിച്ചിന്തിപ്പിച്ചു. അങ്ങനെയിരിക്കുമ്പോൾ തോന്നി 'ഒരാൾ വന്നേ പറ്റൂ'. ദൈവനിയുക്തൻ വന്നാൽ മാത്രമേ ശാശ്വതമായ സമാധാനം നിലനിൽക്കുകയുള്ളൂ. പണ്ടേ വായിക്കാറുള്ള സത്യദൂതൻ പിന്നേയും ചില ചോദ്യങ്ങൾക്കുള്ള ഉത്തരം തന്നു. ആദ്യമാദ്യം ഭാര്യക്ക് പേടിയായിരുന്നു. ആരെങ്കിലും അറിഞ്ഞാൽ.......

അക്കാലത്ത് വായിച്ച 'അന്നുബുവ്വത്തുഫിൽ ഇസ്ലാം' എല്ലാ ചിന്തകളുടേയും മകുടമായിത്തീരുന്നു. വ്യർത്ഥമായ പരിഷ്ക്കരണ സ്വപ്നങ്ങൾക്ക് പ്രസക്തിയില്ല. പകരം അവധൂതനായി ഒരാളെത്തേണ്ടതുണ്ട്. ഇനിയും പകച്ചുനിന്നുകൂടാ. വൈകിയാൽ നഷ്ടപ്പെടുന്നത് ദൈവനിയുക്തമായ അവസരമായിരിക്കും. പിന്നെ ഒന്നും ചിന്തിച്ചില്ല. 2000 ഏപ്രിൽ 6-ന് കോഴിക്കോട് ചെന്ന് ബയ്അത്ത് ചെയ്തു. ഹൃദയത്തിൽ വിശുദ്ധിയുടെ തെന്നൽ ആഞ്ഞുവീശുന്നുണ്ട്. മാസ്റ്ററുടെ ശീലങ്ങളിൽ ഉത്തരം കണ്ടെത്തിയവന്റെ ദാർഢ്യം കൈവരുന്നു.

സ്ഥലം ഏറനാടിന്റെ ഹൃദയഭൂമി. അഹ്മദിയാവുക എന്നത് കാഫിറാവുക എന്നാണ് ഈ നാടിന്റെ ഭാഷ്യം. മാസ്റ്ററെ പിന്തിരിപ്പിക്കാനായി ചില പ്രമുഖർ കിണഞ്ഞുശ്രമിച്ചു. മതപ്രഭാഷണരംഗത്തെ പ്രഗത്ഭനായ അബ്ദുസ്സലാം മഅ്ദനിയെപ്പോലുള്ളവർ രംഗത്ത് വരുന്നുണ്ട്. എന്നാൽ, അക്ഷോഭ്യനായി മാസ്റ്റർ പ്രശ്നം നേരിടുന്നു. ഭാര്യയെ വേർപെടുത്തുമെന്നായി അടുത്തഭീഷണി. ഭാര്യക്ക് വിഷമം തോന്നിയെങ്കിലും സാന്ദ്രമായ സ്നേഹത്തിന്റെ സാഗരമായി അഹ്മദിയ്യത്ത് മുന്നിലുള്ളപ്പോൾ മുഹമ്മദലി മാസ്റ്റർ പതറുന്നില്ല.

അഹ്മദിയ്യത്തിലേക്കു വന്നതിനുശേഷമാണ് ഫറൂഖ് കോളേജിലെ തന്റെ വിദ്യാഭ്യാസ ജീവിതത്തിനിടയിൽ സഹപാഠിയായിരുന്ന എം. അബ്ദുറഹ്മാൻ (കണ്ണൂർ) അഹ്മദിയാണെന്നറിയുന്നത്. അക്കാലത്ത് ഹോസ്റ്റൽ മുറിയിൽ കണ്ട ഖുർആൻ പരിഭാഷ എങ്ങനെ അവിടെ വന്നു എന്ന് മനസ്സിലാകുന്നത് അപ്പോഴാണ്. നീണ്ട ഔദ്യോഗിക ജീവിതത്തിനവസാനം എറണാകുളം DDE ആയാണ് മുഹമ്മദലി മാസ്റ്റർ സർവീസിൽനിന്ന് പിരിയുന്നത്. ഇദ്ദേഹത്തിന് 6 മക്കൾ. ഇപ്പോൾ മലപ്പുറം മേഖലാ അമീറായി പ്രവർത്തിക്കുന്നു.

ഏറനാടിന്റെ രാഷ്ട്രീയ ചിന്തകളിൽ കാലം മാറ്റങ്ങൾ വരുത്തിത്തുടങ്ങിയിട്ടുണ്ട്. പച്ചനിറത്തിന് രാഷ്ട്രീയ ബദലായി ചുവപ്പും ഇതര നിറങ്ങളും കടന്നെത്തുന്നുണ്ട്. മതപരമായും പരിവർത്തനത്തിന്റെ ശുഭാപ്തി വിശ്വാസം ഇവിടെ കാണാം. ഏറനാടൻ വിശുദ്ധിയുടെ അകക്കാമ്പിൽ അഹ്മദിയ്യത്ത് സർവ്വഥാ സ്വീകരിക്കപ്പെടുന്ന ഒരു നാളെ തീർച്ചപ്പെട്ടിട്ടുണ്ട്. അതിനായി നമ്മളോടൊപ്പം മുഹമ്മദലി മാസ്റ്ററും കാത്തിരിക്കുന്നു.

---

## പഴയകാല ഇസ്ലാമിക ശാസ്ത്രജ്ഞർ



**ഇബ്നു സിന (986-1037)**
മെഡിസിൻ, ഫിലോസഫി,
മാത്സ്, ആസ്ട്രോണമി



**നാസിർ അലാദീൻ അൽ-തൂസി**
(1201-1274)
ആസ്ട്രോണമി, ജ്യോഗ്രഫി

---

*(4-ാം പേജിൽനിന്ന്)*

ങ്ങൾ കണ്ട് രസിക്കുന്ന ഗർഹണീയമായ നേരമ്പോക്കുകളിൽ വലിയൊരു വിഭാഗം അമേരിക്കക്കാരും താത്പര്യാലുക്കളായതെങ്ങനെ? അമേരിക്കയുടെ മനഃശാസ്ത്രപരിസരം ഒരു നീണ്ടകാലയളവുകൾക്കിടയിൽ ഇങ്ങനെയാക്കിത്തീർത്തത് ആരാണ്?

വഴക്കാളികളായ ജൂതമാഫിയ തന്നെയാണ് ഇതിന്റെ പിന്നിലും പ്രവർത്തിച്ചത്. സത്യത്തിൽ അമേരിക്കക്കാർ പണ്ഡിതരാണ്. വസ്തുതകൾ അവരിൽ നിന്ന് മറച്ചുവെക്കപ്പെടുന്നു. അമേരിക്കയേയും അമേരിക്കക്കാരേയും കുറിച്ച് പരാമർശിക്കവെ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) ശ്രദ്ധേയമായ ഒരു കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. ആ മഹാത്മാവ് പറഞ്ഞു: "അമേരിക്കൻ ജനതയിൽ ഭൂരിപക്ഷവും സാമാധാനപ്രിയരും ജനാധിപത്യസ്നേഹികളുമാണ്. ഞാനാ രാജ്യത്തിന്റെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ സഞ്ചരിച്ചിട്ടുള്ളവനാണ്. പലനിലയിലും ഉള്ളവരോട് സംസാരിക്കാനുള്ള അവസരവും എനിക്ക് ലഭിച്ചിട്ടുണ്ട്. ശരിയായ നേതൃത്വം ലഭിക്കുമെങ്കിൽ മനുഷ്യരാശിയ്ക്ക് പൂർണ്ണസേവനം ചെയ്യാനുള്ള കഴിവും യോഗ്യതയും ഉള്ളവരാണവർ. അതുകൊണ്ട് ഇന്നത്തെ അമേരിക്കൻ ഭരണകൂടത്തിന്റെ നയങ്ങൾ അവിടുത്തെ ജനതയുടെ ശബ്ദമാണെന്ന് ഒരിക്കലും ധരിക്കരുത്."

ആ മഹാത്മാവ് തുടർന്നു: ''അമേരിക്ക ഇന്ന് യഹൂദിയത്തിന്റെ അടിമയായിരിക്കുകയാണ്. യഹൂദിയത്തിന്റെ ശബ്ദമാണ് അമേരിക്കൻ നേതൃത്വത്തിൽ നിന്ന് ലോകത്തിന് കേൾക്കാൻ സാധിക്കുന്നത്. ഞാനിപ്പറയുന്നത് അമേരിക്കൻ ജനതയോട് എന്തെങ്കിലും വെറുപ്പുണ്ടായതുകൊണ്ടല്ല. എനിക്കവരോട് പറയാനുള്ളത് ഇതാണ്. നിങ്ങളിൽ ആക്രമണം അഴിച്ചുവിടപ്പെട്ടിരിക്കുന്നു. ഈ ആക്രമണത്തിനെതിരിൽ നിങ്ങൾ ശബ്ദമുയർത്തണം. അമേരിക്ക എന്നെന്നും അഭിമാനപുരസ്സരം ഉന്നയിക്കാറുള്ള സ്വാതന്ത്ര്യത്തിന്റെ ആ ചാർട്ടർ എവിടെയാണിന്നുള്ളത്? അത് കാലടിയിൽ ചവിട്ടിഞെരിച്ചു ചവറ്റുകൊട്ടയിൽ എറിയപ്പെട്ടിരിക്കുകയാണ്. അമേരിക്കയിൽനിന്ന് കേൾക്കുന്ന ശബ്ദം അമേരിക്കൻ ജനതയുടേതല്ല. അമേരിക്കയെ പിടിച്ചടക്കിയിരിക്കുന്ന ശക്തിയുടേതാണ്. ഈ മാഫിയയുടെ പ്രതികരണങ്ങളാണ് ലോകത്തെങ്ങും ഭയാനകമായ രൂപത്തിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നത്." (ഖുത്ബ, ജനുവരി 1, 1993, വിവ: മൗലാനാ മുഹമ്മദ് ഉമർ, സത്യദൂതൻ മാസിക, ഏപ്രിൽ 1993)

14 വർഷങ്ങൾക്കുമുമ്പ് പറഞ്ഞ വസ്തുതകളാണിത്. ഇപ്പോൾ കാര്യങ്ങൾ കൂടുതൽ വ്യക്തമാണ്. അച്ഛൻ ബുഷിനെപോലെ ജൂതമാഫിയയുടേയും സൈനികവ്യവസായ കുത്തകകളുടേയും അടിമയാണ് മകൻ ബുഷും. അമേരിക്കയിലെ നേഷനൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ജെറമി സ്കാഹിൽ ന്യൂയോർക്ക് ടൈംസിൽ ഈയിടെയെഴുതിയ ഒരു ലേഖനത്തിൽ ഈ മകൻബുഷിന്റെ യുദ്ധക്കലിയുടെ കച്ചവടതാല്പര്യം മറനീക്കുന്നുണ്ട്. ബുഷ് യുദ്ധം എങ്ങനെ സ്വകാര്യവൽകരിച്ചു എന്നതിന് ഞെട്ടിക്കുന്ന തെളിവുകളാണ് അതിൽ നിരത്തുന്നത്. കൂടുതൽ സൈനികരെ കൂടി ആവശ്യപ്പെടുന്ന ബുഷിന്റെ പുതിയ ഇറാഖ് ശുദ്ധീകരണനയത്തിന്റെ മർമ്മംതന്നെ ഈ സ്വകാര്യവൽക്കരണമാണെന്ന് സ്കാഹിൽ പറയുന്നു. നോർത്ത് കരോലിന കേന്ദ്രമാക്കിയുള്ള ബ്ലേക്ക്വാട്ടർ-യുഎസ്.എ എന്ന അതിനിഗൂഢമായ ഒരു വൻ സ്വകാര്യസൈനിക കമ്പനി ബുഷ് പ്രഭൃതികളുടെ ഒത്താശയോടെ സദാ അമേരിക്കൻ സൈനികരുടെ നിഴലിൽ ഇറാഖിലെങ്ങനെ നിർബാധം വിഹരിക്കുന്നുവെന്നും അദ്ദേഹം അതിൽ വിവരിക്കുന്നു. ഇതിന്റെ ഉടമയായ എറിക് പ്രിൻസ് എന്ന മെഗാമില്യനിയർ പ്രസിഡന്റിന്റേയും വൈതാളികരുടെയും വലിയൊരു സാമ്പത്തിക സ്രോതസ്സാണെന്നും സ്കാഹിൽ വെളിപ്പെടുത്തുന്നു. ഇയാളുടെ വാടകസൈനികരാണ് ഇറാഖിൽ ആരോടും ബാധ്യതയില്ലാതെ വിളയാടുന്നത്. ഇന്ന് അതിന്റെ ബന്ധങ്ങൾ സൈന്യത്തിന്റേയും ഇന്റലിജൻസ് കേന്ദ്രങ്ങളുടേയും ഉള്ളറകളും കടന്ന് വൈറ്റ് ഹൗസിലെ ഉന്നതങ്ങളിലോളം എത്തിനില്ക്കുന്നു."

ഇത്തരം യുദ്ധമുതലാളിമാരാണ് അമേരിക്കൻ പ്രസിഡന്റിന്റെ ചുറ്റുമുള്ളത്. എല്ലാകാലത്തും അമേരിക്കൻ സമ്പദ്വ്യവസ്ഥയെ ഉറപ്പിക്കുന്ന മുഖ്യ ആദായ സ്രോതസ്സ് ആഗോള ആയുധവില്പനയാണ്. എല്ലാകാലത്തും അമേരിക്ക യുദ്ധക്കളങ്ങൾ തേടിനടന്നത് തങ്ങളുടെ പുത്തൻ ആയുധങ്ങളുടെ മൂർച്ച പരീക്ഷിച്ചറിയാൻ കൂടിയാണ്. ഭീകരതയ്ക്കെതിരെയുള്ള യുദ്ധഭേരിയുമായി യു.എസ്. അതിന്റെ കായബലവുമായി ഉറഞ്ഞുതുള്ളുമ്പോൾ തഞ്ചത്തിൽ തങ്ങളുടെ കാര്യങ്ങളൊപ്പിക്കാനുള്ള തിടുക്കത്തിലാണ് ജൂതമാഫിയ. എല്ലാവരേയും പ്രസാദിപ്പിക്കുമാറ് ഇസ്ലാമും മുസ്ലിംലോകവും തന്നെയാണ് ഇവരുടെ ആദ്യത്തെ കുറിമാനം. പക്ഷേ, ഇതെല്ലാം പ്രവചിക്കപ്പെട്ടതായിരുന്നു. ഇവരുടെ അത്യാചാരങ്ങൾക്കുമുമ്പിൽ എതിർവായില്ലാതെ ദയനീയതയുടെ മാളങ്ങളിലൊളിച്ച എല്ലാ രാജ്യങ്ങളും ഇനി അതിന്റെ പാപഭാരം പേറേണ്ടിവരും. വിശുദ്ധഖുർആനിലെ സൂറാഃ അൽലഹബിൽ അല്ലാഹു ഈ ശക്തികളുടെ ഉപജാപങ്ങൾ നിഷ്ഫലമാക്കുകയും തകർക്കുകയും ചെയ്യുമെന്ന സുവാർത്ത നല്കുന്നു. ഇതിനെ വ്യാഖ്യാനിച്ചുകൊണ്ട് ഇസ്ലാമിന്റെ ഈ കാലഘട്ടത്തിലെ ആത്മീയ സേനാപതി ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറഞ്ഞത്, ഇസ്ലാമിന്റെ ശത്രുക്കളുടെ ഗൂഢാലോചനകൾ അതിന്റെ മൂർദ്ധന്യതയിലെത്തുന്നതോടെ അല്ലാഹു അവരെ യുദ്ധത്തിന്റെ അഗ്നിനാളങ്ങളിലേക്ക് വലിച്ചെറിയുമെന്നാണ്. ഇസ്ലാമിക ലോകത്തിനെതിരായ പാശ്ചാത്യരുടെ ഗൂഢാലോചനകൾ 1914-ൽ അതിന്റെ മൂർദ്ധന്യതയിൽ എത്തിയപ്പോഴാണ് ഒന്നാം ലോകയുദ്ധം വന്നെത്തിയതെന്ന് മുസ്ലിഹ് മൗഊദ്(റ) ഓർമ്മിപ്പിക്കുന്നു. രണ്ടാം ലോകയുദ്ധവും അതിന്റെ തുടർച്ചയാണ്. ഇനിയൊരു ലോകയുദ്ധവും അങ്ങനെ തന്നെയായിരിക്കും.

ഇപ്പോൾ ഒഴിഞ്ഞകളരിയിലാണ് അമേരിക്ക കളിക്കുന്നത്. ആരും അതുകൊണ്ട് തെറ്റിധരിക്കേണ്ടതില്ല. ദൈവത്തിന്റെ തിരുവെഴുത്തുകളിൽ പറയപ്പെട്ട ദീർഘദർശനങ്ങൾ പുലരാതെ നിവൃത്തിയില്ല. ബൈബിളിൽ പറഞ്ഞ 'ഗോഗ് മാഗോക്കി'ന്റെയും ഖുർആനിൽ പറഞ്ഞ 'യഅ്ജൂജ്' 'മഅ്ജൂജി'നേയും കുറിച്ച് 1500 വർഷങ്ങൾക്കു മുമ്പേ മുഹമ്മദ് മുസ്തഫാ(സ) തിരുമേനി ചെയ്ത പ്രവചനങ്ങളുടെ പുലർച്ച സംഭവിക്കാതിരിക്കുകയില്ല. ഈ ഗോഗ് മെശക്കിന്റെയും തൂബാൾസ്കിന്റെയും പ്രഭു ആയ റോശ് (റഷ്യ) എന്ന എതിർശക്തിയായ മെഗോഗുമായി ഒരന്തിമ പോരാട്ടത്തിനുള്ള സമയം ആസന്നമാണ്. ഹെസക്കിയേൽ നബി പ്രവചിച്ചവിധം റഷ്യ ഖേടങ്ങളുമായി ഇസ്റയേലിലേക്ക് വന്നു അതിന്റെ ഈ ആജന്മപ്രതിയോഗിയുമായി ഏറ്റുമുട്ടുന്ന നാളുകൾ സമീപത്താണ്. ഇപ്പോഴുള്ള മിത്രങ്ങൾ ശത്രുക്കളാവാൻ അധികസമയം വേണ്ടിവരില്ല. ആ പ്രവചനങ്ങളുടെ പുലർച്ചയെ തുടർന്നാണ് യഥാർത്ഥ ദൈവികമതത്തിന്റെ- ഇസ്ലാമിന്റെ അന്തിമ വിജയം നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ഈ കാലഘട്ടത്തിലെ സത്യപ്രവാചകനും ഈ കാലഘട്ടത്തിന്റെ ഇമാമും ആണെന്ന് ലോകം ഏകസ്വരത്തിൽ സാക്ഷ്യം വഹിക്കപ്പെടുന്നത് ആ പുലർച്ചയെ തുടർന്നാണ്. വാഗ്ദത്ത മസീഹ് മുഖേന സുവിശേഷമറിയിക്കപ്പെട്ട ആ 'പുതിയ ആകാശവും പുതിയ ഭൂമിയും' ഉടലെടുക്കുക അതിനെ തുടർന്നാണ്.

(4-ാം പേജിൽനിന്ന്)

അവരുടെ പ്രധാന നാല് ആവശ്യങ്ങൾ അംഗീകരിച്ചുകൊണ്ട് അവാമിലീഗ് അവരെ തങ്ങളുടെ ഒപ്പം നിറുത്തിയിരിക്കുന്നു. ഇസ്‌ലാമിക പണ്ഡിതന്മാർക്ക് ഫത്‌വ പുറപ്പെടുവിക്കാനുള്ള അവകാശം നൽകുക, ഖുർആനിക മൂല്യങ്ങൾക്കെതിരായ കാര്യങ്ങൾക്ക് പാർലിമെന്റ് വിലക്കേർപ്പെടുത്തുക, മദ്രസകൾ നൽകുന്ന ബിരുദങ്ങൾക്ക് അംഗീകാരം നൽകുക, പ്രവാചകത്വപരിസമാപ്തി ഉൾപ്പെടെ നബി തിരുമേനിക്കെതിരായ ഏത് തരത്തിലുള്ള പരാമർശങ്ങൾക്കും വിലക്കേർപ്പെടുത്തുക എന്നിവയാണ് ബി.കെ.എമ്മിന്റെ ആവശ്യങ്ങൾ.

ബി.കെ.എം. അവരുടെ പ്രതിനിധികളായി ഭരണത്തിൽ അഞ്ചുപേരെ നാമനിർദ്ദേശം ചെയ്തുകഴിഞ്ഞു. ഇതിൽ സോവിയറ്റ് അഫ്ഗാൻ യുദ്ധത്തിൽ പങ്കെടുത്ത രണ്ടുപേരും ബംഗ്ലാദേശിൽ താലിബാൻ മോഡൽ ഭരണത്തിനായി വാദിക്കുന്ന ഒരാളും ഉൾപ്പെടുന്നു. ബംഗ്ലാദേശിലെ തീവ്രഇസ്‌ലാമിക കക്ഷികൾ കുറേക്കാലമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നവയാണ് ബി.കെ.എം വീണ്ടും ഉന്നയിക്കുന്നത്. എങ്ങനെയും ഭരണത്തിലെത്താനുള്ള താല്പര്യം കാരണം അവാമി ലീഗ് ഇവയൊക്കെ അംഗീകരിക്കുകയായിരുന്നു. ബംഗ്ലാദേശിന്റെ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാതെ അതിനെതിരായി പോരാടുകയും ഇപ്പോൾ അവിടെ അരങ്ങേറുന്ന തീവ്രവാദാധിഷ്ഠിതമായ അക്രമങ്ങളുടെ പിറകിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ജമാഅത്തെ ഇസ്‌ലാമിക്ക് പോലും നാളിതുവരെ നേടാൻ സാധിക്കാത്ത കാര്യങ്ങളാണ് രാഷ്ട്രീയ ലാഭത്തിനുവേണ്ടി അവാമി ലീഗ് ഇപ്പോൾ അംഗീകരിച്ചുകൊടുത്തിരിക്കുന്നത്. ഈ തീരുമാനത്തിലൂടെ ബംഗ്ലാദേശിനെ ഇസ്‌ലാമികവൽക്കരിക്കാനുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം കൈവന്നിരിക്കുകയാണ്.

2006 ഡിസംബർ 24-ന് അവാമിലീഗ് ബി.കെ.എമ്മുമായി ഈ കരാറിലേർപ്പെടുമ്പോൾ ശെയ്ഖ് ഹസീന തന്റെ വസതിയിൽ ഒരു ക്രിസ്ത്യൻ സംഘത്തെ സൽക്കരിച്ചത് ഏറ്റവും വലിയ ഒരു തമാശയാണ്. ഈ കരാറിനെക്കുറിച്ച് യാതൊന്നും പറയാതെ മതേതരത്വം ഊട്ടിയുറപ്പിക്കുന്നതിനെക്കുറിച്ചും മറ്റും വാതോരാതെ സംസാരിക്കുവാൻ ഹസീന തയ്യാറായി. ബി.എൻ.പി- ജമാഅത്തെ ഇസ്‌ലാമി കൂട്ടുകെട്ട് രാഷ്ട്രീയലാഭത്തിനായി മതത്തെ ഉപയോഗപ്പെടുത്തുകയാണെന്നും എന്നാൽ, അവാമി ലീഗ് എന്നും മതേതരത്വത്തിലാണ് അടിയുറച്ച് വിശ്വസിക്കുന്നതെന്നും കൂടി അവർ പറഞ്ഞുകളഞ്ഞു. സ്വന്തം പിതാവിന്റെ മതേതര ബംഗ്ലാദേശ് എന്ന സ്വപ്നമാണ് ഹസീന ഇവിടെ ബലികഴിച്ചത്.

ബി.കെ.എമ്മിന്റെ ആവശ്യങ്ങളിൽ മൂന്നെണ്ണം പ്രത്യേകം ഭയപ്പെടേണ്ടവയാണ്. ഫത്‌വ പുറപ്പെടുവിക്കാനുള്ള ഉലമാക്കളുടെ അവകാശം നിലവിലുള്ള നിയമസംവിധാനത്തെ അട്ടിമറിക്കാനുദ്ദേശിച്ചുള്ളതാണ്. ഇത്തരത്തിലുള്ള സംവിധാനം കൊണ്ടുവരുന്നതിന് കുറച്ചു വർഷങ്ങൾക്കു മുമ്പേയും ശ്രമിച്ചിരുന്നതാണ്. എന്നാൽ, ഹൈക്കോടതി അത് തടയുകയാണുണ്ടായത്. കോടതിയുടെ ഈ ഇടപെടലിനെതിരായി വൻപ്രക്ഷോഭങ്ങൾ അവിടെ സംഘടിപ്പിക്കപ്പെട്ടു. 'ഇസ്‌ലാമിക് ലോ ഇംപ്ലിമെന്റേഷൻ കമ്മിറ്റി' എന്ന ഒരു സംഘടനയുടെ നേതൃത്വത്തിൽ നടത്തിയ ഈ പ്രക്ഷോഭത്തിൽ പ്രസ്തുത വിധി പറഞ്ഞ ന്യായാധിപന്മാരെ തൂക്കിക്കൊല്ലണമെന്നാവശ്യപ്പെടുകയുണ്ടായി. ബി.കെ.എമ്മിന്റെ ഇപ്പോഴത്തെ നേതാവായ ശെയ്ഖുൽ ഹാദിത്ത് അസീസുൽ ഹഖ് എന്ന ആളാണ് പ്രക്ഷോഭത്തെ നയിച്ചത്. കോടതിവിധിയെ അനുകൂലിച്ചുകൊണ്ട് വനിതാസംഘടനകൾ നയിച്ച ഒരു റാലിയെ ഇവർ തടയുകപോലുമുണ്ടായി. ഒരു പോലീസുകാരൻ ഉൾപ്പെടെ പത്ത് പേർ മരിക്കുകയും ഇരുന്നൂറിലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്ത പ്രക്ഷോഭത്തിന്നൊടുവിൽ അസീസുൽ ഹഖിനെ കൊലക്കുറ്റത്തിന് അറസ്റ്റ് ചെയ്തു. ഫത്‌വ ആവശ്യമില്ലെന്ന് പറഞ്ഞ് അതൊഴിവാക്കാൻ മുൻകൈയെടുത്ത അന്നത്തെ സർക്കാർ ശേയ്ഖ് ഹസീനയുടേതായിരുന്നു. ഹൈക്കോടതിയുടെ വിധി സുപ്രീംകോടതി റദ്ദാക്കിയതോടെയാണ് പ്രക്ഷോഭം അവസാനിച്ചത്. നബിതിരുമേനിയെ അപകീർത്തിപ്പെടുത്തുന്നത് തടഞ്ഞുകൊണ്ടുള്ള നിയമവും ഖുർആനിക മൂല്യങ്ങൾക്കെതിരായ കാര്യങ്ങളെ നിയന്ത്രിച്ചുകൊണ്ടുള്ള നിരോധനവും വേണമെന്ന് വാദിക്കുന്നവർ മതനിന്ദാനിയമം കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. ബംഗ്ലാദേശിൽ ഇത്തരമൊരു നീക്കത്തിന് പ്രത്യേക പ്രാധാന്യമുണ്ട്. അഹ്മദികളെ ഉന്നംവെച്ചുകൊണ്ടുള്ള ഒരു നീക്കമായാണ് ഇതിനെ കാണേണ്ടത്.

മുഹമ്മദ് നബിയാണ് അവസാനത്തെ പ്രവാചകനെന്ന് അഹ്മദികൾ വിശ്വസിക്കുന്നില്ല. എല്ലാ ഇസ്‌ലാമിക കക്ഷികളും ഈ വിശ്വാസത്തെ അങ്ങേയറ്റം നിന്ദ്യതയോടെയാണ് കാണുന്നത്. പാക്കിസ്ഥാനിലെ നിയമത്തെ പിന്തുടർന്നുകൊണ്ട് ബംഗ്ലാദേശിലും അഹ്മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിക്കണമെന്നാണ് ഇവർ ആവശ്യപ്പെടുന്നത്. ബംഗ്ലാദേശിൽ അഹ്മദികൾ നിരന്തരം ആക്രമിക്കപ്പെടുന്നു. 2001ലെ പൊതുതിരഞ്ഞെടുപ്പിനുശേഷം ഇവിടെ അഹ്മദികൾക്കെതിരായ അക്രമങ്ങൾ വർദ്ധിച്ചുവരികയാണ്.

ബംഗ്ലാദേശിലെ അഹ്മദികളുടെ സുരക്ഷയെ സംബന്ധിച്ച് അന്താരാഷ്ട്ര മനുഷ്യാവകാശ സംഘടന അവരുടെ റിപ്പോർട്ടുകളിൽ നിരന്തരം പ്രതിപാദിക്കുന്നുണ്ട്. അഹ്മദിയ്യാ മിഷണറിയുടെ കൊലപാതകം, പള്ളികൾക്കു നേരെയുള്ള ആക്രമണങ്ങൾ, നിയമവിരുദ്ധമായ അറസ്റ്റുകൾ, അഹ്മദികൾക്കെതിരെ നടക്കുന്ന തെരുവുപ്രകടനങ്ങൾ, വിഷം ചീറ്റുന്ന ഉലമാക്കളുടെ പ്രസംഗങ്ങൾ തുടങ്ങിയവ അഹ്മദികൾക്കെതിരായ പ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങളായി മനുഷ്യാവകാശ സംഘടന ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ജമാഅത്തെ ഇസ്‌ലാമി പോലുള്ള സംഘടനകളുമായി ഭരണം പങ്കിടുന്ന ബി.എൻ.പി അഹ്മദികളുടെ സംരക്ഷണത്തിനായി യാതൊന്നും ചെയ്തിട്ടില്ല. മാത്രമല്ല, അവരുടെ പ്രസിദ്ധീകരണങ്ങളുടെമേൽ 2004-ൽ നിരോധനം കൊണ്ടുവരികപോലും ചെയ്തു. കോടതി ഈ നിരോധനത്തെ റദ്ദാക്കിയിട്ടുണ്ട്. ബി.കെ.എമ്മുമായി കൈകോർക്കുന്നതിലൂടെ അവാമിലീഗും അധികാരത്തിലെത്താൻ അഹ്മദിയ്യാ വിരുദ്ധവികാരം ഉപയോഗിക്കുകയാണ്.

ബി.എം.പിയും അവാമി ലീഗും ഒരേ പോലെ അവസരവാദരാഷ്ട്രീയം പയറ്റുകയാണിപ്പോൾ. ബംഗ്ലാദേശിന്റെ കലുഷിതമായ ഇന്നത്തെ അവസ്ഥക്ക് ഈ രണ്ടു കക്ഷികളും തുല്യപങ്കാളികളാണ്. 1975-ൽ മുജീബുർറഹ്മാനെ വധിച്ച് പട്ടാളം ഭരണം പിടിച്ചെടുത്തതുമുതൽ ആരംഭിച്ചതാണ് ഇവിടത്തെ പ്രശ്നങ്ങൾ. പട്ടാളഭരണാധികാരികൾ അവരുടെ ഭരണം നിലനിറുത്താൻ തീവ്രഇസ്‌ലാമിക കക്ഷികളെ പ്രോത്സാഹിപ്പിക്കുകയായിരുന്നു. ഒപ്പം അവാമിലീഗിന്റെ മതേതര സോഷ്യലിസ്റ്റ് ആശയങ്ങളെ തകർക്കാനും.

ജനറൽ സിയാവുർ റഹ്മാന്റെ ബി.എൻ.പി. ഭരണഘടനയിൽനിന്ന് മതേതരത്വം ഒഴിവാക്കുകയുണ്ടായി. ഇതിലൂടെ സ്വാതന്ത്ര്യവിരോധികളായ ജമാഅത്തെ ഇസ്‌ലാമി കക്ഷിയുടെ അംഗങ്ങളെ ഭരണത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ സഹായിക്കുകയായിരുന്നു. ഇതേ ജമാഅത്തെ ഇസ്‌ലാമിയുമായാണ് സ്വാതന്ത്ര്യസമരത്തിൽ സിയാ ഏറ്റുമുട്ടിയത് എന്നതാണ് ഏറെ കൗതുകകരം. ജനറൽ എർഷാദും തന്റെ ഭരണത്തിനെതിരെ ഉയർന്നുവന്ന പ്രതിപക്ഷ പ്രക്ഷോഭങ്ങളെ നേരിടാൻ ഇതുതന്നെ പ്രയോഗിച്ചു.

1991-ൽ ജനാധിപത്യം തിരിച്ചുവന്നെങ്കിലും അവസരവാദ രാഷ്ട്രീയത്തിന്റെ കെട്ടിൽനിന്നും ബംഗ്ലാദേശിന് മോചനം ലഭിച്ചില്ല. ഒന്നുകിൽ സർക്കാർ രൂപീകരണത്തിന് അല്ലെങ്കിൽ ഭരണം അട്ടിമറിക്കുന്നതിന് രണ്ട് പ്രധാന പാർട്ടികളും ഇസ്‌ലാമികകക്ഷികളെ പ്രത്യേകിച്ച് ജമാഅത്തെ ഇസ്‌ലാമിയെ ആശ്രയിക്കുകയാണുണ്ടായത്. 2001-ൽ ബി.എൻ.പി സഖ്യകക്ഷികളുടെ തിരഞ്ഞെടുപ്പ് വിജയത്തിനുശേഷം ന്യൂനപക്ഷങ്ങളുടെ നേർക്കുള്ള ആസൂത്രിത അക്രമങ്ങളാണ് ദർശിക്കാനായത്. ഇവരുടെ ഭരണകാലത്ത് ബംഗ്ലാദേശ് മറ്റൊരു അഫ്ഗാൻ ആകുന്നുവെന്നുവരെ ചിലർ അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ട്. 2005 ആഗസ്റ്റിൽ രാജ്യമാകമാനം സ്ഫോടനപരമ്പരയുണ്ടായ അവസരത്തിൽ ഈ ഭയം ഇരട്ടിക്കുകയുണ്ടായി.

തീവ്രഇസ്‌ലാമിക കക്ഷികളുടെ ആവശ്യങ്ങൾ അവാമി ലീഗ് അംഗീകരിച്ചതോടുകൂടി ന്യൂനപക്ഷങ്ങൾ ഉൾപ്പെടെയുള്ള സഖ്യകക്ഷികൾ ആശങ്കയിലാണ്. രാഷ്ട്രത്തിന്റെ ജനാധിപത്യ പുരോഗമന ആശയങ്ങൾ നശിപ്പിക്കപ്പെടുകയാണെന്നുവരെ അവാമിലീഗിന്റെ ഒരു സഖ്യകക്ഷി അഭിപ്രായപ്പെടുകയുണ്ടായി. പത്രങ്ങളും മറ്റും ഈ കൂട്ടുകെട്ടിന്നെതിരായി പ്രതികരിച്ചപ്പോൾ ഇത് വെറും തെരഞ്ഞെടുപ്പ് സഖ്യം മാത്രമാണെന്നും സ്ഥിരസഖ്യം അല്ലെന്നും പറയാനാണ് അവാമി ലീഗ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

*(ബംഗ്ലാദ്ശിലെ പ്രമുഖ സാമൂഹിക പ്രവർത്തകന്റെ ലേഖനത്തിന്റെ സ്വതന്ത്ര പരിഭാഷ)*

---

(6-ാം പേജിൽനിന്ന്)

ബാനി വിംഗ്' ഉദ്ഘാടനം ചെയ്യപ്പെട്ടു. അഞ്ചാം ഖലീഫ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് സാഹിബ്(അയ്യദഹുല്ലാഹ്) ഫെബ്രുവരി 20-നാണ് ഇതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. 2005-ൽ ഹുസൂർ 'താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട്' സ്ഥാപിക്കുന്നതിനായുള്ള പദ്ധതി വിളംബരം ചെയ്തു. 2006-ൽ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ഘാടനം ചെയ്യപ്പെടുകയുണ്ടായി.



*ആശുപത്രി കോംപ്ലക്സിനകത്തുള്ള പള്ളി, ബൈത്തേയാദ്ഗാർ*

***ബീഗം സുബൈദ ബാനിവിംഗ്:-*** യാതൊരു അടിസ്ഥാന സൗകര്യവുമില്ലാതെ മൺകട്ടകൊണ്ട് വേർതിരിച്ച രണ്ട് മുറികളിലാണ് ഫസലെ ഉമർ ആശുപത്രിയുടെ പ്രസവവിഭാഗം പ്രവർത്തിച്ചിരുന്നത്. 1985-ൽ ഈ വിഭാഗത്തെ ആധുനികമാക്കുന്നതിനായുള്ള ഒരു പദ്ധതി നാലാം ഖലീഫയുടെ നിർദ്ദേശാനുസരണം ആവിഷ്കരിക്കപ്പെട്ടു. മിർസാ ശരീഫ് ബാനി സാഹിബിന്റെ നിർലോഭമായ സഹായത്താൽ മൂന്ന് നിലകളുള്ള കെട്ടിടം 2003-ൽ പൂർത്തീകരിക്കപ്പെട്ടു. ഇന്ന് ഈ വിഭാഗം പാക്കിസ്ഥാനിലെ ജംഗ് ജില്ലയിൽ അറിയപ്പെടുന്ന ഒരു സ്ഥാപനമായി ഉയർന്നുകഴിഞ്ഞിട്ടുണ്ട്. എല്ലാ സജ്ജീകരണങ്ങളോടുംകൂടിയ ഒ.പി.വിഭാഗം, 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗം, 60 കിടക്കകളോടെയുള്ള ഐ.പി.വിഭാഗം, ഓപ്പറേഷൻ തിയേറ്റർ, ശിശുസംരക്ഷണ യൂണിറ്റ് തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്. ഇതിനു പുറമെ, പഠനോപകരണങ്ങളോടുകൂടിയ സെമിനാർ ഹാൾ, കുട്ടികൾക്കായുള്ള കളിസ്ഥലം തുടങ്ങിയവയും ഇവിടെ ഒരുക്കിയിട്ടുണ്ട്.

***താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട്:-*** ഫസ്‌ലെ ഉമർ ആശുപത്രിയെ ലോകത്തിലെ തന്നെ പ്രധാനപ്പെട്ട ആശുപത്രികളിലൊന്നാക്കി ഉയർത്തുക എന്നത് നാലാം ഖലീഫ(റഹ്)യുടെ ഒരു സ്വപ്നമായിരുന്നു. അദ്ദേഹം തന്റെ അന്ത്യദിനങ്ങളിൽ ഒന്നിൽ കൂടുതൽ തവണ നല്ലൊരു ഹൃദ്രോഗ ശുശ്രൂഷാ സ്ഥാപനം ആരംഭിക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുകയുണ്ടായിട്ടുണ്ട്. അഞ്ചാം ഖലീഫ (അയ്യദഹുല്ലാഹ്) നാലാം ഖലീഫയുടെ ഈ അഭിലാഷം നിറവേറ്റുന്നതിന്നായി ഒരു ഹൃദയവിഭാഗം ആരംഭിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ഒരു കമ്മിറ്റി രൂപീകരിക്കുകയും അതിൽ നാസിർ ഉമൂറെ ആമ, നാസിർ ജായിദാദ് തുടങ്ങിയവരെ ഉൾപ്പെടുത്തുകയും ചെയ്തു. ഈ കമ്മിറ്റി പാക്കിസ്ഥാന് അകത്തും പുറത്തുമുള്ള നിരവധി ആശുപത്രികൾ സന്ദർശിച്ച് പഠനം നടത്തി 2003 ജൂലൈ 30-ന് റിപ്പോർട്ട് ഹുസൂറിന് സമർപ്പിച്ചു. സ്ഥാപനത്തിന് കമ്മിറ്റി ശിപാർശ ചെയ്ത പേര് 'താഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട്' ഹുസൂർ അംഗീകരിക്കുകയും ചെയ്തു. 2003 നവംബർ 23-ന് കെട്ടിടത്തിന് തറക്കല്ലിട്ടു. ആറുനിലകളിലുള്ള ഈ കെട്ടിടത്തിൽ 74 കിടക്കകളും 16 സ്വകാര്യമുറികളും മുന്നൂറ് രോഗികളെ ഉൾക്കൊള്ളാവുന്ന തരത്തിലുള്ള ഒ.പി. വിഭാഗവുമുണ്ട്. രണ്ട് ഹൃദയശസ്ത്രക്രിയാ വിഭാഗവും രണ്ട് ആഞ്ചിയോഗ്രാഫി തിയേറ്ററുകളും ഇവിടെ ഒരുക്കിയിട്ടുണ്ട്.

ഈ ആതുരസേവന കേന്ദ്രം വീണ്ടും ഉയരുമെന്നത് തീർച്ചയാണ്. ഒപ്പം ഖാദിയാനിലെ നൂർ ആശുപത്രിയും വളർന്നുവരുന്നുണ്ട്. അമൃത്സർ ജില്ലയിലെ ഏറ്റവും വലിയതും ആധുനികവുമായ ആശുപത്രിയായി നൂർ ആശുപത്രി മാറണമെന്നതും നാലാം ഖലീഫയുടെ ഒരു സ്വപ്നമാണ്. അതും സാക്ഷാത്കരിക്കപ്പെടും (ഇ.അ.). ആ ദിനം പെട്ടെന്ന് ആഗതമാകാൻ നമുക്ക് പ്രാർത്ഥിക്കാം.

## ഖിലാഫത്ത് ജൂബിലി-പ്രബന്ധമത്സരം

**ഖാദിയാൻ:** ഖിലാഫത്ത് ജൂബിലിയുടെ ഭാഗമായി അൻസാർ, ഖുദ്ദാം, ലജ്‌ന, അത്ഫാൽ, നാസിറാത്ത് വിഭാഗങ്ങൾക്കും മുബല്ലിഗ്, മുഅല്ലിം എന്നിവർക്കും പ്രബന്ധ മത്സരം സംഘടിപ്പിക്കുന്നു. നാസിറാത്ത്, അത്ഫാൽ വിഭാഗങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 7000/-, 5000/-, 3000/- എന്ന നിരക്കിലും മറ്റുവിഭാഗങ്ങൾക്ക് 9000/ 7000/-, 5000/- എന്ന നിരക്കിലും കേഷ് അവാർഡുകൾ നൽകുന്നതാണ്.

വിഷയം:-

**അൻസാർ :** ഇസ്‌ലാമിക ഖിലാഫത്ത് സങ്കൽപം-പ്രാധാന്യവും ആവശ്യകതയും

**ഖുദ്ദാം:-** ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ ദീനിന്റെ സദൃഢത്വത്തിന് (ഖിലാഫത്തെ റാശിദ, അഹ്മദിയ്യാ ഖിലാഫത്ത് കാലഘട്ടങ്ങൾ)

**ലജ്‌ന:-** ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ- ഭയത്തിൽ നിന്നും സമാധാനത്തിലേക്ക് (ഖിലാഫത്തെ റാശിദ അഹ്മദിയ്യാ ഖിലാഫത്ത് കാലഘട്ടങ്ങൾ)

**അത്ഫാൽ:-** അഹ്മദിയ്യാ ജമാഅത്തിലെ രണ്ടാം ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ കാലാനുഗതമായി

**മുബല്ലിഗ്:-** ഖിലാഫത്തിന്റെ അനുഗ്രഹവും തൗഹീദിന്റെ സംസ്ഥാപനവും

**മുഅല്ലിം:-** നുബുവ്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്ത് എന്ന സുവാർത്തയും അഹ്മദിയ്യാ ഖിലാഫത്തിന്റെ സ്ഥാപനവും.

അത്ഫാൽ നാസിറാത്ത് അംഗങ്ങൾ കുറഞ്ഞത് 20,000 വാക്കുകളിലും മറ്റുള്ളവർ 50,000 വാക്കുകളിലും പ്രബന്ധം എഴുതേണ്ടതാണ്. പ്രബന്ധം കടലാസിന്റെ ഒരുവശത്ത് മാത്രം ഭംഗിയായും വൃത്തിയായും എഴുതേണ്ടതാണ്. പ്രബന്ധങ്ങൾ ലഭിക്കേണ്ട അവസാന ദിവസം 2007 ജൂലൈ 15. മൗലാനാ മുഹമ്മദ് കരീമുദ്ദീൻ സാഹിബിനാണ് പ്രബന്ധങ്ങൾ അയച്ചുകൊടുക്കേണ്ടത്.

<u>*ചരിത്രരേഖകൾ.....................2*</u> <u>*സമ്പാ: ടി. ശറഫുദ്ദീൻ*</u>

*താരീഖെ മലബാറിൽ നിന്ന്*

## ഡോ. മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബ്(റ)ന്റെ കത്ത്

**ഹദ്റത്ത് ഇ. അബ്ദുൽഖാദർകുട്ടി സാഹിബിന്**

**(ഉർദുവിൽനിന്ന്)**

**ബിസ്മില്ലാഹ്**

**Muhammad Sadiq**
(Late) Editor, Badr

Qadian,
Madrass
24.4.1916

ബഹുമാന്യരെ, അസ്സലാമുഅലൈക്കും!

താങ്കൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിൽ തന്നെയായിരിക്കുമെന്ന് കരുതുന്നു. ഖുർആൻ ഇംഗ്ലീഷ് പരിഭാഷയുടെ ഒന്നാം ഭാഗം അയക്കുന്നതിനുവേണ്ടി ഞാൻ ഇവിടെ വന്നിരിക്കുകയാണ്.

ഒന്നാം ഭാഗം എല്ലാ ഭാഗങ്ങളിലേക്കും അയച്ചുതുടങ്ങിയിരിക്കുന്നു.

പതിനഞ്ച് കോപ്പി താങ്കൾക്ക് അയക്കുകയാണ്. 10 ക.യ്ക്ക് മാത്രമാണ് വി. പി. ആക്കിയിട്ടുള്ളത്. ബാക്കിതുക വിറ്റു കഴിഞ്ഞിട്ട് ഖാദിയാനിലേക്ക് അയച്ചാലും! വിവരം എന്നെയും അറിയിച്ചാലുപകാരം.

കോഴിക്കോട്ടെ അഹ്മദ് എന്നെ കാണാൻ ഇവിടെ വന്നിട്ടുണ്ടായിരുന്നു. ഇന്നലെ മടങ്ങിപ്പോയിരിക്കുന്നു.

ഫഖ്റുദ്ദീൻ എവിടെയാണുള്ളത്? എന്താണ് അദ്ദേഹത്തിന്റെ സ്ഥിതി?

വിനീതൻ,
മുഹമ്മദ് സാദിഖ്
C/o General Doctors' House
Mylapore (Madrass)

*(3-ാം പേജിൽ നിന്ന്)*

ന്നു. അല്ലാഹുവിന്റെ അനുഗ്രഹം അവൻ വാഗ്ദാനം ചെയ്തിട്ടുള്ളതാണ്.

പണം ഒരുപാടുണ്ട്, അതുകൊണ്ട് ഇതും ചെയ്യണം അതും ചെയ്യണം എന്നു പറയുന്ന ചിലരെക്കുറിച്ച് ഞാൻ പറഞ്ഞിരുന്നു. എന്നാൽ, അവർ കൊടുക്കുന്ന ചന്ദ വളരെ കുറവായിരിക്കും. പൊതുവെ ജമാഅത്ത് ദൈവികാനുഗ്രഹത്താൽ വളരെ ആസൂത്രിതമായ പദ്ധതിയോടുകൂടിയാണ് ചെലവഴിക്കുന്നത്. അതിനാൽ അത്തരം കാര്യങ്ങൾ സംസാരിക്കുന്നവർ വിഷമിക്കേണ്ടതില്ല. ചന്ദ കൊടുക്കാതിരിക്കാനുള്ള ഒഴികഴിവുകൾ തിരഞ്ഞുനടക്കുന്നതിനു പകരം, നിങ്ങളുടെ കടമകൾ നിറവേറ്റുകയാണ് വേണ്ടത്.

ചന്ദ കൊടുക്കാനുള്ള ആഹ്വാനം എപ്പോഴും ജമാഅത്തിൽ ഉണ്ടാകും. ഉണ്ടായിക്കൊണ്ടേയിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖുർആന്റെ പാഠമനുസരിച്ച് നമ്മോടു പറഞ്ഞതുപോലെ ഈമാനെ പ്രബലപ്പെടുത്തുന്നതിന് ഇത് അത്യാവശ്യമാണ്. ലോകത്തുള്ള എല്ലാ ആസൂത്രിത പദ്ധതിയും നടപ്പിൽ വരുത്തുവാൻ ധനം ആവശ്യമാണ്. അതിന് വളരെ വലിയ ബന്ധമുണ്ട്. മതത്തിന്റെ ശക്തിക്കായി ധനം ചെലവഴിക്കപ്പെടുന്ന ഈ ആസൂത്രിത പദ്ധതിയിൽ ചേർന്നുകൊണ്ട് അത് ചെലവഴിക്കുന്നവർക്ക് അവരുടെ ഭയവും ദുഃഖവും അകലുമെന്ന് അല്ലാഹു ഉറപ്പു നല്കുന്നു. അതിനുള്ള പ്രതിഫലവും അല്ലാഹുവിന്റെ പക്കലുണ്ട്. ആ പ്രതിഫലത്തിന് അതിരില്ല. ഇതിനേക്കാൾ ഉത്തമമായ നിലയിൽ ധനം എവിടെ ചെലവഴിക്കപ്പെടാനാണ്. ചന്ദ നല്കുന്ന ഓരോരുത്തരും ദീനിന്റെ പ്രചാരണത്തിനായി നല്കുന്നു എന്ന ഉദ്ദേശ്യത്തോടെ നല്കുമ്പോൾ, അവൻ അവന്റെ പ്രതിഫലം നേടിയെടുത്തു. അത് ചെലവഴിക്കുന്നതും ശരിയായ രീതിയിലായിരിക്കും. ഇനി എവിടെയെങ്കിലും അല്പം ബലഹീനതയുണ്ടായാൽ തന്നെ, ചന്ദ കൊടുക്കുന്നവർക്ക് എന്തായാലും പ്രതിഫലം കിട്ടിക്കഴിഞ്ഞു. അതുകൊണ്ട് ഏതെങ്കിലും അഹ്മദിയുടെ മനസ്സിൽ ഞെരുക്കം ഉണ്ടായിട്ടുണ്ടെങ്കിൽ അയാൾ അത് അകറ്റുകയും അല്ലാഹുവിന്റെ സന്തോഷം കരസ്ഥമാക്കാൻ ശ്രമിക്കുകയും ചെയ്യുക.

അല്ലാഹു മനുഷ്യന്റെ ഇഷ്ടത്തിന് വിട്ടുകൊണ്ട് അവന് പ്രതിഫലം കണക്കില്ലാതെ നല്കുന്നു. നിർബന്ധമായും ഇത്ര നല്കണമെന്ന് പറയുന്നില്ല. മനുഷ്യന്റെ ഇഷ്ടത്തിനു വിട്ടുകൊണ്ട്, ചെലവഴിക്കുകയാണെങ്കിൽ അതിന്റെ പ്രതിഫലം നല്കുമെന്ന് അതിനോടൊപ്പം പറയുകയും ചെയ്യുന്നു. ചെലവഴിക്കുന്ന ആളിന്റെ ഉദ്ദേശ്യം നല്ലതായിരിക്കണമെന്നു മാത്രം. ഇതിനേക്കാൾ കൂടുതൽ ലാഭകരവും നല്ലതുമായ മറ്റെന്ത് കച്ചവടമാണുള്ളത്. ഇന്ത്യയിലെ ജമാഅത്തുകളോടും ഞാൻ പറയാനാഗ്രഹിക്കുകയാണ്, നിങ്ങൾക്ക് ഞാൻ പറഞ്ഞതുപോലെ എല്ലാ സൗകര്യവും ലഭിക്കുന്നുണ്ട്, തർബിയ്യത്തുപരവും തബ്ലീഗ് പരവുമായ പരിപാടികൾക്ക് ഇനിയും സാധ്യതകൾ നിലവിലുണ്ട്. പക്ഷേ, എത്രത്തോളം പ്രവർത്തനം അവിടെ നടക്കണമോ അത് നടക്കുന്നില്ല. അതുകൊണ്ട് ഈ ഭാഗത്തേക്ക് പുതിയ ആവേശത്തോടും ഉത്സാഹത്തോടും കൂടി ശ്രദ്ധിക്കുക.

## മങ്ങാത്ത ജ്യോതിസ്സ്

**അലിഹസ്സൻ തെന്നല**

മഹനീയമാം മണ്ണിൻ മുറ്റത്ത് ഒളിദീപം
തെളിയിച്ച സൗരഭ്യതാരകമേ
മന്നാൻ വിധിവന്നൂ ദുഃഖത്തിൻ ഭാണ്ഡവും
നമ്മിൽ തന്നുള്ള പൂമലരേ.
മായാതോർമ്മകൾ മനസ്സുള്ളിലെന്നും
ആടിയുലയുന്നൂ ആ മനസ്സിൻ
മങ്ങാത്ത ദീപമായ് ശോഭിച്ചുനിൽക്കുന്ന
എ.പി. കുഞ്ഞാമു മഹോന്നതരേ.
ജീവിതം സർവ്വവും അർപ്പിച്ചു ദീനിന്നായ്
ത്യാഗത്തിൻ ഭാരം ചുമന്നവരേ
ജീവന്റെ ജീവനാം ദീനിന്നുവേണ്ടിയായ്
ഊണും ഉറക്കവും ഒഴിച്ചവരേ.

# ബർലിൻ പള്ളി എതിർക്കപ്പെടുന്നത്..

**അൽഹഖ് ന്യൂസ് ഡസ്ക്ക്**

ഈസ്റ്റ് ബർലിനിലെ ആദ്യത്തെ മുസ്‌ലിം ആരാധനാലയത്തിന് ഖലീഫത്തുൽ മസീഹ് ഖാമിസ് ഈയ്യിടെ തറക്കല്ലിട്ടിരുന്നു. നീണ്ടുനിന്ന പ്രതിഷേധങ്ങളുടേയും നിയമക്കുരുക്കുകളുടേയും ഇടയിലൂടെ ബർലിൻപള്ളി ഉയരുമ്പോൾ ചർച്ചചെയ്യപ്പെടുന്നത് പള്ളിക്കെതിരായ പ്രതിഷേധങ്ങളുടെ ജനനവും രൂപാന്തരവുമാണ്. ഇത് അഹ്മദിയ്യാ വിരുദ്ധം എന്നതിലുപരി മുസ്‌ലിം വിരുദ്ധമാണ്. അടിസ്ഥാനപരമായ നിലപാടുകളിൽ മുസ്‌ലിം ജനസാമാന്യത്തിന്റെ ശീലങ്ങൾ തെറ്റിദ്ധരിക്കപ്പെട്ടപ്പോഴുണ്ടായ മാനസികപ്രശ്നമാണിത്. യൂറോപ്പിലാകമാനം ഇങ്ങനെയൊരു പൊതുവികാരം നിലനിൽക്കുന്നുണ്ട്.

ഈസ്റ്റ് ബർലിൻ പള്ളി ഉയരുന്നത് പഴയ കമ്മ്യൂണിസ്റ്റ് അധീനകേന്ദ്രത്തിലാണെന്നതോർക്കണം. മതാതീതമായ കാഴ്ചപാട് ഇവിടെ പ്രതീക്ഷിക്കപ്പെട്ടേക്കാം. എന്നാൽ, കമ്മ്യൂണിസത്തിന്റെ സത്ത വെറും പുറംമോടിയായിരുന്നു എന്ന് ഇപ്പോൾ തിരിച്ചറിയാം. കമ്മ്യൂണിസം ഒരു വിശ്വാസമായിരുന്നില്ല. മറിച്ച്, അടിച്ചേൽപ്പിക്കപ്പെട്ട വ്യവസ്ഥയായിരുന്നു. അതുകൊണ്ടുതന്നെ മാർക്സും ഇതര കമ്മ്യൂണിസ്റ്റ് പ്രത്യയ ശാസ്ത്രകാരന്മാരും വിഭാവനം ചെയ്ത പോലെ ജനങ്ങളുടെ സാമൂഹിക ജീവിതത്തെ സ്വാധീനിക്കാൻ ഏറെയൊന്നും അതിന് കഴിഞ്ഞിരുന്നില്ല. സ്വാഭാവികമായും മതപരമായി ക്രിസ്ത്യൻ വിശ്വാസം തന്നെ പടിഞ്ഞാറൻ ജർമ്മൻജനത പുലർത്തിപ്പോന്നു. ചുരുക്കത്തിൽ ഭരണകൂടം കമ്മ്യൂണിസ്റ്റ് വൽകൃതമാവുകയും വ്യവസ്ഥയുടെ നടപടികൾ സാങ്കേതികമായി കമ്മ്യൂണിസ്റ്റ് നയങ്ങൾ പിന്തുടരുകയും ചെയ്തു. എന്നാൽ ജനങ്ങളുടെ ആത്മീയ-ധാർമ്മിക ചിന്തകളിൽ കമ്മ്യൂണിസം പരാജയപ്പെട്ടു.

ഇത്തരമൊരു പശ്ചാത്തലത്തിലാണ് ജർമ്മനിയുടെ പ്രത്യേകമായും, യൂറോപ്പിന്റെ പൊതുവായുള്ള മുസ്‌ലിം വിരുദ്ധത കടന്നുവരുന്നത്. സെപ്തംബർ 11, 2001-നുശേഷം ഇസ്‌ലാമിക ചിഹ്നങ്ങളോടുള്ള സമീപനം കർക്കശപ്പെടുന്നത് ജർമ്മനി പോലുള്ള രാജ്യങ്ങളിൽ വിവിധതലങ്ങളിലൂടെയാണ്. ഈ സമീപനം മുസ്‌ലിംകൾ കക്ഷിയാകുന്ന ഏത് സംഭവങ്ങളിലും പ്രതഫലിക്കുന്നുമുണ്ട്. ഇത്തരമൊരു പ്രതിഫലനമാണ് ബെർലിനിലെ അഹ്മദിയ്യാ പള്ളിയെ എതിർക്കുന്ന സമീപസ്ഥരും അല്ലാത്തവരുമായ ജർമ്മൻകാരുടെ വികാരങ്ങൾ.

പർദ്ദ ധരിച്ചെത്തിയ അഹ്മദി സ്ത്രീകളെ ഉദാഹരിച്ചുകൊണ്ടുതന്നെ ജർമ്മൻ പ്രതിഷേധക്കാർ അവരുടെ ആശയപരമായ തെറ്റിദ്ധാരണ പുറമെ കാണിക്കുന്നുണ്ട്. ബർലിൻ സ്വദേശി റോളൻണ്ട് ഹെന്നിങ്ങ് പറയുന്നു. “ഈ പള്ളി അനുവദിക്കപ്പെട്ടാൽ സ്ത്രീകളെ തരംതാഴ്ത്തുന്നതും ജനാധിപത്യമൂല്യങ്ങളെ നിരസിക്കുന്നതുമായ ചിന്താഗതി നമ്മുടെ സമൂഹത്തിൽ പടർന്നുപിടിക്കും. പർദ്ദ ധരിച്ചെത്തുന്നതിനെ ഇക്കൂട്ടർ കാണുന്നത് വസ്ത്രം എന്ന നിലയിലുള്ള കവചമായിട്ടല്ല. മറിച്ച്, അടിമത്തത്തിന്റെ ചിഹ്നമായിട്ടാണ്. വേഷം ഒരാളുടെ വ്യക്തിപരമായ സ്വാതന്ത്ര്യമാകുമ്പോൾ ദേഹം മുഴുവൻ മൂടുന്ന വസ്ത്രം ധരിക്കുന്നത് ഭീഷണിയുടെയോ പീഡനത്തിന്റേയോ അനന്തരഫലമായാണെന്ന് പാശ്ചാത്യർ വിശ്വസിക്കുന്നുണ്ട്. ജർമ്മനി, ഫ്രാൻസിനെ പിന്തുടർന്ന് പർദ്ദയെ സ്കൂളുകളിലും ഓഫീസുകളിലും വിലക്കുന്നത് ഇതോട് ചേർത്തുവായിക്കാം. സ്ത്രീശരീരത്തിന്റെ ലൈംഗികവും, വികാരോദ്ദീപനപരവു

*(ശേഷം 10-ാം പേജിൽ)*

## ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ് കേരള അറിയിപ്പ്

ഖിലാഫത്ത് ജൂബിലി ആകുമ്പോഴേക്കും 25 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാനുള്ള പരിശ്രമത്തിലാണ് ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ് കേരള. ഇതിന്റെ ആദ്യഘട്ടമായി മൂന്ന് പുസ്തകങ്ങൾ 11.02.07-ന് ഞായറാഴ്ച കണ്ണൂരിൽവച്ച് പ്രകാശനം ചെയ്യുകയുണ്ടായി. 2007 മാർച്ച് അവസാനമാകുമ്പോഴേക്കും 8 പുസ്തകങ്ങൾകൂടി പ്രസിദ്ധീകരിക്കുവാനുള്ള തീവ്രശ്രമത്തിലാണ്. ഇതിന് ഞങ്ങൾക്ക് കൂട്ടായി നിങ്ങളുടെ പ്രാർത്ഥന എപ്പോഴും ഉണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

പുതുതായി പ്രസിദ്ധീകരിച്ചതും പ്രസിദ്ധീകരിക്കുന്നതുമായ പുസ്തകങ്ങളിൽ കുട്ടികളുടെ പഠനാവശ്യത്തിനുള്ളതൊഴിച്ച് ബാക്കി എല്ലാ പുസ്തകങ്ങളും 50% ഡിസ്കൗണ്ട് (നിബന്ധനകൾക്ക് വിധേയമായി) ജമാഅത്തുകൾക്കും, മറ്റു ഏജൻസികൾക്കും നൽകുന്നതാണ്. കണ്ണൂർ, കോഴിക്കോട്, എറണാകുളം എന്നീ സ്ഥലങ്ങളിൽ ബുക്ക് ഡിപ്പോകൾ ആരംഭിക്കുവാൻ പബ്ലിക്കേഷൻ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. മറ്റേതെങ്കിലും സ്ഥലങ്ങളിൽ ഡിപ്പോകൾ ആരംഭിക്കുവാൻ സൗകര്യമുള്ള ജമാഅത്തുകൾ സന്നദ്ധമാവുകയാണെങ്കിൽ അതിനുവേണ്ടുന്ന സഹായങ്ങൾ പബ്ലിക്കേഷൻ ഡിപ്പാർട്ട്മെന്റ് അതിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യുന്നതാണ്. (ഇൻശാഅല്ലാഹ്)

<u>**ഇപ്പോൾ പ്രസിദ്ധീകരിച്ച പുസ്തകങ്ങളും അവയുടെ വിലകളും താഴെ ചേർക്കുന്നു.**</u>

| | | |
|---|---|---|
| **1. ഇസ്‌ലാം പ്രബുദ്ധതയുടെ മതം** | **എൻ. അബ്ദുർറഹീം സാഹിബ്** | **80.00** |
| **2. ഹദ്റത്ത് അഹ്മദ്(അ) (കുട്ടികളെ ഉദ്ദേശിച്ചുള്ളത്)** | **എച്ച് ശംസുദ്ദീൻകാവശ്ശേരി** | **20.00** |
| **3. ഇസ്‌ലാമിക പാഠാവലി 1-ാം ഭാഗം** | **വിവ: മൗലവി മുഹമ്മദ് അബുൽവഫാസാഹിബ്** | **10.00** |

<u>**മൂന്ന് ബുക്ക് ഡിപ്പോകളും ഫോൺനമ്പറും താഴെ ചേർക്കുന്നു**</u>

1. കണ്ണൂർ: അഹ്മദിയ്യാ മുസ്‌ലിം കോംപ്ലക്സ്, ഫോർട്ട് റോഡ്- 0497 3202308
2. കോഴിക്കോട്: അഹ്മദിയ്യാ മുസ്‌ലിം ബുക്സ്റ്റാൾ, ബൈത്തുൽഖുദ്ദൂസ്- 0495 6520733
3. എറണാകുളം: അഹ്മദിയ്യാ മുസ്‌ലിം മിഷൻ, സെന്റ് ബെനഡിക്ട് റോഡ്, എറണാകുളം നോർത്ത്- 9447783875

*കൂടുതൽ വിവരങ്ങൾ അറിയുവാൻ താല്പര്യമുള്ളവർ താഴെ കാണുന്ന ഫോൺനമ്പറിൽ അഡ്മിനിസ്ട്രേറ്റർ ശറഫുദ്ദീൻ സാഹിബുമായി ബന്ധപ്പെടുക.*

ടി. ശറഫുദ്ദീൻ 9846876867; 0497 3202308; 0497 3202142 (റസി)
പ്രൊഫ. മഹ്മൂദഹ്മദ്, ചെയർമാൻ: 9447485136; 0497 2876406 (റസി)

(9-ാം പേജിൽ നിന്ന്)

മായ സാധ്യതകളെ പരിമിതപ്പെടുത്തുന്ന ഒന്നാണ് പർദ്ദയെന്ന സാമാന്യ ബോധം പാശ്ചാത്യർക്കിടയിൽ ഇനിയുമെത്തിയിട്ടില്ല. സ്ത്രീ സ്വാതന്ത്ര്യത്തിന്റെ വ്യാപ്തി പർദ്ദക്കുള്ളിൽ തിരുകിയിടുന്ന ഇരുണ്ട സംസ്കാരമായി ഇസ്ലാമിനെ ഇക്കൂട്ടർ ചിത്രീകരിക്കുന്നു.

മറ്റൊരു വശത്ത് ഇസ്ലാം എന്നത് ജനാധിപത്യവിരുദ്ധമായ വിശ്വാസ പ്രമാണമായും ചിത്രീകരിക്കപ്പെടുന്നുണ്ട്. സെപ്തംബർ 11 മുതൽ ലണ്ടനിലും മാഡ്രിഡിലും നടന്ന ബോംബ് സ്ഫോടനങ്ങൾവരെ ഈ വിശ്വാസം ന്യായീകരിക്കാനുള്ള ഉപാധികളായി മാറുന്നു. ഡെന്മാർക്കിലെ കാർട്ടൂണിനെതിരായുള്ള അക്രമങ്ങൾ, പോപ്പിന്റെ വിവാദപ്രസംഗത്തിനെതിരെയുള്ള പ്രതിഷേധം തുടങ്ങി ഒട്ടനവധി കാര്യങ്ങൾ ചർച്ച ചെയ്യപ്പെടുന്നത് ഈയ്യൊരു കണ്ണിലൂടെയാകുന്നു. വിഷയം (നല്ലതോ ചീത്തയോ) അവതരിപ്പിക്കാനുള്ള സ്വാതന്ത്ര്യം, അതിനെ അഭിപ്രായപ്രകടനസ്വാതന്ത്ര്യമെന്നോ, അവതരണത്തിനുള്ള സ്വാതന്ത്ര്യമെന്നോ വിശേഷിപ്പിക്കാം. സാംസ്കാരികമായ ഉന്നമനത്തിനുള്ള അളവുകോലായി ഗണിക്കപ്പെടുന്നുണ്ട്. ഈ സ്വാതന്ത്ര്യങ്ങളെ സംബന്ധിക്കുന്ന ഏതു പ്രതിഷേധവും തീർത്തും ജനാധിപത്യവിരുദ്ധമായി ചിത്രീകരിക്കുകയാണ്. ഇക്കാര്യങ്ങളൊക്കെ പരിഗണിച്ചാവണം പോപ്പ് ബെനഡിക്ട് 16-ന്റെ മുസ്ലിം വിരുദ്ധ പ്രസംഗത്തെ ജർമ്മനിയിലെ പ്രശസ്തമായ ട്യൂബിജഗെൻ യൂണിവേഴ്സിറ്റി 'ഈ വർഷത്തെ പ്രസംഗ'മായി തിരഞ്ഞെടുത്തത്.

ജനങ്ങൾക്കിടയിൽ മാത്രമല്ല ഭരണാധികാരികൾക്കിടയിലും മുസ്ലിംവിരുദ്ധ മനോഭാവം വേരുപിടിച്ചു വരികയാണ്. ഹോളണ്ടിലെ യാഥാസ്ഥിതികനായ ഇമിഗ്രേഷൻ മന്ത്രി റീത്ത വെർഡോൺക് മുസ്ലിം നേതാക്കളുമൊത്തുള്ള 'ചായകുടി ചർച്ച'കളെ നിറുത്തുവാനുള്ള സമയമായെന്ന് ഈയ്യിടെ അഭിപ്രായപ്പെട്ടിരുന്നു. ബ്രിട്ടനിലെ മുൻമന്ത്രി ജാക്ക്സ്ട്രോ മുസ്ലിംവനിതകളുടെ പർദ്ദാധാരണത്തെ 'വിവേചനത്തിന്റേയും വേർതിരിവിന്റേയും പ്രത്യക്ഷ പ്രസ്താവന' എന്നാണ് വിശേഷിപ്പിച്ചത്. ബൾഗേറിയ, സ്വീഡൻ, ഹോളണ്ട് തുടങ്ങിയ രാജ്യങ്ങളിലും ഇസ്ലാമിക വിരുദ്ധനയങ്ങൾ ശക്തിപ്പെട്ടുവരികയാണ്.

ചുരുക്കത്തിൽ ബർലിനിലെ അഹ്മദിയ്യാ വിരോധം, പൊതുവേയുള്ള മുസ്ലിംവിരുദ്ധ വികാരങ്ങളുടെ ഭാഗമാണ്. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനെപ്പോലും യാഥാസ്ഥിതികമെന്നാണ് യൂറോപ്യൻ മാധ്യമങ്ങൾ വിലയിരുത്തുന്നത്. യൂറോപ്പിന്റെ സാംസാകാരികവും സാമൂഹികവുമായ അളവുകോലുകൾ മുസ്ലിം വിശ്വാസങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ സ്വാഭാവികമായ ഒരു പാരസ്പര്യം ഉണ്ടാകുന്നില്ല. ഇത് വലിയ തെറ്റിദ്ധാരണകൾ സൃഷ്ടിക്കുന്നു. ഈ അബദ്ധധാരണകൾക്കും വിവാദങ്ങൾക്കും വ്യത്യസ്ത ഇസ്ലാമിക വിഭാഗങ്ങളുടെ ചെയ്തികൾ വലിയ പിൻബലമാകുന്നു. ഇതിനൊക്കെ പുറമെ യൂറോപ്പിൽ മുസ്ലിം വിശ്വാസങ്ങൾ സാർവ്വത്രികമായി പ്രചരിപ്പിക്കപ്പെട്ടേക്കാം എന്ന ആശങ്കയുമുണ്ട്. ജനസംഖ്യാപരമായും വിശ്വാസപരമായുമുള്ള മുസ്ലിംകളുടെ ഏകോപനം സുതാര്യമാക്കി മാറാത്തതും വലിയ പ്രശ്നം സൃഷ്ടിക്കുന്നു.

# 'ഇസ്ലാം പ്രബുദ്ധതയുടെ മതം' പ്രകാശനം ചെയ്തു

സ്വന്തം ലേഖകൻ



ഫോട്ടോ: റോഷൻ

**കണ്ണൂർ, ഫെബ്രുവരി 11:** കേരളം കണ്ട പ്രമുഖ പത്രപ്രവർത്തകനും അഹ്മദിയ്യാ മലയാള സാഹിത്യത്തിലെ കുലപതിയുമായിരുന്ന മർഹൂം എൻ. അബ്ദുർ റഹീം സാഹിബ് യു.കലാനാഥന് മറുപടി നല്കിക്കൊണ്ട് പ്രസിദ്ധീകരിച്ച 'ഇസ്ലാം ബുദ്ധിജീവികളുടെ മതം' എന്ന ഗ്രന്ഥത്തിന്റെ രണ്ടാം പതിപ്പ് ഇസ്ലാം പ്രബുദ്ധതയുടെ മതം' എന്ന പേരിൽ പുനഃപ്രകാശനം ചെയ്തു. കണ്ണൂർ അഹ്മദിയ്യാ മുസ്ലിം മിഷൻ കോംപ്ലക്സിലെ ഡോ. മൻസൂർ ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ കണ്ണൂർ പ്രസ്സ് ക്ലബ്ബ് പ്രസിഡന്റും മാതൃഭൂമി കണ്ണൂർ ബ്യൂറോ ചീഫുമായ ശ്രീ പി.പി. ശശീന്ദ്രനാണ് പ്രകാശനകർമ്മം നിർവ്വഹിച്ചത്. ഫസ്ലെ ഉമർ എഡ്യുക്കേഷണൽ ബോർഡ് സെക്രട്ടറി അഹ്മദ് ഹസ്സൻ സാഹിബ് ആദ്യ പ്രതി ഏറ്റുവാങ്ങി.

പൊതുരംഗത്ത് സജീവമായി പ്രവർത്തിക്കുമ്പോഴും തന്റെ വിശ്വാസങ്ങൾക്കു വേണ്ടി എന്നും പടപൊരുതിയ വ്യക്തിയാണ് എൻ. അബ്ദുർറഹീം സാഹിബെന്ന് അദ്ദേഹത്തോടൊപ്പം പത്രപ്രവർത്തനം നടത്തിയ ശ്രീ. ശശീന്ദ്രൻ പറഞ്ഞു. ജനറൽ സിയാ ഉൾഹഖ് വിമാന സ്ഫോടനത്തിൽ മരിച്ചപ്പോൾ അതാണ് ദൈവത്തിന്റെ വിധി എന്നും മറ്റാരെയും അതിന് കുറ്റപ്പെടുത്തേണ്ട എന്നും റഹീം സാഹിബ് പറഞ്ഞത് അദ്ദേഹം അനുസ്മരിച്ചു.

ഇതോടൊപ്പം മർഹൂം മൗലാനാ മുഹമ്മദ് അബുൽ വഫാസാഹിബിന്റെ ഇസ്ലാമിക പാഠാവലി ഒന്നാംഭാഗം, മൗലവി എച്ച്. ശംസുദ്ദീൻ സാഹിബ് രചിച്ച ഹദ്റത്ത് അഹ്മദ്(അ) (കുട്ടികൾക്ക് വേണ്ടിയുള്ളത്) എന്നീ പുസ്തകങ്ങളും പ്രകാശനം ചെയ്തു. ഈ രണ്ട് കൃതികളും കണ്ണൂർ മേഖലാ അമീർ എൻ. കുഞ്ഞഹ്മദ് മാസ്റ്റർ സാഹിബിന് നൽകിക്കൊണ്ട് ചീഫ് മിഷണറി മൗലാനാ മുഹമ്മദ് ഉമർ സാഹിബാണ് പ്രകാശനം ചെയ്തത്.

ചടങ്ങിൽ അൻസാറുല്ലാ സംസ്ഥാന നാസിം പി.പി. നാസിറുദ്ദീൻ സാഹിബ്, ഖുദ്ദാമുൽ അഹ്മദിയ്യാ നോർത്ത് ഇലാഖാ ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ്, എം.അബ്ദുർറഹ്മാൻ സാഹിബ്, കണ്ണൂർ ജമാഅത്ത് പ്രസിഡന്റ് ബി. അബ്ദുസ്സലാം സാഹിബ്, കണ്ണൂർ-കാസർഗോഡ് ജില്ലാ ഖാഇദ് പി. ശഫി അഹ്മദ് സാഹിബ് എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി. പബ്ലിക്കേഷൻവിഭാഗം ചെയർമാൻ പ്രൊഫ. ബി. മഹ്മൂദഹ്മദ് സാഹിബ് അധ്യക്ഷനായിരുന്നു. മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് പുസ്തകാവലോകനം ചെയ്തു. ചടങ്ങിൽ പ്രസിദ്ധീകരിക്കപ്പെട്ട മൂന്ന് പുസ്തകങ്ങളുടെയും ഉള്ളടക്കം ഹ്യസ്വമായി വിശദീകരിച്ച ഇസ്മായീൽ സാഹിബ് അടുത്ത മാർച്ചോടു കൂടി പുറത്തിറക്കാനാഗ്രഹിക്കുന്ന പുസ്തകങ്ങളെ സംബന്ധിച്ചുകൂടി പറയുകയും അതിനായി പ്രാർത്ഥിക്കാൻ അപേക്ഷിക്കുകയും ചെയ്തു.

ടി. ശംസുദ്ദീൻ സാഹിബ് ഖുർആൻ പാരായണം നടത്തി. പബ്ലിക്കേഷൻ വകുപ്പ് അഡ്മിനിസ്ട്രേറ്റർ ടി. ശറഫുദ്ദീൻ സാഹിബ് സ്വാഗതവും ഫിനാൻഷ്യൽ സെക്രട്ടറി ഡോ. പി. മുസഫർ അഹ്മദ് സാഹിബ് നന്ദിയും പറഞ്ഞു.

# ബ്രിട്ടീഷ് മനുഷ്യാവകാശ കമ്മിഷൻ റിപ്പോർട്ട്

**അൽഹഖ് ന്യൂസ് ഡസ്ക്ക്**

**മു**തിർന്ന ബ്രിട്ടീഷ് പാർലമെന്റേറിയൻ ലോർഡ് ഏവ്ബറിയുടെ നേതൃത്വത്തിലുള്ള ബ്രിട്ടീഷ് പാർലമെന്റിന്റെ മൂന്നംഗ മനുഷ്യാവകാശ കമ്മീഷൻ 2006 അവസാനം പാക്കിസ്ഥാനിൽ പര്യടനം നടത്തുകയുണ്ടായി. ഈ പര്യടനത്തിൽ കണ്ടകാര്യങ്ങൾ കമ്മീഷനംഗങ്ങൾ റിപ്പോർട്ടാക്കി ബ്രട്ടീഷ് പാർലമെന്റ് മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ട്. ജനറൽ മുഷറഫിന്റെ പല അവകാശവാദങ്ങളും പൊള്ളയാണെന്ന് ഈ റിപ്പോർട്ട് സൂചിപ്പിക്കുന്നു. മനുഷ്യാവകാശങ്ങളെ തീരെ വിലമതിക്കാത്ത അസഹിഷ്ണുത നിറഞ്ഞു നിൽക്കുന്ന ഒരു സമൂഹമായിട്ടാണ് പാക്കിസ്ഥാനെ റിപ്പോർട്ടിൽ വിശേഷിപ്പിക്കുന്നത്. അഹ്മദികൾക്ക് നേരെയുള്ള അക്രമങ്ങളും വിവേചനങ്ങളും വർദ്ധിച്ചു വരുന്നത് റിപ്പോർട്ടിൽ പ്രത്യേകമായി പരാമർശിച്ചിട്ടുണ്ട്.

ഡോ. അബ്ദുസ്സലാമിനെയും സഫറുല്ലാഖാൻ സാഹിബിനേയും പോലെ ഒരുകാലത്ത് പാക്ക് രാഷ്ട്രീയ സാമൂഹിക മണ്ഡലങ്ങളിൽ നിറഞ്ഞുനിന്ന അഹ്മദികൾക്ക് ഇപ്പോൾ വോട്ടവകാശം പോലും നിഷേധിക്കപ്പെടുന്നുണ്ട്. മതനിന്ദാനിയമത്തിന്റെ കരാളഹസ്തത്തിൽ പെടുന്ന അഹ്മദികളുടെ എണ്ണം കൂടിക്കൂടി വരികയാണിപ്പോൾ. 2005-ൽ മാത്രം 60 പേർക്കെതിരെ മതനിന്ദാ നിയമം ഉപയോഗിക്കപ്പെടുകയുണ്ടായി. റബ്വയിൽ കമ്മീഷൻ കണ്ടകാര്യങ്ങൾ ഗൗരവാർഹമത്രെ. റബ്വ എന്ന അഹ്മദി നഗരത്തിൽ അധികൃതരുടെ പിൻബലത്തോടെ സ്ഥാപിച്ച ഖത്ത്മേ നുബുവ്വത്ത് പള്ളിയും, മദ്രസയും നിരന്തരം അഹ്മദികളുടെ മേൽ അസഭ്യം വർഷിക്കുന്നു. കമ്മീഷൻ ഈ സ്ഥാപനങ്ങളിൽ സന്ദർശനത്തിനെത്തിയപ്പോൾ അവിടുത്തെ മുല്ല 'ഖാദിയാനികൾക്ക് മരണം' എന്ന് അലറിവിളിച്ചു.

റബ്വയിൽ അഹ്മദികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ പ്രാദേശിക ഭരണകൂടം തയ്യാറല്ല. അതിനാൽ റോഡുകളും, ഓവുചാലുകളും അഹ്മദികൾതന്നെ റിപ്പയർ ചെയ്യുന്നു. റബ്വയിലെ സ്കൂളുകൾ ഭൂട്ടോയുടെ കാലത്തുതന്നെ ഗവർമ്മെന്റ് ഏറ്റെടുത്ത് ദേശസാൽക്കരിച്ചിരുന്നു. എന്നാൽ ഇവ ദേശാസാൽക്കരണത്തിൽനിന്ന് മുക്തമാക്കിയെങ്കിലും ഇപ്പോഴും ഗവർമ്മെന്റു തന്നെ കൈവശം വെച്ചിരിക്കുന്നു. ആയതിനാൽ, സൗകര്യങ്ങളും, ഉപകരണങ്ങളുമില്ലാതെ ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുരടിക്കുന്നു. ഈ നഗരത്തിലെ ഭൂമി വാങ്ങാൻ അഹ്മദികളെ ഖത്മ്മെ നുബുവ്വത്തു പോലുള്ള സംഘടനകൾ സമ്മതിക്കാറില്ല. എന്നുമാത്രമല്ല, വാടകയ്ക്ക് ലഭിക്കുന്ന അക്രമകാരികളുമായി ചേർന്ന് അഹ്മദികളുടെ സ്വത്തിനെ നശിപ്പിക്കുകയും ചെയ്യുന്നു.

കമ്മീഷന്റെ റിപ്പോർട്ടിൽ ഇനിയും ഒട്ടേറെ വിവാദവിഷയങ്ങളുണ്ട്. മാത്രമല്ല പാക്കിസ്ഥാനിൽ അഹ്മദികളെ സഹായിക്കാൻ മറ്റൊരു സംഘടനയുമില്ല എന്ന കാര്യം പ്രത്യേകം പരാമർശിക്കുന്നു. അനുഭാവം പ്രകടിപ്പിക്കുന്ന പത്ര പ്രവർത്തകർക്കാണെങ്കിൽ ഭയം കാരണം നിഷ്പക്ഷമായി പ്രവർത്തിക്കാനും സാധിക്കുന്നില്ല.

(പ്രശസ്ത പാക്ക് പത്ര പ്രവർത്തകൻ ഖാലിദ് ഹുസൈൻ തയ്യാറാക്കിയ റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം)


## എക്സിബിഷൻ അൽ-ഖുർആൻ ഇന്റർനാഷണൽ-2007

**ഫെബ്രുവരി 23 മുതൽ മാർച്ച് 9 വരെ**

**കണ്ണൂർ പോലീസ് മൈതാനിയിൽ**

- *വിശുദ്ധഖുർആനിലെ തത്ത്വരഹസ്യങ്ങളടങ്ങിയ ബോർഡുകൾ...........*
- *വിവിധ ലോകഭാഷകളിലെ ഖുർആൻ പരിഭാഷകൾ..........*
- *അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പുരോഗതി വ്യക്തമാക്കുന്ന ദൃശ്യങ്ങൾ........*
- *വീഡിയോ പ്രദർശനം..........*
- *ചർച്ചാവേദി .......*

**എക്സിബിഷൻ കാണാൻ ഏവരേയും സ്വാഗതം ചെയ്യുന്നു.**

**മജ്ലിസ് അൻസാറുല്ലാഹ്**
**കണ്ണൂർ മേഖല**


Published by Dr. Salahudheen, North Ilaqa Qaid for Majlis Khuddamul Ahmadiyya. Chief Editor - T. Sharafudheen, Editor - Shamsudheen, Kannur.